കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ബളാൽ ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
## 2017-2018

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

e-mail: doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എസ്.ഡി-10/1292/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
പിൻ -671123, ഫോൺ നം.04994256690
ഇ.മെയിൽ – doksd.ksad@kerala.gov.in
തീയതി. 07.12.2018

ഡെപ്യൂട്ടി ഡയറക്ടർ,
സംസ്ഥാന ഓഡിറ്റ് വകുപ്പ് , കാസറഗോഡ്.

പ്രസിഡന്റ് ,(സെക്രട്ടറി മുഖേന)

ബളാൽ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : ബളാൽ ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബളാൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഇ-മെയിൽ)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.കെ.എസ്.ഡി 10/1292/2018 തിയ്യതി:07.12.2018.

# കാസർഗോഡ് ജില്ലയിലെ ബളാൽ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

*****

കാസർഗോഡ് ജില്ലയിലെ ബളാൽ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-09-2017 മുതൽ 31-03-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. മഹേഷ.ബി,ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22-10-2018 മുതൽ 31-10-2018വരെ |

<u>ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ</u>

| | |
|---|---|
| ശ്രീ. ലോകേഷ് ആചാരി.ബി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. വിനോദ് കുമാർ.വി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.തോമസ്.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. കെ.സി.കുഞ്ഞികൃഷ്ണൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

<u>നിർവഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.രാധാമണി.എം | 1-4-2017മുതൽ 31-3-2018വരെ |
| സെക്രട്ടറി | ശ്രീ. എൻ.എ ജയരാജൻ | 01.04.2017മുതൽ 14.06.2017വരെ |
| | ശ്രീ.ദേവദാസ് .പി | 15.06.2017മുതൽ 16.08.2017വരെ |
| | ശ്രീമതി.ലാലിമാണി | 17.08.2017മുതൽ 31.03.2018വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ക്രമ.നം | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | അസിസ്റ്റന്റ്സെക്രട്ടറി | എം.ജനാർദ്ദനൻ നായർ | 15.06.2017മുതൽ 31.03.2018വരെ |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | രാജേഷ്.ബി | 01.04.2017മുതൽ 14.02.2018വരെ |
| | | ഒഴിവ് (vacant) | 15.02.2018 മുതൽ 18.02.2018വരെ |
| | | അരുണിമ ജോസ് | 19.02.2018മുതൽ 31.03.2018വരെ |

| | | | |
|---|---|---|---|
| 3 | കൃഷി ഓഫീസർ | അതുൽ ബി. മണപ്പാടൻ | 01.04.2017മുതൽ 22.09.2017വരെ |
| | | സുമ.ഡി.എൽ | 23.09.2017മുതൽ 30.12.2017വരെ |
| | | നഫീസത്ത് ഹംഷീന | 31.12.2017മുതൽ 31.03.2018വരെ |
| 4 | ICDS സൂപ്പർവൈസർ | ശരത്മ.പി.സുകുമാരൻ | 01.04.2017മുതൽ 31.03.2018വരെ |
| 5 | വി.ഇ.ഒ (ബളാൽ) | രാജു.കെ.എസ് | 01.04.2017മുതൽ 31.03.2018വരെ |
| | വി.ഇ.ഒ (മാലോം) | ജേക്കബ്ബ് ഉലഹന്നാൻ | 01.04.2017മുതൽ 31.03.2018വരെ |
| 6 | പ്രധാനാധ്യാപകൻ | ഉസൈമത്ത്. | 01.04.2017മുതൽ 31.03.2018വരെ |
| 7 | വെറ്റിനറി സർജ്ജൻ | ഡോ.ടിറ്റോ ജോസഫ് | 01.04.2017മുതൽ 31.03.2018വരെ |
| 8 | മെഡിക്കൽ ഓഫീസർ (ഹെൽത്ത്) | ഡോ.ജയന്തി.എം | 01.04.2017മുതൽ 10.09.2017വരെ |
| | | ഡോ.ഹൃദ്യ.ടി.എം | 11.09.2017മുതൽ 07.02.2018വരെ |
| | | ഡോ.ജയന്തി.എം | 08.02.2018മുതൽ 31.03.2018വരെ |
| 9 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഡോ.രഞ്ജുഷ.പി | 01.04.2017മുതൽ 31.03.2018വരെ |
| 10 | മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.പ്രബിത.വി.പി | 01.04.2017മുതൽ 26.05.2017വരെ |
| | | ഡോ.നമിത.എസ് | 27.05.2017മുതൽ 27.09.2017വരെ |
| | | ഡോ.വിപിൻരാജ്.പി.കെ | 28.09.2017മുതൽ 27.10.2017വരെ |
| | | ഡോ.അഞ്ജു.സി | 28.10.2017മുതൽ 31.03.2018വരെ |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | ജോസ് ജയകുമാർ | 01.04.2017മുതൽ 31.03.2018വരെ |

## ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |

| | | |
|---|---|---|
| 7 | തനത് വരുമാനം. | 1-7 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-8 |
| 9 | ക്ഷേമ പദ്ധതികൾ | 1-9 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 |
| 11 | ആഭ്യന്തരനിയന്ത്രണം. | 1-11 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 13 | ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി മിനിട്സിൽ 04/17മുതൽ 08/17 വരെയുള്ള യോഗവിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. | 2-1 |
| 14 | ചെക്ക് തുക അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. | 2-2 |
| 15 | രസീത് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 2-3 |
| 16 | തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 2-4 |
| 17 | ഡി.&ഒ ലൈസൻസ് അപാകതകൾ. | 2-5 |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 18 | ബളാൽ കമ്മ്യൂണിറ്റി ഹാളിന് ചുറ്റമതിൽ നിർമാണവും ഇന്റർലോക്ക് ടൈലുകൾ പാകലും- അധികച്ചെലവ് | 3-1 |
| 19 | റോഡ് റീടാറിംഗ് പ്രവൃത്തി- ടെണ്ടർ കിഴിവ് വരുത്തിയതിലുള്ള പിശക്- നഷ്ടം | 3-2 |
| 20 | പ്രവൃത്തി നിർവഹണത്തിലെ കാലതാമസം- പൊതു മരാമത്ത് മാന്വലിലെ നിർദേശങ്ങളും കരാർ വ്യവസ്ഥകളും പാലിക്കുന്നില്ല. | 3-3 |
| 21 | പൊളിച്ചു മാറ്റി സ്റ്റാക്ക് ചെയ്ത സാമഗ്രികൾ എന്തു ചെയ്തുവെന്ന് വ്യക്തമല്ല | 3-4 |
| 22 | നിർമാണ പ്രവൃത്തികൾ നടത്തുന്നതിനു മുമ്പ് സ്ഥലത്തിന്റെ ഉടമസ്ഥത പഞ്ചായത്ത് കരസ്ഥമാക്കിക്കാണുന്നില്ല. | 3-5 |
| 23 | തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് ക്രൂസിൽ തുക നിക്ഷേപിച്ചത് - നാളിതുവരെ തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടില്ല. | 3-6 |
| 24 | ബസ്റ്റാന്റ് കം ഷോപ്പിങ്ങ് കോംപ്ലക്സിന് സ്ട്രക്ച്ചറൽ ഡിസൈൻ , എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കൽ- ടെണ്ടർ നടപടികൾസ്വീകരിച്ചിട്ടില്ല. | 3-7 |
| 25 | ഗ്രാമ പഞ്ചായത്ത് ഓഫീസിന്റേയും, ജീവനക്കാരുടേയും ഇൻകം ടാക്സ് റിട്ടേൺ യഥാസമയം ഫയൽ ചെയ്യാത്തത് സംബന്ധിച്ച്. | 3-8 |
| 26 | ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനിയറുടെ തസ്തികയിൽ ഒഴിവ് നികത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 3-9 |

| | | |
|---|---|---|
| | | |
| 27 | കൃത്യമായ വർക്ക് ഓർഡർ നല്കാതെ പ്രിന്റിങ്ങ് ജോലികൾക്ക് തുക അനുവദിക്കുന്നു | 3-10 |
| 28 | കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയത് -സ്റ്റോക്ക് -വിതരണ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | 3-11 |
| 29 | ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 3-12 |
| 30 | ഗ്രാമ പഞ്ചായത്തിലെ കുടിവെള്ള സ്രോതസ്സുകളിൽ കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം-ഉണ്ണനിലവാര പരിശോധന റിപ്പോർട്ട് - തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. | 3-13 |
| 31 | മുറിച്ച് നീക്കിയ മരം ലേലം ചെയ്തതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. | 3-14 |
| 32 | തനത് ഫണ്ട് ഉപയോഗിച്ചുള്ള പൊതുമരാമത്ത് പ്രവൃത്തികൾ - വിവിധ നികുതിയിനങ്ങൾ സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടില്ല. | 3-15 |
| 33 | കുടിവെള്ള വിതരണം- ടെണ്ടർ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 3-16 |
| 34 | ഗ്രാമ പഞ്ചായത്ത് തല പർച്ചേസിങ്ങ് കമ്മിറ്റി-പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതാണ്. | 3-17 |
| 35 | ഗ്രാമ സഭ ജനപങ്കാളിത്തം വർദ്ധിപ്പിക്കുവാനുതകുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്. | 3-18 |
| 36 | പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങൾക്കും ക്യാരിബാഗ് വിതരണ പദ്ധതി- | 3-19 |
| 37 | ഭവന പുനരുദ്ധാരണം-( പട്ടിക വർഗ്ഗ ഗുണഭോക്താക്കൾക്ക്) | 3-20 |
| 38 | ഭവന പുനരുദ്ധാരണം-( പട്ടിക ജാതി ഗുണഭോക്താക്കൾക്ക്) | 3-21 |
| 39 | ഭവന പുനരുദ്ധാരണം-( പട്ടിക വർഗ്ഗ ഗുണഭോക്താക്കൾക്ക്)-കൂടുതൽ തുക നൽകിയത്- | 3-22 |
| 40 | ബ്ലോക്ക് പഞ്ചായത്തിനു വിഹിതം നൽകിയത് - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 3-23 |
| 41 | മഴക്കാല പൂർവ്വശുചീകരണവും പ്രതിരോധ പ്രവർത്തനത്തനം നടത്തിയതിനും തുക ചെലവഴിച്ചതിൽ - അപാകത. | 3-24 |
| 42 | പ്രൊജക്ട് നമ്പർ 78/17-18 പ്രകാരം പാലിയേറ്റീവ് ഹോം കെയറും അനുബന്ധ പ്രവർത്തനങ്ങൾക്കും തുക ചെലവഴിച്ചതിൽ -അപാകത. | 3-25 |
| 43 | മെഡിക്കൽ ഓഫീസർ,(ഹെൽത്ത്)- ആരോഗ്യ മേഖലയിൽ സമയബന്ധിതമായി മരുന്ന് ലഭിച്ചിട്ടില്ല. | 3-26 |
| 44 | ക്ഷീര കർഷകർക്ക് പാൽ അളന്നതിന് സബ്സിഡി- ചെലവ് രേഖകൾ അപൂർണ്ണം | 3-27 |
| 45 | വനിതകൾക്ക് ബ്രോയിലർ യൂണിറ്റ്- | 3-28 |
| 46 | വനിതകൾക്ക് ആട് വിതരണം | 3-29 |
| 47 | കാർഷിക മേഖലയിൽ നടപ്പാക്കിയ വിവിധ പദ്ധതികൾ -നടപടിക്രമങ്ങളിൽ | 3-30 |

| | | |
|---|---|---|
| | ന്യൂനതകൾ | |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | |
| 48 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 |
| 49 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 50 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 51 | വായ്പ , വായ്പ തിരിച്ചടവ് | 4-4 |
| 52 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 53 | ഓഡിറ്റ് റിക്കവറി | 4-6 |
| 54 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 55 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 56 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 57 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |


അനുബന്ധപത്രികകൾ

1) ഓഡിറ്റ് സർട്ടിഫിക്കറ്റ്

2) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3) റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4) ബാലൻസ് ഷീറ്റ്.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്.

2017-18 വർഷത്തെ ബജറ്റ് 28-03-2017ലെ 1(1) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു. ബജറ്റ് വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിത വരവ് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 1600000 | 3315232 |
| വരവ് | 205223000 | 97174265 |
| ആകെ | 206823000 | 100489497 |
| ചെലവ് | 205923000 | 96063537 |
| നീക്കിയിരിപ്പ് | 900000 | 4425960 |

## 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിന് ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|

| | | |
|---|---|---|
| 2017-18 | 31-07-2018 | 15-06-2018 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 29-06-2018 &30-06-2018 | കെ.എസ്.എ-കെ.എസ്.ഡി3/814/18 തി. 09-08-2018 (ഓഡിറ്റ്സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധം 1.ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.) |

വാർഷിക ധനകാര്യപത്രിക പരിശോധനവേളയിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധന സാക്ഷ്യപത്രത്തിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ 2017-18 വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിട്ടില്ല.
2. വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായമിനത്തിൽ ട്രഷറി ബിൽ.നം.1238809/ 23.3.2018 പ്രകാരം 1,80,000 രൂപ പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ തുക വാർഷിക ധനകാര്യ പത്രികയിൽ വരവിലോ ചെലവിലോ ഉൾപ്പെടുത്തിയിട്ടില്ല.
3. തൊഴിലുറപ്പ് പദ്ധതി ആകെ ചെലവായി ഇൻകം& എക്സ്പെൻഡിച്ചർസ്റ്റേറ്റ്മെന്റിൽ I-6 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക(₹3,25,49,378) പരിശോധനയ്ക്ക് ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള തുകയുമായി (₹3,16,67,414) പൊരുത്തപ്പെടുന്നില്ല.(പരിശോധനയ്ക്ക് ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം FTO തുക 3,09,30,218 രൂപയും, അഡ്മിനിസ്ട്രേഷൻ ചെലവ് 7,37,196 രൂപയും കൂടി തൻവർഷത്തെ ആകെ ചെലവ് 3,16,67,414 രൂപയാണ്)
4. പരിശോധനയ്ക്ക് ലഭ്യമാക്കിയ മാലോത്ത് സർവ്വീസ് സഹകരണബാങ്കിലുള്ള അക്കൗണ്ട് നമ്പർ 82 ന്റെ പാസ്സ് ബുക്ക് പ്രകാരം 31.3.2018 ൽ 1,057 രൂപ നീക്കിയിരിപ്പുണ്ട്.എന്നാൽ പ്രസ്തുത അക്കൗണ്ടിന്റെ വിശദാംശം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
5. 14.3.2018 ൽ ടി.എസ്.ബി അക്കൗണ്ടിൽ വരവ് വന്ന 12,500 രൂപ ( വിമുക്തി അവയർനസ്സ് പ്രൊഗ്രാം) ബന്ധപ്പെട്ട ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത തുക തൻവർഷം ചെലവഴിച്ചിട്ടില്ലയെങ്കിലും ഹെഡ്ഡ് മാറിയതിനാൽ ബാലൻസ് ഷീറ്റിൽ ബാദ്ധ്യതയിനത്തിലും പ്രസ്തുത തുകയുടെ കുറവുണ്ടായിട്ടുണ്ട്.ഇക്കാര്യം പരിശോധിച്ച് ക്രമീകരിക്കേണ്ടതാണ്.
6. ബാലൻഷീറ്റിൽ B-4 ൽ ഹെഡ്ഡ് 320300199 ൽ ബാദ്ധ്യതയിനത്തിൽ മുന്നിരിപ്പുണ്ടായിരുന്നത് 5,40,000 രൂപയാണ്. തൻവർഷം ഇതിൽ നിന്നും 2,81,262 രൂപ 320300103 എന്ന ഹെഡ്ഡിലേയ്ക്ക് മാറ്റി ക്രമീകരിച്ച് കാണുന്നു. ആയതിനുള്ള കാരണം വിശദമാക്കേണ്ടതാണ്.
7. ട്രഷറി ടി.എസ്.ബി. അക്കൗണ്ടിൽ 2018 മാർച്ച് മാസം വരവ് വന്ന ₹16,672, ₹15,376, ₹23,799, ₹65,690, ₹10,240 എന്നീ തുകകൾ (ആകെ ₹1,31,177) ഏതിനത്തിലാണെന്ന് വ്യക്താകാത്തതിനാൽ അദർ ലെയബലിറ്റീസ് എന്ന ഹെഡ്ഡിലാണ് ഉൾപ്പെടുത്തി ക്കാണുന്നത്. ഇക്കാര്യം ട്രഷറി അധികൃതരുമായി ബന്ധപ്പെട്ട് പരിശോധിക്കേണ്ടതും പഞ്ചായത്തിന് അർഹതപ്പെട്ട തുകകൾ ശരിയായ ഹെഡ്ഡിൽ തന്നെ ഉൾപ്പടുത്താനും, തെറ്റായി വരവ് വരവ് വന്ന തുകകൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കൈമാറുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.
8. രസീപ്റ്റ് &പെയ്മെന്റ് സ്റ്റേറ്റ്മെന്റിൽ RP-31ൽ 320800199 ൽ ഉൾപ്പെട്ടിട്ടുള്ള 5,20,000 രൂപയുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
9. ബാലൻസ് ഷീറ്റിൽ B-18 ൽ 30,000 രൂപ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നല്കിയ മുൻകൂറുകൾ എന്നയിനത്തിൽ കാണിച്ചിട്ടുണ്ട്. ഈ തുക 2016-17 വർഷവും ബാലൻസ് ഷീറ്റിൽ B-18 ൽ ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു. നിർവ്വഹണ ഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസർ പാലിയേററീവ് പദ്ധതിയ്ക്കായി കൈപ്പറ്റിയ 30,000 രൂപ തൻവർഷം തിരികെ ഒടുക്കിയത് വാർഷിക കണക്കിൽ RP 31 ൽ 350409901 എന്ന ഹെഡ്ഡിൽ വരവിലെടുത്തിട്ടുണ്ട്. ബാലൻസ് ഷീറ്റിൽ B-18 ൽ കാണിച്ചിട്ടുള്ള 30,000 രൂപ മേൽ തുക തന്നെയാണോയെന്ന് പരിശോധിക്കേണ്ടതാണ്.
10. ബാലൻസ്ഷീറ്റിൽ ഷെഡ്യൂൾ B-7ൽ ബാധ്യത ഇനത്തിൽ(Deposits Received) ഉൾപ്പെടുത്തിയ 1,51,747/-രൂപയുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ (ഡെപ്പോസിറ്റ് രജിസ്റ്ററടക്കം) പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ്, ആർട്ടിക്കിൾ 282 ലാപ്സ് ഓഫ് ഡെപ്പോസിറ്റ് ടു ഗവൺമെന്റ് പ്രകാരം 3 വർഷം കഴിഞ്ഞിട്ടും ക്ലൈം ചെയ്യിട്ടില്ലാത്ത എല്ലാ ഡെപ്പോസിറ്റുകളും വർഷാവസാനം മാർച്ച് മാസത്തിൽ പഞ്ചായത്ത്

ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

11. ഷെഡ്യൂൾ B-9-ൽ ബാധ്യത ഇനങ്ങളിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
12. സചിത്ര സോഫ്റ്റ് വെയർ മുഖേന ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ബി-11 ഷെഡ്യൂൾ പ്രകാരം ബാലൻസ് ഷീറ്റിൽ കാണിച്ച സ്ഥിരം ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത വ്യക്തമല്ല.
13. മാലോത്ത് സർവ്വീസ് സഹകരണ ബാങ്ക് (A/c.No.3) ന്റെ റീ-കൺസിലിയേഷൻ പത്രികയിൽ മൂന്ന് മാസത്തിലധികം പഴക്കമുള്ള ചെക്ക്.നം 70462/19.9.2017 (₹ 2,293 ) ഉം ഉൾപ്പെടുത്തിക്കാണുന്നു.
14. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ , കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല. പരിശോധനയ്ക്ക് ലഭ്യമാക്കിയ ഡിമാന്റ്, കളക്ഷൻ , ബാലൻസ് സ്റ്റേറ്റ് മെന്റിലെ തുകകൾ വാർഷികകണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
15. തൊഴിൽ നികുതി , ഡി&ഒ ലൈസൻസ് ഫീസ് എന്നീയിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളുടെ വാർഷിക സംഗ്രഹം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
16. അഡ്വാൻസ് രജിസ്റ്റർ സംഗ്രഹമെഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
17. ബാലൻസ് ഷീറ്റിലെ B-18 ഷെഡ്യൂളിലെ 460100199, 460509901 എന്നീ ഹെഡ്ഡുകളിലെ 31-3-2017 ലെ നീക്കിയിരിപ്പ് തുകകൾ പരസ്പരം മാറിയാണ് 2017-18 വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആയതിനുള്ള കാരണം വിശദമാക്കേണ്ടതാണ്.
18. കോൺട്രിബ്യൂട്ടറി പെൻഷൻ ചെലവിനത്തിൽ RP-36 ലെ 350110109, 350200199 , I-10bയിലെ 210500101 എന്നീ ഹെഡ്ഡുകളിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കേണ്ടതാണ്.

<u>വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട് ഓഡിറ്റ് വേളയിൽ ശ്രദ്ധയിൽപെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.</u>

1. വാർഷിക ധനകാര്യ പത്രിക പ്രകാരം തൊഴിലുറപ്പ് പദ്ധതി അക്കൗണ്ടിലെ നീക്കിയിരിപ്പ് 5,49,255രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതി വിഭാഗം കൈകാര്യം ചെയ്യുന്ന ചെക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരം നീക്കിയിരിപ്പ് 18,917 രൂപയുമാണ്. ചെക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരം 28-03-2018 ന് ഇഷ്യൂ ചെയ്ത 5,30,338 രൂപയുടെ ചെക്ക് യഥാസമയം സാംഖ്യയിൽ ഉൾപ്പെടുത്താതിരുന്നതിനാലാണ് ഇങ്ങനെ സംഭവിച്ചത്. മേൽ തുക 10-04-2018 ന് ബാങ്ക് അക്കൗണ്ടിൽ മാറിയിട്ടുണ്ടെങ്കിലും ഗ്രാമ പഞ്ചായത്ത് ബാങ്ക് ബുക്കിൽ രേഖപ്പെടുത്തൽ വരുത്തിയത് 10-07-2018 ന് മാത്രമാണ്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
2. നിർവ്വഹണ ഉദ്യോഗസ്ഥൻ കൃഷി ഓഫീസർ നടപ്പാക്കിയ ഹരിതകേരളം ജലസുരക്ഷ പദ്ധതിയുടെ ജില്ലാ പഞ്ചായത്ത് വിഹിതമായി 31-3-2018 ന് ലഭിച്ച പത്ത് ലക്ഷം രൂപ ട്രഷറി സംയുക്ത പദ്ധതി അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുകയും ഇതുപ്രകാരമുള്ള ചെക്ക് ട്രഷറി തനത്ഫണ്ട് അക്കൗണ്ടിൽ നിന്നും അനുവദിക്കുകയും ചെയ്തു. ട്രഷറി അക്കൗണ്ടുകൾ പരസ്പരം മാറി തുക നിക്ഷേപിക്കുകയും പിൻവലിക്കുകയും ചെയ്തത് 14-08-2018 ന് ക്രമീകരിച്ചിട്ടുണ്ട്. ഇത്തരം അപാകതകൾ ഉണ്ടാവാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-4 <u>സാമ്പത്തിക വിശകലനം</u>

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2017-18 |
|---|---|
| മുന്നിരിപ്പ് | 3315232 |
| വരവ് | 97174265 |
| ആകെ | 100489497 |
| ചെലവ് | 96063537 |
| നീക്കിയിരിപ്പ് | 4425960 |

## 1-5 ഫണ്ട് വിനിയോഗം

(എ)ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 22598000 | 22598000 | 20508555 | 2089445 | 90.75 |
| വികസനഫണ്ട് എസ്.സി.പി. | 0 | 13166954 | 13166954 | 12214695 | 952259 | 92.76 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 170931 | 170931 | 170931 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 17339000 | 17339000 | 17339000 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4806000 | 4806000 | 4574829 | 231171 | 95.19 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 9538234 | 9538234 | 6708399 | 2829835 | 70.33 |
| പെർഫോമൻസ് ഗ്രാന്റ് (KLGSDP) | 0 | 2375773 | 2375773 | 2368309 | 7464 | 99.68 |

(* വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യക്കമ്മീഷൻ ഗ്രാന്റ്, ലോകബാങ്ക് ധനസഹായം എന്നീയിനങ്ങളിലെ നീക്കിയിരിപ്പ് തുകകൾ സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടതിനാൽ ഈയിനങ്ങളിൽ നീക്കിയിരിപ്പില്ല. ലാപ്സായ തുക കണക്കാക്കുന്നതിന് വേണ്ടിയാണ് മേൽ ഇനങ്ങളിലെ നീക്കിയിരിപ്പ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് )

(ബി)ഫണ്ട് വിനിയോഗം (രസീപ്റ്റ്& പേയ്മെന്റ്പത്രിക പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 20508555 | 20508555 | 20508555 | |
| വികസനഫണ്ട് എസ്.സി.പി. | 0 | 12214695 | 12214695 | 12214695 | |
| വികസനഫണ്ട് ടി.എസ്.പി. | 0 | 170931 | 170931 | 170931 | |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 17339000 | 17339000 | 17339000 | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4574829 | 4574829 | 4574829 | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6708399 | 6708399 | 6708399 | |
| പെർഫോമൻസ് ഗ്രാന്റ് (KLGSDP) | 0 | 2368309 | 2368309 | 2368309 | |
| ബി ഫണ്ട്### | 0 | 18360 | 18360 | 18360 | |
| TSB സംയുക്ത പദ്ധതി | 0 | 3084700 | 3084700 | 3107425 | (-)22725 |
| ട്രഷറി TSB | 655391 | 9787312 | 10442703 | 11144426 | (-)701723 |
| എസ്.ബി.ഐ ഇ-പേയ്മെന്റ് | 0 | 182177 | 182177 | 811 | 181366 |
| കോർപ്പറേഷൻ ബാങ്ക്(തനത് ഫണ്ട്) | 976221 | 1305289 | 2281510 | 2168811 | 112699 |
| മാലോത്ത് സഹകരണ ബാങ്ക് (തനത് ഫണ്ട്) | 13884 | 8189202 | 8203086 | 6789480 | 1413606 |
| കോർപ്പറേഷൻ ബാങ്ക്(ജലനിധി) | 604867 | 9133068 | 9737935 | 8166786 | 1571149 |
| എസ്.ബി.ഐ (തൊഴിലുറപ്പ് പദ്ധതി ) | 15261 | 1271190 | 1286451 | 737196 | 549255 |
| കേരള ഗ്രാമീൺ ബാങ്ക് (വെസ്റ്റേൺ ഗാട്ട്) | 714 | 21 | 735 | 614 | 121 |
| കേരള ഗ്രാമീൺ ബാങ്ക് (5396-3) | 878767 | 35422 | 914189 | 95000 | 819189 |
| ജില്ലാ സഹകരണ ബാങ്ക് (SGRY) | 42938 | 2621 | 45559 | 120 | 45439 |
| മാലോത്ത് സഹകരണ ബാങ്ക് (വെസ്റ്റേൺ ഗാട്ട്) | 2849 | 114 | 2963 | - | 2963 |
| മാലോത്ത് സഹകരണ ബാങ്ക് (സാക്ഷരത) | 1771 | 71 | 1842 | - | 1842 |

| | | | | | |
|---|---|---|---|---|---|
| എസ്.ബി.ഐ (സായംപ്രഭാ ഹോം) | 0 | 280000 | 280000 | 649 | 279351 |
| ക്യാഷ് | 122569 | 0 | 122569 | (-) 50859 | 173428 |
| | 3315232 | 97174265 | 100489497 | 96063537 | 4425960 |

##വിവാഹധനസഹായം ഇനത്തിൽ തൻവർഷം വിനിയോഗിച്ച 1,80,000 രൂപയുടെ വിശദാംശങ്ങൾ വാർഷിക കണക്കിൽ രസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെടുത്തിയിരുന്നില്ല. ആയതിനാൽ മേൽ പട്ടികയിലും ചേർത്തിട്ടില്ല.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 248 | 174 | 3 | 71 | 70.16 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2017-18 വർഷ ത്തിൽ നടപ്പാക്കേ ണ്ട പദ്ധതികളുടെ വിവരം | | 2017-18 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി & അസിസ്റ്റന്റ് എഞ്ചിനിയർ | 191 | 97808496 | 125 | 40455476 | 41.36 |
| 4 | കൃഷി ഓഫീസർ | 9 | 5149900 | 9 | 3880400 | 75.34 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 17 | 17168603 | 13 | 13065830 | 76.10 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 5177452 | 6 | 3531190 | 68.20 |
| 7 | വെറ്റനറി സർജ്ജൻ | 3 | 3500000 | 3 | 2921000 | 83.45 |
| 8 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 1 | 300000 | 1 | 300000 | 100 |
| 9 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 7 | 1956486 | 7 | 1670487 | 85.38 |
| 10 | മെഡിക്കൽ ഓഫീസർ - ഹോമിയോ | 2 | 200600 | 2 | 200600 | 100 |

| | | | | | | |
|---|---|---|---|---|---|---|
| 11 | പ്രധാനാധ്യാപകൻ | 10 | 1805000 | 10 | 1679895 | 93.06 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 2807100 | 1 | 2807100 | 100 |
| | ആകെ | 248 | 135873637 | 177 | 70511978 | 51.89 |

| മേഖല | അംഗീകരിച്ച പദ്ധതി പ്രകാരം 2017-18വർഷം നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2017-18വർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം |
|---|---|---|---|---|---|
| | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| ഉല്പാദനം | 19 | 13747000 | 18 | 10746795 | 78.17 |
| സേവനം | 80 | 42396505 | 69 | 27006510 | 63.69 |
| പശ്ചാത്തലം | 149 | 79730132 | 90 | 32758673 | 41.08 |
| ആകെ | 248 | 135873637 | 177 | 70511978 | 51.89 |

123455,,,,,

## 1-7 തനത് വരുമാനം.

മുൻ വർഷത്തെ അപേക്ഷിച്ച് തൻവർഷം തനത് നികുതി നികുതിയേതര വരുമാനയിനങ്ങളുടെ വരവിൽ 7.55% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4522445 | 4810148 | 287703 | (+) 6.36% |
| നികുതിയേതര വരവുകൾ | 1128875 | 1268105 | 139230 | (+) 12.33% |
| മറ്റുള്ളവ | - | - | - | - |
| ആകെ | 5651320 | 6078253 | 426933 | (+) 7.55% |

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 15261 | 1271190 | 1286451 | 737196 | 549255 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 30949769 | 30949769 | 30949769 | 0 |
| ആകെ | 15261 | 32220959 | 32236220 | 31686965 | 549255 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2017-18 വർഷം 753 പദ്ധതികളുൾപ്പെടുന്ന ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. എന്നാൽ തൻ വർഷം 322 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്. തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 104533 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. പ്രധാനമായും ജലസംരക്ഷണ പ്രവൃത്തികൾ, വ്യക്തിഗത പ്രവൃത്തികൾ എന്നിവയാണ് ഏറ്റെടുത്ത് നടത്തിയിട്ടുള്ളത് കൂടാതെ ഗ്രാമീണ ശുചിത്വ പദ്ധതികൾ, വരൾച്ചാ നിവാരണ പദ്ധതികൾ എന്നിവയും നടപ്പാക്കിയിട്ടുണ്ട്. 388 കുടുബങ്ങൾക്ക് നൂറ് ദിനം തൊഴിൽ ലഭിച്ചിട്ടുണ്ട്.

## 1-9 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 18360 | 34 |
| കർഷകതൊഴിലാളി പെൻഷൻ | 2216800 | 193 |
| വിധവാപെൻഷൻ | 10580500 | 883 |
| വാർദ്ധക്യകാലപെൻഷൻ | 25952800 | 2082 |
| വികലാംഗപെൻഷൻ | 3065700 | 248 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 320000 | 25 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 180000 | 6 |

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.10.2018 ന് (4 pm) സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,371/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി. | 1 |
| 3 | ജൂനിയർ സൂപ്രണ്ട്/ ഹെഡ്ക്ലാർക്ക് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 2 |
| 6 | ക്ലാർക്ക് | 3 |
| 7 | ഓഫീസ് അറ്റൻഡന്റ് | 1 |
| 8 | പാർട്ട് ടൈം സ്വീപ്പർ | 1 |

2017-2018 സാമ്പത്തിക വർഷം 01-4-2017 മുതൽ 15-06-2017 വരെ അസി.സെക്രട്ടറിയുടെ തസ്തികയും, 2-11-2017 മുതൽ 08-02-2018 വരെ അക്കൗണ്ടന്റ് തസ്തികയും ഒഴിഞ്ഞ് കിടന്നിരുന്നു

2016മുതലുള്ള ഓഫീസ് ഓർഡർ ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കി.ജീവനക്കാരുടെ ജോലി വിഭജനം നടത്തിയതിന്റെ പൂർണ്ണമായ ഉത്തരവ് ലഭ്യമായിട്ടില്ല. പുതിയ ചുമതലകൾ വരുന്നതിന്റെയടിസ്ഥാനത്തിൽ നിരവധി ഉപ ഉത്തരവുകൾ പ്രകാരം കൂട്ടിചേർക്കലുകളുണ്ടായിട്ടുണ്ട്. ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നിലവിൽ ബാങ്ക് അക്കൌണ്ട് മുഖേനയാണ് വിതരണം നടത്തുന്നത്.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (staff meeting) 2017-2018 സാമ്പത്തിക വർഷം അഞ്ച് തവണ ചേർന്നിട്ടുണ്ട്. ജീവനക്കാരുടെ യോഗം മാസത്തിൽ ഒരുതവണയെങ്കിലും ചേരേണ്ടതും ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്. ജീവനക്കാരുടെ പേഴ്സണൽ രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ അസി.എഞ്ചിനിയറുടെ തസ്തികയിൽ ഒരുവർഷത്തിൽ അധികമായി കരാർ നിയമനമാണ് നടന്നുവരുന്നത്. പെതുമരാമത്ത് വർക്ക് ബില്ലുകൾ കൂടി പരിശോധിച്ച് അനുവദിക്കേണ്ട ചുമതല നിർവ്വഹിക്കേണ്ടി വരുന്നത് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് അധിക ജോലിഭാരം സൃഷ്ടിച്ചിട്ടുണ്ട്.

ജീവനക്കാരുടെ ഹാജർ കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്. ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷനും മറ്റ് ശമ്പള റിക്കവറികളും കൃത്യമായി ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ഒടുക്കുന്നുണ്ട്.

ബഡ്ജറ്റ് പാസ്സാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചിലവ് കണക്കുകള് കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. വാർഷിക ധനകാര്യപത്രിക പരിശോധനയിൽ ചില ന്യൂനതകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ക്യാഷും അക്കൌണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൌണ്ട്സുകളും അക്കൌണ്ട് പോളിസികളും പാലിക്കുന്നുണ്ട്. ദിവസാന്ത്യ/മാസാന്ത്യ/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ നിലവിൽ ചെയ്തുവരുന്നുണ്ട്. ചില അക്കൗണ്ടുകളിൽ ഇടപാടുകൾ ഒന്നും തന്നെയില്ല. ദിവസേനയുള്ള വരവുകൾ ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

ചെക്ക് ഇഷ്യൂ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ബാങ്ക്/ട്രഷറി അക്കൌണ്ടുകളുടെ പൊരുത്തപ്പെടുത്തൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. ഡി. സി. ബി. യിൽ വസ്തു നികുതി, തൊഴില് നികുതി, എന്നിവയൊഴികെയുള്ളവ കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട് എന്ന് ഉറപ്പാക്കുന്നതിനുള്ള സംവിധാനം ഇല്ല. നികുതി നിർണ്ണയം നടത്തുന്നത് സഞ്ചയ സോഫ്റ്റവെയർ മുഖേനയാണ്. തൻ വർഷം 100 % നികുതി പിരിവ് കൈവരിക്കാൻ സാധിച്ചിട്ടില്ല. നികുതി പരിവ് കാര്യക്ഷമമാക്കേണ്ടതാണ്.

സാധന സാമഗ്രികൾ സമാഹരിക്കുന്നതിനുള്ള ചട്ടങ്ങളും സ്റ്റോർ പർച്ചേസ് ചട്ടങ്ങളും സ്ഥാപനം അനുസരിക്കുന്നുണ്ടെങ്കിലും നടപടിക്രമങ്ങളിൽ കുറച്ചുകൂടി കൃത്യത പുലർത്തേണ്ടതുണ്ട്. സാധന സാമഗ്രികളുടെ സമാഹരണവുമായി ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്ററുകൾ (പ്രത്യേകിച്ച് കമ്പ്യൂട്ടർ വാങ്ങൽ) കൃത്യമായി പരിപാലിക്കുന്നില്ല.

ആസ്തികൾ കൃത്യമായി മൂല്യ നിർണ്ണയം ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2017-2018വർഷം പുതുതായി സൃഷ്ടിച്ച ആസ്തികൾ പൂർണ്ണമായി സചിത്ര സോഫ്റ്റ് വെയറിൽ ചേർത്തിട്ടില്ല.

2017-18സാമ്പത്തിക വർഷം ഓഡിറ്റ് പഞ്ചായത്ത് ഭരമസമിതി 26 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 13പ്രാവശ്യവും, വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 14പ്രാവശ്യവും, ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 13പ്രാവശ്യവും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 14പ്രാവശ്യവും ,യോഗം ചേരുന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ ചില മാസങ്ങളിൽ പാലിച്ചിട്ടില്ല. സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥൻമാരുടെ സാന്നിധ്യം ഉറപ്പുവരുത്തേണ്ടതാണ്.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06-09-2018& | 2018 ജൂലൈ & ആഗസ്റ്റ് | PAU2/T2/07-09-2018 |

| | | | |
|---|---|---|---|
| | 07-09-2018 | | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27-01-2018 മുതൽ 07-02-2018 വരെ | 2012-13 മുതൽ 2016-17വരെ | LBA(HQ)IV/8A-2756/ 2017-18/281Dt.05-03-2018 |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി മിനിട്സിൽ 04/17മുതൽ 08/17 വരെയുള്ള യോഗവിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി മിനിട്സ് ബുക്കിൽ 11-4-17 മുതൽ 07-08-2017 വരെയുള്ള വിവിധ യോഗങ്ങളുടെ തീരുമാനങ്ങൾ രേഖപ്പെടുത്തിക്കാണുന്നില്ല. ആയതിനാൽ ഇക്കാലയളവിലെ വരവ് ചെലവ് കണക്കുകൾ സ്റ്റാന്റിങ്ങ് കമ്മിറ്റി പാസ്സാക്കിയതിന്റെ വിശദാംശങ്ങൾ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. കൂടാതെ 2017-18 വർഷത്തെ ബജറ്റ് 18-03-2017 ലെ യോഗത്തിൽ അവതരിപ്പിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബജറ്റ് വിശദാംശങ്ങൾ മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. അതുപോലെ 28-03-2017 ലെ യോഗത്തിൽ ബജറ്റ് പാസ്സാക്കിയതായി പറയുന്നുണ്ടെങ്കിലും വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.പ്രസ്തുത തിയതിയികളിലെ മിനിട്സ് അദ്ധ്യക്ഷൻ ക്ലോസ്സ് ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. തുടർന്ന് 10-04-2017 ചേർന്ന യോഗത്തിൽ ചില തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മിനിട്സ് ക്ലോസ്സ് ചെയ്തിട്ടില്ല.സാമ്പത്തികപരമായ പ്രാധന നയതീരുമാനങ്ങൾ എടുക്കുന്ന ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി യോഗതീരുമാനങ്ങൾ മിനിട്സിൽ രേഖപ്പെടുത്താത്തത് ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നുണ്ടായ ഗുരുതര വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു. ഈ വിഷയം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപെടുത്തുന്നു.

### 2-2 ചെക്ക് തുക അക്കൗണ്ടിൽ വരവ് വന്നിട്ടില്ല.

2017-18 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി സ്ഥാപനത്തിന്റെ ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ പരിശോധിച്ചപ്പോൾ ചുവടെ ചേർത്തപ്രകാരമുള്ള വിവിധ ചെക്കുകൾ മാലോത്ത് സർവ്വീസ് സഹകരണ ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ-3(1) ) വരവ് വന്നതായി കാണകയുണ്ടായില്ല. വിശദവിവരം ചുവടെകൊടുക്കുന്നു.

| തീയ്യതി | ചെക്ക് നമ്പർ | തുക | ചെക്ക് മുഖാന്തിരം തുക ഒടുക്കിയ സ്ഥാപനം | പർപ്പസ് |
|---|---|---|---|---|
| 07-03-2018 | 8495373 | 10,950 | സപ്ലൈ ഓഫീസ് വെള്ളരിക്കുണ്ട് | 2017-18 രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി |
| 09-03-2018 | 1059241 | 2,500 | ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്, പരപ്പ | 2017-18 രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി |
| 23-03-2018 | 5276636 | 18,750 | പ്രിൻസിപ്പാൾ GHSS മാലോത്ത് കസബ | 2017-18 രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി |
| 27-03-2018 | 5560044 | 25,950 | മെഡിക്കൽ ഓഫീസർ വെള്ളരിക്കുണ്ട് | 2017-18 രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി |
| 31-03-2018 | 4126358 | 2,500 | മെഡിക്കൽ ഓഫീസർ , | 2017-18 രണ്ടാം അർദ്ധ |

| | | | | |
|---|---|---|---|---|
| | | | ഹോമിയോ, പാലച്ചാൽ | വർഷത്തെ തൊഴിൽ നികുതി |
| 27-02-2018 | 5267277 | 46,250 | ഹെഡ്മാസ്റ്റർ GHSS മാലോത്ത് കസബ | 2017-18 രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി |
| 28-02-2018 | 5330993 | 10,000 | ഹെഡ്മിസ്ട്രസ് നിർമ്മലഗിരി LP സ്കൂൾ വെള്ളരിക്കുണ്ട് | 2017-18 രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി |
| 28-02-2018 | 5409766 | 12,500 | ഹെഡ്മാസ്റ്റർ, സെന്റ്.ജോസഫ് UP സ്കൂൾ കരിവെല്ലഡുക്ക | 2017-18 രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി |
| 07-04-2018 | 768294 | 1,275 | SBI വെള്ളരിക്കുണ്ട് | 2017-18 രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി |
| 18-04-2018 | 0195633 | 53,558 | ജില്ലാ സാക്ഷരതാ മിഷൻ | തുടർ സാക്ഷരതാ പ്രേരക് ഹോണറേറിയം |
| 05-05-2018 | 764123 | 12,000 | ജോജോ തോമസ് സീനിയർ ക്ലർക്ക് | ഫെസ്റ്റിവൽ അഡ്വാൻസ് |

മേൽ പരാമർശിച്ച ചെക്കുകളിൽ ചിലത് 2018 ഒക്ടോബർ മാസം ബാങ്ക് അക്കൗണ്ടിൽ വരവ് വന്നതായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സൂചിപ്പിക്കുകയുണ്ടായി. ഇത് പരിശോധിക്കുന്നതിനായി ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. കൂടാതെ മേൽ പരാമർശിച്ചവയിൽ ഏതെങ്കിലും ചെക്കുകൾ നാളിതുവരെയായിട്ടും ബാങ്ക് അക്കൗണ്ടിൽ വരവ് വന്നിട്ടില്ലെങ്കിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളെ അറിയിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത്തരത്തിൽ ചെക്കുകൾ ബാങ്കിൽ വരവ് വരാതിരിക്കുവാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതാണ്. മേൽ അപാകതകൾ വിശദീകരണം ആവശ്യപ്പെട്ട്കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം. 8/29-10-2018) മറുപടി ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം വ്യക്തമാക്കേണ്ടതാണ്.

## 2-3 രസീത് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2017-18 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ നിന്നും 12.01.2018 ന് 32235 -ാംനമ്പർ രസീത് ബുക്ക് വെറ്ററിനറി സർജൻ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ഇതുവരെയായും രസീത് ബുക്ക് ഓഡിറ്റ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. രസീത് ബുക്കും, ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുത്ത തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയതിന്റെ രസീതും എത്രയുംപ്പെട്ടന്ന് തന്നെ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. മേൽ അപാകതകൾ വിശദീകരണം ആവശ്യപ്പെട്ട്കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം. 12/30-10-2018) മറുപടി ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം വ്യക്തമാക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1) തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്.

2017-18 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി റിട്ടേൺസ്/തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതിൽ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . വിശദവിവരം ചുവടെ ചേർക്കുന്നു.(ഓഡിറ്റ് എൻക്വയറി നം.10/30.10.2018)

| ജീവനക്കാരന്റെ പേര് | സ്ഥാപനം | അർദ്ധവർഷത്തെ ആകെ വരുമാനം | അടവാക്കേണ്ട നികുതി | അടവാക്കിയ നികുതി | കുറവ് | രസീത് നമ്പർ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| ബാബുരാജ് | മാലോത്ത് സർവ്വീസ് സഹകരണ ബാങ്ക് | 1,26,756 | 1250 | 1000 | 250 | 117010104924<br>28-02-2018 |
| ഷിജോ ജോർജ്ജ് | മാലോത്ത് സർവ്വീസ് സഹകരണ ബാങ്ക് | 1,26,756 | 1250 | 1000 | 250 | 117010104924<br>28-02-2018 |
| മാത്യു ജോസഫ്. | മാലോത്ത് സർവ്വീസ് സഹകരണ ബാങ്ക് | 1,26,756 | 1250 | 1000 | 250 | 117010104924<br>28-02-2018 |
| ബിബിൻ ജോർജ്ജ്. | മാലോത്ത് സർവ്വീസ് സഹകരണ ബാങ്ക് | 1,26,756 | 1250 | 1000 | 250 | 117010104924<br>28-02-2018 |
| ഷിബു.എം. | മാലോത്ത് സർവ്വീസ് സഹകരണ ബാങ്ക് | 1,26,756 | 1250 | 1000 | 250 | 117010104924<br>28-02-2018 |
| ദീപ മാത്യു | ജി എച്ച് എസ് എസ് ബളാൽ (HS) | 1,39,490 | 1250 | 1000 | 250 | 117010104720<br>26-02-2018 |
| സന്ധ്യ കെ | ജി എച്ച് എസ് എസ് ബളാൽ (HS) | 1,39,490 | 1250 | 1000 | 250 | 117010104720<br>26-02-2018 |
| സോണിയ തോമസ് | ജി എച്ച് എസ് എസ് ബളാൽ (HS) | 1,39,490 | 1250 | 1000 | 250 | 117010104720<br>26-02-2018 |
| അന്ന തോമസ് | ജി എച്ച് എസ് എസ് ബളാൽ (HS) | 1,39,490 | 1250 | 1000 | 250 | 117010104720<br>26-02-2018 |
| പ്രിൻസി കെ പീറ്റർ | ജി എച്ച് എസ് എസ് ബളാൽ (HS) | 1,39,490 | 1250 | 1000 | 250 | 117010104720<br>26-02-2018 |
| ഡാലിയ ജോസഫ് | സെന്റ് സാവിയോ ഇംഗ്ലീഷ് സ്കൂൾ | 1,31,000 | 1250 | 750 | 500 | 4291<br>06-02-2018 |
| ജോസ് | സെന്റ് | 1,31,000 | 1250 | 750 | 500 | 4291 |

| | | | | | | |
|---|---|---|---|---|---|---|
| പ്രകാശ് | സാവിയോ ഇംഗ്ലീഷ് സ്കൂൾ | | | | | 06-02-2018 |
| സാബിൻ | സെന്റ് സാവിയോ ഇംഗ്ലീഷ് സ്കൂൾ | 1,31,000 | 1250 | 750 | 500 | 4291<br>06-02-2018 |
| | | | | ആകെ | 4,000 | |

കുറവ് വന്ന തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയത് ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം ഹാജരാക്കേണ്ടതുമാണ്.

2)തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം തൊഴിൽ നികുതി (ജീവനക്കാർ) ഇനത്തിൽ 12,96,448/-രൂപ വരവുണ്ട്. എന്നാൽ ഡിമാന്റ് രജിസ്റ്ററിൽ തൊഴിൽ നികുതിയുടെ സംക്ഷിപ്തം എഴുതിതയ്യാറാക്കിയിട്ടില്ല. സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തലുകൾ നടത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3)ട്രേഡേഴ്സ് തൊഴിൽ നികുതി ഇനത്തിൽ വാർഷിക ധനകാര്യ പത്രിക പ്രകാരം 3,60,770/-രൂപ വരവുണ്ട്. രജിസ്റ്ററിൽ നികുതിയുടെ സംക്ഷിപ്തം എഴുതിതയ്യാറാക്കിയിട്ടില്ല. ഡിമാന്റ് രജിസ്റ്ററിൽ നികുതിയുടെ സംക്ഷിപ്തം എഴുതിതയ്യാറാക്കി സാക്ഷ്യപ്പെടുത്തലുകൾ നടത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 2-5 ഡി.&ഒ ലൈസൻസ് അപാകതകൾ

1)പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്ന അക്ഷയ സെന്റർ ബളാൽ, അക്ഷയ സെന്റർ കൊന്നക്കാട്, അക്ഷയ സെന്റർ വെള്ളരിക്കുണ്ട്,അക്ഷയ സെന്റർ മാലോം ,അക്ഷയ സെന്റർ ചുള്ളി എന്നീ സ്ഥാപനങ്ങളിൽ നിന്നും ഡി.&ഒ ലൈസൻസ് ഫീ ഈടാക്കാത്തയായി ഡിമാന്റ് രജിസ്റ്റർ പരിശോധനയിൽ കാണുകയുണ്ടായി. ലൈസൻസ് ഫീ ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2) ഡി ആന്റ് ഒ ലൈസൻസ് ഫീ ഇനത്തിൽ 2017-18 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം ആകെ ഡിമാന്റ് 1,06,185/--രൂപയാണ്. എന്നാൽ ഡിമാന്റ് രജിസ്റ്റർ പ്രകാരം ആകെ ഡിമാന്റ് 98,900/-രൂപയും, കളക്ഷൻ 1,00,600/-രൂപയുമാണ്. വാർഷിക ധനകാര്യ പത്രികയിലെ ഡിമാന്റ് തുകയും, ഡിമാന്റ് രജിസ്റ്ററിലെ ഡിമാന്റ് തുകയും തമ്മിൽ 7,285/-രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു (AFS 1,06,185 – Demand register 98,900 = 7,285) വാർഷിക ധനകാര്യ പത്രികയിലെയും ഡിമാന്റ് രജിസ്റ്ററിലെയും വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3) ഡി ആന്റ് ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഡിമാന്റ് രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തലുകൾ നടത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

4)2017-18 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ സമർപ്പിച്ച ഡി ആന്റ് ഒ ലൈസൻസ് ഫീ അപേക്ഷകളിൽ മിക്ക അപേക്ഷകളിലും അപേക്ഷകർ കച്ചവടസ്ഥാപനത്തിൽ നിന്നും ഒരു ദിവസത്തെ വിറ്റു വരവ് തുക രേഖപ്പെടുത്താതെയാണ് അപേക്ഷകൾ സ്വീകരിച്ച് വന്നിട്ടുള്ളത്. അപേക്ഷകർ സമർപ്പിക്കുന്ന അപേക്ഷകളിലെ വിറ്റു വരവിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീ കണക്കാക്കേണ്ടത് എന്നാൽ ഇത്തരത്തിൽ വിറ്റു വരവ് രേഖപ്പെടുത്താതെയുള്ള അപേക്ഷകൾ സ്വീകരിക്കുന്നതുവഴി യഥാർത്ഥത്തിൽ ലഭിക്കാവുന്ന ലൈസൻസ് ഫീസിനത്തിൽ കുറവ് സംഭവിക്കുവാൻ സാധ്യതയുണ്ട്. തുടർന്നങ്ങോട്ട് ഡി ആന്റ് ഒ ലൈസൻസ് ഫീ അപേക്ഷകൾ സ്വീക്കരിക്കുമ്പോൾ ഇക്കാര്യത്തിൽ ശ്രദ്ധപതിപ്പിക്കേണ്ടതാണ്.

5) ഡി ആന്റ് ഒ ലൈസൻസിനുള്ള അപേക്ഷയിൽ മുഴുവൻ ഭാഗങ്ങളും അപേക്ഷകൻ രേഖപ്പെടുത്താതെയുള്ള അപേക്ഷകൾ സ്വീകരിച്ചിട്ടുള്ളതായി പരിശോധനയിൽ കാണുകയുണ്ടായി ഇത്തരത്തിൽ അപേക്ഷയിൽ അപേക്ഷകന്റെ ഒപ്പുപോലും രേഖപ്പെടുത്താതെയുള്ള അപേക്ഷകളും സ്വീകരിച്ചിട്ടുണ്ട്. മിക്ക അപേക്ഷകളിലും അപേക്ഷയെകുറിച്ചുള്ള അന്വേഷണ റിപ്പോർട്ടും, സെക്രട്ടറിയുടെ തീരുമാനങ്ങളും രേഖപ്പെടുത്താതെയുമുള്ള അപേക്ഷകളും ഉള്ളതായി പരിശോധനയിൽ കാണുകയുണ്ടായി. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മേൽ അപാകതകൾ വിശദീകരണം ആവശ്യപ്പെട്ട്കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം. 9/30-10-2018) മറുപടി ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം

വ്യക്തമാക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ബളാൽ കമ്മ്യൂണിറ്റി ഹാളിന് ചുറ്റുമതിൽ നിർമാണവും ഇന്റർലോക്ക് ടൈലുകൾ പാകലും- അധികച്ചെലവ്

പ്രോജക്ട് നം 177/18 (മെയിന്റനൻസ് ഫണ്ട് റോഡിതരം- 5,00,000)

കരാറുകാരൻ- ശ്രീ.എം.ഡി.സെബാസ്റ്റ്യൻ (4,78,773 രൂപ, ഐറ്റം വൈസ് ടെണ്ടർ-നെഗോസിയേഷനിലൂടെ എസ്റ്റിമേറ്റ് നിരക്കിൽ കരാറായി)

എസ്റ്റിമേറ്റ്- ഇനം 1 മുതൽ 4 വരെ- 4,52,096 രൂപ

ടി.എസ് നം LSGD/TS/2016-17/27137 തിയതി 30.11.2016

എം.ബുക്ക് നം 222/17-18

ചെലവ്- 4,99,769 രൂപ (ബിൽ നം തിയതി )

ബളാൽ കമ്മ്യൂണിറ്റി ഹാൾ പരിസരം ഇന്റർലോക്ക് ടൈലുകൾ പാകുന്നതിനും കരിങ്കല്ല് ഉപയോഗിച്ച് ചുറ്റുമതിൽ കെട്ടുന്നതിനുമായിരുന്ന നാല് ഇനങ്ങളടങ്ങിയ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്ത് കരാറുകാരനെ ഏൽപ്പിച്ചത്. എന്നാൽ പിന്നീട് പഞ്ചായത്ത് തീരുമാന പ്രകാരം ഇന്റർലോക്ക് പ്രവൃത്തി ഒഴിവാക്കി കെട്ടിടത്തിൽ നിലവിലുള്ള ആസ്ബറ്റോസ് മേൽക്കൂര മാറ്റി സ്റ്റീൽ ട്രസ്സും ജി.ഐ ഷീറ്റും ഉൾപ്പെടുന്ന മേൽക്കൂര സ്ഥാപിക്കുന്നതിനുമായി എസ്റ്റിമേറ്റ് പുതുക്കിയിട്ടുണ്ട്. ഇതിനായി തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റിൽ അധിക ഇനങ്ങളായി 3 പ്രവൃത്തികൾ കൂടി ഉൾപ്പെട്ടിട്ടുണ്ട്. ആകെ 4,99,769 രൂപയുടെ പ്രവൃത്തി ചെയ്ത കരാറുകാരന് നികുതികൾ കിഴിച്ച് 4,89,773 രൂപ നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ നിലവിലുള്ള ആസ്ബറ്റോസ് ഷീറ്റ് മാറ്റുന്നതിന് അധിക നിരക്ക് നൽകിയതിനാൽ 80,271 രൂപ നഷ്ടം സംഭവിച്ചിട്ടുള്ളതായി പരിശോധനയിൽ കാണുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പുതുക്കിയ എസ്റ്റിമേറ്റിലെ ഇനം E1 ന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു-

code 15.28.2- Dismantling roofing including ridges, hips, valleys and stacking the material with a lead of 50 meters- asbetos sheet

275.60 sqm @ Rs. 331.43/sqm = 91,342.11

എം.ബുക്കിലെ പേജ് 1 പ്രകാരം ഈയിനത്തിൽ കരാറുകാരൻ 275.60 sqm പ്രവൃത്തി ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ അളവ് പേജ് 15 ലേക്ക് ക്യാരി ഓവർ ചെയ്ത് sqm ന് 331.43 രൂപ നിരക്കിൽ 91,342.10 രൂപയുടെ മൂല്യം നിർണയിക്കുകയും ചെയ്തിട്ടുണ്ട്.

2014 ലെ ഡെൽഹി ഷെഡ്യൂൾ നിരക്ക് അടിസ്ഥാനമാക്കി 15% CPOH, 1% വാട്ടറിംഗ് ചാർജ്, 36.19% കോസ്റ്റ് ഇന്റക്സ് എന്നിവ ഉൾപ്പെടെ ഈയിനത്തിന് അനുവദിക്കാവുന്ന പരമാവധി നിരക്ക് ചുവടെ കണക്കാക്കുന്നു.

| | |
|---|---|
| 15.28 | Dismantling roofing including ridges, hips, velleys and gutters etc., and stacking the material within 50 metres lead of :<br>15.28.2<br>Asbestos Sheet |

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| | Details of cost for 10 sqm<br>LABOUR: | | | | |

| | | | | | |
|---|---|---|---|---|---|
| 0112 | Carpenter 2nd class | Day | 0.20000 | 399.00 | 79.80 |
| 0114 | Beldar | Day | 0.50000 | 329.00 | 164.50 |
| 9999 | Sundries- | L.S | 5.33000 | 1.78 | 9.49 |
| | TOTAL | | | | 253.79 |
| | Add Water Charges @ 1% | | | | 2.54 |
| | TOTAL | | | | 256.33 |
| | Add CPOH @ 15% | | | | 38.45 |
| | Cost of 10.00000 sqm | | | | 294.78 |
| | Cost of 1 sqm | | | | 29.48 |
| | Say | | | | 29.5 |
| | Cost index 36.19% | | | | 10.67 |
| | Total | | | | 40.17/sqm |

ഈ നിരക്കിന് പകരം 331.43/sqm എന്ന നിരക്കിലാണ് പ്രവൃത്തിയുടെ മൂല്യ നിർണയം നടത്തിയിട്ടുള്ളത്. ആയതിനാൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ചുവടെ കണക്കാക്കുന്നു.

അനുവദനീയമായ മൂല്യം-

275.60 sqm @ Rs.40.17/sqm = Rs.11,070.85

അനുവദിച്ച മൂല്യം-

275.60 sqm @ Rs.331.43/sqm = Rs.91,342.10

അധികം അനുവദിച്ച തുക = 80,271 രൂപ.

മേൽ അപാകതകൾക്ക് വിശദീകരണങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13 , തിയതി- 31.10.2018) മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ പഞ്ചായത്തിനുണ്ടായ നഷ്ടം എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യ നിരക്കിൽ ഈടാക്കേണ്ടതാണ്.

## 3-2 റോഡ് റീടാറിംഗ് പ്രവൃത്തി- ടെണ്ടർ കിഴിവ് വരുത്തിയതിലുള്ള പിശക്- നഷ്ടം

പ്രോജക്ട് നം 162/18- മാലോം കാര്യോട്ട്ചാൽ റോഡ് റീടാറിംഗ് (മെയിന്റനൻസ് ഫണ്ട് റോഡ്- 2,00,000)

കരാറുകാരൻ- ശ്രീ.അരുൺ ജോസ് (17% കുറവ് നിരക്കിൽ)

എസ്റ്റിമേറ്റ്- ഇനം 1 മുതൽ 5 വരെ- 1,80,059 രൂപ

ടി.എസ് നം LSGD/TS/2016-17/27187 തിയതി 01.12.2016

എം.ബുക്ക് നം 116/15-16

ചെലവ്- 1,48,545 രൂപ (ബിൽ നം 21 തിയതി 30.06.2017)

ഈ പ്രവൃത്തി 07.12.2016 നാണ് ടെണ്ടർ ചെയ്തത്. കരാർ ലഭിച്ച ശ്രീ.അരുൺ ജോസ് ക്വാട്ട് ചെയ്ത നിരക്ക് 17% കുറവ് ആണ്. അദ്ദേഹത്തിന്റെ ടെണ്ടർ ഫോമിലും ടെണ്ടർ ഷെഡ്യൂളിലും 17% കുറവ് നിരക്ക് തന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പഞ്ചായത്ത് കമ്മിറ്റിയുടെ 23.12.2016 ലെ 23/1 നമ്പ്ര തീരുമാനത്തിലെ ക്രമ നമ്പർ 7 പ്രകാരം ശ്രീ അരുൺ ജോസിന്റെ 17% കുറവ് നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ ബിൽ തീർപ്പാക്കുമ്പോൾ 11% കുറവ് നിരക്കിലാണ് ടെണ്ടർ കിഴിവ് നടത്തിയിട്ടുള്ളത്. ആയതിനാൽ പഞ്ചായത്തിനുണ്ടായ

നഷ്ടത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ആകെ പ്രവൃത്തി മൂല്യം- 1,66,904.20

(-) 17% കുറവ്- 28,373.71

പ്രോജക്ടിന് വേണ്ടി വരുമായിരുന്ന ആകെ ചെലവ്- 1,38,530.48

പ്രോജക്ടിനായി നടത്തിയ ആകെ ചെലവ്- 1,48,545.00

അധികം- 10,015 രൂപ

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14, തിയതി 30.10.2018) മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ പഞ്ചായത്തിനുണ്ടായ നഷ്ടം പ്രവൃത്തിയുടെ അന്തിമ ബിൽ തീർപ്പാക്കിയ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 പ്രവൃത്തി നിർവഹണത്തിലെ കാലതാമസം- പൊതു മരാമത്ത് മാന്വലിലെ നിർദേശങ്ങളും കരാർ വ്യവസ്ഥകളും പാലിക്കുന്നില്ല.

2017-18 ൽ ചെലവു നടത്തിയ മരാമത്ത് പ്രവൃത്തികളിൽ ചില പ്രവൃത്തികളുടെ നിർവഹണത്തിൽ വലിയ കാലതാമസം വന്നിട്ടുള്ളതായി പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം, പ്രവൃത്തിയുടെ പേര് | കരാർ നം, തിയതി, കരാർ പ്രകാരമുള്ള പൂർത്തീകരണ കാലയളവ് | സൈറ്റ് കൈമാറിയ തിയതി | പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തിയതി | പ്രവൃത്തി പൂർത്തീകരിച്ച തിയതി | കാലതാമസം |
|---|---|---|---|---|---|---|
| 1 | പ്രോജക്ട് നം 156/18- ബളാൽ മരുതംകുളം റോഡ് വീതി കൂട്ടൽ, റീടാറിംഗ്<br>ചെലവ്- ബിൽ നം 93/17-18, തിയതി 21.02.2018, 14,99,938 രൂപ<br>കരാറുകാരൻ- ശ്രീ.എം.ഡി.സെബാസ്റ്റ്യൻ<br>എം. ബുക്ക് നം 173/17 | 85/16-17, dated 29.03.2017<br>3 മാസങ്ങൾ<br>(സാങ്കേതികാനുമതി രേഖ പ്രകാരം),<br>6 മാസങ്ങൾ<br>(ലെവൽ റിപ്പോർട്ട് പ്രകാരം) | 29.03.2017 | 28.09.2017 | 30.01.2018 | 4 മാസങ്ങൾ, 2 ദിവസങ്ങൾ |
| 2 | പ്രോജക്ട് നം 221- നാട്ടക്കൽ ചുള്ളി റോഡ് റീടാറിംഗ്<br>ചെലവ്- ബിൽ നം 82/17-18, തിയതി 31.01.2018,<br>4,75,469 രൂപ<br>കരാറുകാരൻ- ശ്രീ.എം.ഡി.സെബാസ്റ്റ്യൻ<br>എം. ബുക്ക് നം 156/17-18 | 94/16-17 dated 31.03.2017<br>2 മാസങ്ങൾ<br>(സാങ്കേതികാനുമതി രേഖ പ്രകാരം) | 31.03.2017 | 31.05.2017 | 27.01.2018 | 7 മാസങ്ങൾ, 27ദിവസങ്ങൾ |
| 3 | പ്രോജക്ട് നം 144/18- മരുതോം നാഗത്തുംപാടി റോഡ് ടാറിംഗ്<br>ചെലവ്- 3,83,828 (തനതു ഫണ്ട്), | 18/AE/LSGD/BL, dated 18.09.2015<br>17.12.2015<br>(ബില്ലിന്റെ പകർപ്പ് പ്രകാരം)<br>എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിനാൽ | 18.09.2015 | 27.05.2016 | 06.03.2017 | 9 മാസങ്ങൾ, 7 ദിവസങ്ങൾ |

| | | | | | | |
|---|---|---|---|---|---|---|
| | 72,954- വികസന ഫണ്ട് SCP<br>42,736- വികസന ഫണ്ട് SCP (ബിൽ നം 26, തിയതി 30.06.2017)<br>ആകെ- 4,99,518 രൂപ<br>കരാറുകാരൻ- ശ്രീ.എം.ഡി.സെബാസ്റ്റ്യൻ<br>എം ബുക്ക് നം 40/16-17 | റിവൈസ്ഡ് എസ്റ്റിമേറ്റിന് ടി.എസ് ലഭിച്ച തിയതി മുതൽ 2 മാസം കാലാവധി അനുവദിക്കാവുന്നതാണ്. ടി.എസ് ലഭിച്ചത് 28.03.2016 നാണ്. ആയതിനാൽ പൂർത്തീകരണ കാലാവധി 27.05.2016. | | | | |
| 4 | പ്രോജക്റ്റ് നം 165/2018- കല്ലഞ്ചിറ അരീക്കര റോഡ് റീടാറിംഗ്<br>ചെലവ്- ബിൽ നം 99/17-18, തിയതി12.03.2018 2,89,719 രൂപ<br>കരാറുകാരൻ- ശ്രീ.അരുൺ ജോസ്<br>എം. ബുക്ക് നം 180/17 | 06/16-17, dated 10.01.2017<br>6മാസങ്ങൾ<br>(സാങ്കേതികാനുമതി രേഖ പ്രകാരം) | 10.01.2017 | 09.07.2017 | 26.02.2018 | 7 മാസങ്ങൾ, 17 ദിവസങ്ങൾ |

കേരള പൊതു മരാമത്ത് വകുപ്പ് മാന്വൽ, പ്രവൃത്തികളുടെ കരാറുകാരുമായി ചമച്ചിട്ടുള്ള കരാർ ഉടമ്പടികളിലെ വ്യവസ്ഥകൾ എന്നിവ പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കാത്ത പക്ഷം അതിൽ കൂടുതൽ വരുന്ന ഓരോ മൂന്നു മാസത്തേക്ക് കരാർ തുകയുടെ ഒരു ശതമാനവും പിന്നീട് വേണ്ടി വരുന്ന ഓരോ മൂന്നു മാസത്തിനും കരാർ തുകയുടെ രണ്ടു ശതമാനം വീതവും പിഴ ചുമത്തിക്കൊണ്ട് മാത്രമേ കരാർ കാലാവധി നീട്ടിക്കൊടുക്കാവൂ. ഇപ്രകാരം കാലാവധി നീട്ടുന്നതിന് സപ്ലിമെന്ററി കരാർ ചമക്കേണ്ടതുമുണ്ട്. എന്നാൽ മേൽ പ്രവൃത്തികളിൽ പൂർത്തീകരണ കാലാവധി നീട്ടിക്കൊടുക്കുകയോ പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല. കരാർ ചമച്ചതിനു ശേഷം കരാറുകാരൻ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനായി യാതൊരു നടപടികളും പഞ്ചായത്തോ നിർവഹണ ഉദ്യോഗസ്ഥനോ സ്വീകരിച്ചിട്ടില്ല. കരാറുകാർ അവർക്കു തോന്നിയ സമയം എടുത്താണ് പ്രവൃത്തികൾ ചെയ്തിട്ടുള്ളത്. ഇത് ശരിയായ നടപടിയല്ല. നിർവഹണ സമയം ഓരോ പ്രോജക്റ്റിന്റെയും കാതലായ ഭാഗമാണ്. പ്രവൃത്തി നിർവഹണം കരാർ പ്രകാരം നടക്കുന്നുവെന്ന് കാലാകാലങ്ങളിൽ നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടിയിരുന്നു. എന്നാൽ ഇപ്രകാരം ചെയ്തിട്ടില്ല. ആയതിനാൽ മേൽ പ്രവൃത്തികളുടെ ബിൽ തുകകൾ നൽകുമ്പോൾ കരാർ പ്രകാരമുള്ള പൂർത്തീകരണ കാലയളവിനേക്കാൾ അധികം സമയം വിനിയോഗിച്ചതിന് കരാർ പ്രകാരമുള്ള പിഴ കണക്കാക്കി കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. ഈടാക്കേണ്ടിയിരുന്ന പിഴ ചുവടെ കണക്കാക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ വിശദാംശം | കാലതാമസം | ഈടാക്കേണ്ടിയിരുന്ന പിഴ | |
|---|---|---|---|---|
| 1 | പ്രോജക്റ്റ് നം 156/18- ബളാൽ മരുതംകുളം റോഡ് വീതി കൂട്ടൽ, റീടാറിംഗ്<br>കരാർ തുക- 14,99,938 | 4 മാസങ്ങൾ, 2 ദിവസങ്ങൾ | ആദ്യത്തെ മൂന്നു മാസങ്ങൾ- കരാർ തുകയുടെ 1%, കുറഞ്ഞത് 1,000 | 14,999 |
| | | | 4ാമത്തെ മാസം, 2 ദിവസങ്ങൾ- കരാർ തുകയുടെ 2%, കുറഞ്ഞത് 2,000 | 29,999 |
| | | | | |
| | | ആകെ | | 44,998 |
| 2 | പ്രോജക്റ്റ് നം 221- നാട്ടക്കൽ ചുള്ളി റോഡ് റീടാറിംഗ്<br>കരാർ തുക- 4,75,469 | 7 മാസങ്ങൾ, 27ദിവസങ്ങൾ | ആദ്യത്തെ മൂന്നു മാസങ്ങൾ- കരാർ തുകയുടെ 1%, കുറഞ്ഞത് 1,000 | 4,755 |
| | | | 4,5,6 മാസങ്ങൾ- കരാർ തുകയുടെ 2%, കുറഞ്ഞത് | 9,509 |

| | | | | |
|---|---|---|---|---|
| | | | 2,000 | |
| | | | 7ാമത്തെ മാസം, 27 ദിവസങ്ങൾ- കരാർ തുകയുടെ 2%, കുറഞ്ഞത് 2,000 | 9,509 |
| | | ആകെ | | 23,773 |
| 3 | പ്രോജക്റ്റ് നം 144/18- മരുതോം നാഗത്തുംപാടി റോഡ് ടാറിംഗ്<br>കരാർ തുക- 4,98,993 രൂപ | 9 മാസങ്ങൾ, 7 ദിവസങ്ങൾ | ആദ്യത്തെ മൂന്ന് മാസങ്ങൾ- കരാർ തുകയുടെ 1%, കുറഞ്ഞത് 1,000 | 4,990 |
| | | | 4,5,6 മാസങ്ങൾ- കരാർ തുകയുടെ 2%, കുറഞ്ഞത് 2,000 | 9,980 |
| | | | 7,8,9 മാസങ്ങൾ - കരാർ തുകയുടെ 2%, കുറഞ്ഞത് 2,000 | 9,980 |
| | | | 7 ദിവസങ്ങൾ- കരാർ തുകയുടെ 2%, കുറഞ്ഞത് 2,000 | 9,980 |
| | | | | 34,930 |
| 4 | പ്രോജക്റ്റ് നം 165/2018- കല്ലഞ്ചിറ അരീക്കര റോഡ് റീടാറിംഗ്<br>കരാർ തുക- 2,89,718 രൂപ | 7 മാസങ്ങൾ, 17ദിവസങ്ങൾ | ആദ്യത്തെ മൂന്ന് മാസങ്ങൾ- കരാർ തുകയുടെ 1%, കുറഞ്ഞത് 1,000 | 2,897 |
| | | | 4,5,6 മാസങ്ങൾ- കരാർ തുകയുടെ 2%, കുറഞ്ഞത് 2,000 | 5,794 |
| | | | 7ാം മാസം, 17 ദിവസങ്ങൾ - കരാർ തുകയുടെ 2%, കുറഞ്ഞത് 2,000 | 5,794 |
| | | ആകെ | | 14,485 |

മേൽ അപാകതകൾക്ക് വിശദീകരണങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17, തിയതി 30.10.2018) മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ, പൊതു മരാമത്ത് മാന്വലിലെയും കരാർ ഉടമ്പടികളിലെയും നിർദ്ദേശങ്ങൾ പാലിക്കാതെ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടും പിഴ ഈടാക്കാതെ പ്രവൃത്തികളുടെ ബില്ലുകൾ തീർപ്പാക്കിയ സെക്രട്ടറിമാരിൽ നിന്നും ഈടാക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം വീഴ്ചകൾ സംഭവിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 പൊളിച്ചു മാറ്റി സ്റ്റാക്ക് ചെയ്ത സാമഗ്രികൾ എന്തു ചെയ്തുവെന്ന് വ്യക്തമല്ല

പഞ്ചായത്ത് നടപ്പിലാക്കിയ ചില പ്രോജക്ടുകളിലായി വിവിധ സാമഗ്രികൾ പൊളിച്ചു മാറ്റി സ്റ്റാക്ക് ചെയ്തിട്ടുള്ളതായി അളവു പുസ്തകങ്ങളിൽ കാണുന്നു. എന്നാൽ ഈ സാമഗ്രികൾ നാളിതു വരെ ഏതെങ്കിലും വിധേന പഞ്ചായത്തിലേക്ക് മുതൽക്കൂട്ടുകയോ പഞ്ചായത്തിന്റെ മറ്റേതെങ്കിലും പ്രവൃത്തികൾക്കായി ഉപയോഗിക്കുകയോ ചെയ്തതായി കാണുന്നില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ വിവരം | പൊളിച്ചു മാറ്റിയിട്ടുള്ള സാമഗ്രി, അളവ് | എം ബുക്ക് നം, പേജ് | പൊളിച്ചു മാറ്റിയ തിയതി |
|---|---|---|---|---|
| 1 | പ്രോജക്റ്റ് നം 177/18<br>ബളാൽ കമ്മ്യൂണിറ്റി ഹാളിന് ചുറ്റുമതിൽ നിർമാണവും ഇന്റർലോക്ക് ടൈലുകൾ പാകലും | ആസ്ബറ്റോസ് ഷീറ്റ്<br>275.60 sqm | 222/17-18<br>പേജ് 1 | 05.03.2018 |
| 2 | പ്രോജക്റ്റ് നം 122/18 | ആസ്ബറ്റോസ് ഷീറ്റ് | 153/17 | 03.10.2017 |

| | | | | |
|---|---|---|---|---|
| | പുഞ്ച സ്കൂൾ റൂഫിംഗ് | 108.80 sqm | പേജ് 1 | |
| 3 | പ്രോജക്ട് നം 109/18<br>വെങ്കല്ല്- വലിയപാമത്തട്ട് റോഡ് നിർമാണം | കരിങ്കല്ല്<br>87.2018 cum | 217/17-18<br>പേജ് 2 | 12.03.2018 |

മേൽ സാമഗ്രികൾ എന്തു ചെയ്തുവെന്നും നിലവിലെ അവസ്ഥയും ഏതു വിധേനയാണ് ഡിസ്പോസ് ചെയ്യാൻ ഉദ്ദേശിക്കുന്നത് എന്നുമുള്ള വിവരങ്ങൾ ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15, തിയതി 30.10.2018) മറുപടി നൽകിയിട്ടില്ല. ഈ വിഷയം പരിശോധിച്ച് വിശദമായ മറുപടി നൽകേണ്ടതാണ്.

## 3-5 നിർമാണ പ്രവൃത്തികൾ നടത്തുന്നതിനു മുമ്പ് സ്ഥലത്തിന്റെ ഉടമസ്ഥത പഞ്ചായത്ത് കരസ്ഥമാക്കിക്കാണുന്നില്ല.

2017-18 വർഷം നടപ്പിലാക്കിയ ചില പ്രവൃത്തികളിൽ, നിർമാണ പ്രവൃത്തികൾ നടത്തുന്നതിനു മുമ്പ് സ്ഥലത്തിന്റെ ഉടമസ്ഥത പഞ്ചായത്ത് കരസ്ഥമാക്കിയതായി കാണുന്നില്ല. പഞ്ചായത്തിന്റെ പേരിൽ കൈയ്യൊഴിഞ്ഞോ രജിസ്റ്റർ ചെയ്തോ ലഭിക്കാത്തതായ ഭൂമിയിൽ യാതൊരു വിധ നിർമാണ പ്രവർത്തനങ്ങളും പഞ്ചായത്ത് ഫണ്ടുപയോഗിച്ച് നടത്താവുന്നതല്ല. അതു പോലെത്തന്നെ പഞ്ചായത്തിന്റെ ആസ്തിയായി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താത്ത ആസ്തികളിന്മേൽ പഞ്ചായത്ത് ഫണ്ടുപയോഗിച്ച് റിപ്പയർ/മെയിന്റനൻസ് പ്രവൃത്തികളും നടത്താവുന്നതല്ല. ഇതിനു വിരുദ്ധമായി നടത്തിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് വിശദാംശങ്ങൾ | നടത്തിയ നിർമാണ പ്രവർത്തനങ്ങൾ | ചെലവ് | റിമാർക്സ് |
|---|---|---|---|---|
| 1 | പ്രോജക്ട് നം 109-<br>വെങ്കല്ല്- വലിയ പാമത്തട്ട് റോഡ് നിർമാണം | 725 മീറ്റർ പുതുതായി റോഡ് നിർമിച്ചു. | 406588 രൂപ | ഭൂമി വിട്ടു കിട്ടിയതിന്റെ രേഖകൾ ഫയലിൽ ഇല്ല |
| 2 | പ്രോജക്ട് നം 182-<br>വെള്ളരിക്കുണ്ട് റിക്രിയേഷൻ സെന്റർ ഒന്നാം നില നിർമാണം | വെള്ളരിക്കുണ്ടിൽ മുതിർന്ന പൗരന്മാർക്ക വേണ്ടി പഞ്ചായത്ത് പണി കഴിപ്പിച്ചിട്ടുള്ള കെട്ടിടത്തിന് ട്രസ് വർക്കും ഷീറ്റ് റൂഫിംഗും നടത്തി ഒന്നാം നില നിർമിച്ചു. | 4,90,721 രൂപ | ഈ കെട്ടിടം നിർമിച്ചിട്ടുള്ളത് സ്വകാര്യ വ്യക്തിയുടെ ഭൂമിയിലാണ്. ഭൂമി പഞ്ചായത്തിന് രജിസ്റ്റർ ചെയ്ത് കൈമാറിയിട്ടുണ്ടെന്ന് പറയപ്പെടുന്നുവെങ്കിലും ഇത് സംബന്ധിച്ച രേഖകൾ പഞ്ചായത്തിന്റെ പക്കൽ ഇല്ല. ആസ്തി രജിസ്റ്ററിൽ ഈ ഭൂമിയോ അതിൽ പണിത കെട്ടിടമോ ഉൾപ്പെട്ടിട്ടില്ല. |
| 3 | പ്രോജക്ട് നം 176-<br>കനകപ്പള്ളി അങ്കണവാടി കെട്ടിടം നിർമാണം | അങ്കണവാടിക്കായി പുതിയ കെട്ടിട നിർമാണം, പ്ലാസ്റ്ററിംഗ് തുടങ്ങിയ പ്രവൃത്തികൾ ഇല്ല.) | (4,18,580) | കെട്ടിടം നിർമിച്ച ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച രേഖകകൾ ഇല്ല. |
| 4 | പ്രോജക്ട് നം 117- | പുതിയ ബസ് വെയ്റ്റിംഗ് ഷെഡ് നിർമിച്ചു. | 1,46,800 രൂപ | കെട്ടിടം നിർമിച്ച ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച രേഖകകൾ ഇല്ല. |

| | | | | |
|---|---|---|---|---|
| | വെള്ളരിക്കുണ്ട് പോലീസ് സ്റ്റേഷന് സമീപം ബസ് വെയ്റ്റിംഗ് ഷെഡ് നിർമാണം | | | |
| 5 | പ്രോജക്ട് നം 204- മങ്കയം ബസ് വെയ്റ്റിംഗ് ഷെഡ് നിർമാണം | പുതിയ ബസ് വെയ്റ്റിംഗ് ഷെഡ് നിർമിച്ചു. | 1,26,663 രൂപ | കെട്ടിടം നിർമിച്ച ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച രേഖകകൾ ഇല്ല. |

മേൽ അപാകതകൾക്ക് വിശദീകരണങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16, തിയതി 30.10.2018) മറുപടി നൽകിയിട്ടില്ല. മേൽ പ്രോജക്ടുകളിൽ നിർമാണ പ്രവൃത്തികൾ നടത്തിയ ഭൂമികളും കെട്ടിടങ്ങളും പഞ്ചായത്തിന്റെ ആസ്തിയാക്കി മാറ്റി റിപ്പോർട്ടു ചെയ്യേണ്ടതും ഭാവിയിൽ നിർമാണ പ്രവൃത്തികൾ നടത്തുമ്പോൾ ഇപ്രകാരമുള്ള അപാകതകൾ ഉണ്ടാവാതെ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-6 തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് ക്രൂസിൽ തുക നിക്ഷേപിച്ചത് - നാളിതുവരെ തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടില്ല.

2017-18 വർഷം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് ക്രൂസിൽ തുക നിക്ഷേപിക്കൽ എന്ന പദ്ധതി പ്രകാരം (പ്രൊ.നം.274/18 ) നാലു ലക്ഷം രൂപ ട്രഷറി ബിൽ നമ്പർ 130/28-3-2018 പ്രകാരം പിൻവലിച്ച് ക്രൂസ് കാസറഗോഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ക്രൂസ് നൽകിയ ഇൻവോയ്സ് (krews/GST/171/17-18/ DT.26-3-2018)പ്രകാരം 125 എൽ.ഇ.ഡി തെരുവ് വിളക്കുകളാണ് പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്നത്. പദ്ധതി പ്രകാരം തെരുവ് വിളക്ക് ലഭ്യമായതിന്റെയും സ്ഥാപിച്ചതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന് ഗ്രാമ പഞ്ചായത്ത് അധികൃതർ വാക്കാൽ നൽകിയ മറുപടിയിൽ പദ്ധതി പ്രകാരമുള്ള തെരുവ് വിളക്കുകൾ ഗ്രാമ പഞ്ചായത്തിന് ലഭ്യമായതായും എന്നാൽ നാലിതുവരെ അവ സ്ഥാപിച്ചിട്ടില്ലയെന്നും അറിയിക്കുകയുണ്ടായി. പരിശോധനയിൽ തെരുവ് വിളക്കുമായി ബന്ധപ്പെട്ട ചില ഉപകരണങ്ങൾ ഗ്രാമ പഞ്ചായത്ത് ഓഫീസ് വരാന്തയിൽ കൂട്ടിയിട്ടിട്ടുള്ളതായി കാണുകയുണ്ടായി. എന്നാൽ ലഭ്യമായ തെരുവ് വിളക്കുകൾ ഗ്രാമ പഞ്ചായത്ത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഇവ എന്ന് ലഭിച്ചുവെന്നോ എത്രയെണ്ണം ലഭിച്ചുവെന്നോ എന്നത് സംബന്ധിച്ച കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.ക്രൂസുമായി ഒപ്പുവെച്ച കരാർ ഉടമ്പടി പ്രകാരം വിതരണം ചെയ്ത തിയതി മുതൽ 24 മാസത്തേയ്ക്കാണ് ലൈറ്റുകളുടെ വാറന്റി കാലാവധി. ഇക്കാര്യം പരിശോധിച്ച് പദ്ധതി പ്രകാരമുള്ള മുഴുവൻ തെരുവ് വിളക്കുകളും ലഭിച്ചുവെന്ന് ഉറപ്പാക്കേണ്ടതും ലഭിച്ച തിയതി സഹിതം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, ഇവ സ്ഥാപിച്ചത് സംബന്ധിച്ച ഇൻസ്റ്റലേഷൻ റിപ്പോർട്ട് (പോസ്റ്റ് നമ്പർ സഹിതം) ക്രൂസ് അധികൃതർ, കെ.എസ്.ഇ.ബി എന്നിവരിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. ആയതുവരെ മേൽപ്രകാരം നടത്തിയ 4,00,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി.നം.7 തിയതി 29-10-2018)

## 3-7 ബസ്റ്റാന്റ് കം ഷോപ്പിങ്ങ് കോംപ്ലക്സിന് സ്ട്രക്ച്ചറൽ ഡിസൈൻ , എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കൽ- ടെണ്ടർ നടപടികൾസ്വീകരിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്ത് വെള്ളരിക്കുണ്ടിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന ബസ്റ്റാന്റ് കം ഷോപ്പിങ്ങ് കോംപ്ലക്സിന് സ്ട്രക്ച്ചറൽ ഡിസൈൻ എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിന് (പ്രൊ.നം.271/18 പ്രകാരം 200000 തനത്ഫണ്ടിൽ നിന്നും വകയിരുത്തി പദ്ധതി തയ്യാറാക്കിയിരുന്നു.ജോസ് & ജെ.ജെ ആർക്കിടെക്ററ് കോഴിക്കോട് എന്ന സ്ഥാപനത്തിനെയാണ് ഇതിനായി നിയോഗിച്ചിരുന്നത് . പ്രസ്തുത സ്ഥാപനം 19-03-2018 ന് നല്കിയ ബില്ല് പ്രകാരം 4 ലക്ഷം രൂപയാണ് മേൽപരാമർശിച്ച സേവനത്തിന് ആകെ നൽകേണ്ടതെന്നും 75% തുക നല്കണമെന്നും

സൂചിപ്പിച്ചിട്ടുണ്ട്. ഇതനുസരിച്ച് ജോസ് & ജെ.ജെ ആർക്കിടെക്റ്റ് എന്ന സ്ഥാപനത്തിന് നല്കുന്നതിനായി രണ്ട് ലക്ഷം രൂപയുടെ ചെക്ക് തയ്യാറാക്കിയിരുന്നുവെങ്കിലും (Ch.No.1005599/ 31-3-18) പ്രസ്തുത ചെക്ക് ക്യാൻസൽ ചെയ്യുകയാണുണ്ടായത്. സ്ട്രക്ച്ചറൽ ഡിസൈൻ എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിന് സേവന ദാതാക്കളെ കണ്ടെത്തുന്നതിന് ടെണ്ടർ നടപടികൾ സ്വീകരിക്കണമെന്ന പ്രൊക്യൂർമെന്റ് മാനുവലിലെ (ജി.ഒ.(പി) 259/2010 ത.സ്വ.ഭ.വ 08-11-2010) വ്യവസ്ഥ പാലിക്കാതെ മേൽ സ്ഥാപനത്തെ നിയോഗിച്ച് സ്ട്രക്ച്ചറൽ ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി ബസ്സ്റ്റാന്റ് നിർമ്മാണത്തിനായി സർക്കാരിൽ നിന്നും വായ്പ ലഭിക്കുന്നതിനായി അപേക്ഷ നല്കിയപ്പോൾ നടപടിക്രമങ്ങൾ പാലിക്കാത്തതിനാൽ കൂടുതൽ വിശദീകരണം ആവശ്യപ്പെടുകയും ഇതേ തുടർന്ന് മേൽ സ്ഥാപനത്തെ ഗ്രാമ പഞ്ചായത്തിൽ പ്രസ്തുത സേവനം ലഭ്യമാക്കുന്നതിനുള്ള ഏജൻസിയായി അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ട് ഗ്രാമ പഞ്ചായത്ത് സർക്കാരിന് അപേക്ഷ നല്കിയിരിക്കുകയുമാണ്. സർക്കാരിൽ നിന്നും അനുമതിലഭിക്കാത്ത പക്ഷം ബസ്സ്റ്റാന്റ് കം ഷോപ്പിങ്ങ് കോംപ്ലക്സിന് സ്ട്രക്ച്ചറൽ ഡിസൈൻ എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിന് നിയമപ്രകാരം ടെണ്ടർ വിളിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. സാധനങ്ങളും സേവനങ്ങളും വാങ്ങുമ്പോൾ പ്രൊക്യൂർമെന്റ് മാനുവൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മേൽപദ്ധതിയുമായി ബന്ധപ്പെട്ട സ്വീകരിച്ച തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ച ഒരു റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-8 ഗ്രാമ പഞ്ചായത്ത് ഓഫീസിന്റേയും, ജീവനക്കാരുടേയും ഇൻകം ടാക്സ് റിട്ടേൺ യഥാസമയം ഫയൽ ചെയ്യാത്തത് സംബന്ധിച്ച്.

ഗ്രാമപഞ്ചായത്ത് അധികൃതർ ടി.ഡി.എസ് കൃത്യമായി ഫയൽ ചെയ്യാത്തതിന് കണ്ണൂർ ഇൻകം ടാക്സ് ഓഫീസിൽ നിന്നും 23-08-2018 ന് ഗ്രാമ പഞ്ചായത്തിന് ലഭിച്ച ITO(TDO)/KKD/Grevence/18-19 നമ്പർ കത്തിൽ ഗ്രാമ പഞ്ചായത്ത് അധികൃതർ 2017-18 വർഷത്തെ TDS കൃത്യമായി ഫയൽ ചെയ്യാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ 2015-16,2016-17വർഷങ്ങളിൽ ജീവനക്കാരുടെ ആദായനികുതി കണക്കാക്കി ഒടുക്കിയതിന്റെ രേഖകളും വിശദാംശങ്ങളും ആദായ നികുതി വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ലേറ്റ് ഫയലിങ്ങ് ഫീ ഇനത്തിൽ 17,600 രൂപ ഒടുക്കുവാനും ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയോട്ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന് ഗ്രാമപഞ്ചായത്ത് അധികൃതർ നൽകിയ മറുപടിയിൽ 2017-18 സാമ്പത്തിക വർഷം നികുതി ബാദ്ധ്യതയുള്ള എല്ലാ ജീവനക്കാരുടേയും ആദായ നികുതി കണക്കാക്കി സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ടെന്നും 2015-16, 2016-17 വർഷങ്ങളിലെ നികുതി ബാദ്ധ്യത തിട്ടപ്പെടുത്തിയത് സംബന്ധിച്ച് വിശദാംശങ്ങൾ ഓഫീസിൽ ലഭ്യമല്ലായെന്നുമാണ്. 2017-18 വർഷം ജീവനക്കാരുടെ ആദായനികുതി തിട്ടപ്പെടുത്തി ഒടുക്കിയതുമായി ബന്ധപ്പെട്ട രേഖകളിൽ ഗ്രാമ പഞ്ചായത്തിലെ ഹെഡ് ക്ലാർക്ക് ശ്രീ.ജോർജ്ജിന്റെ ആദായനികുതി ബാദ്ധ്യത തിട്ടപ്പെടുത്തി ഒടുക്കിയതിന്റെ രേഖകൾ ഉൾപ്പെട്ട് കാണുന്നില്ല.കൂടാതെ അക്കൗണ്ടന്റ് ശ്രീ.മിനു.പി ക്ലെയിം ചെയ്ത അധിക കിഴിവുകൾ സാധൂകരിക്കുന്ന രേഖകളും ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യം പരിശോധിച്ച് ഇതുമായി ബന്ധപ്പെട്ട രേഖകൾ ആദായ നികുതി വകുപ്പിന് നൽകേണ്ടതും പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

2015-16, 2016-17 വർഷങ്ങളിൽ ഗ്രാമ പഞ്ചായത്തിൽ ജോലി ചെയ്തിരുന്നവരിൽ നികുതി ബാദ്ധ്യതയുണ്ടായിരുന്ന ജീവനക്കാർ ആദായ നികുതി സ്വയം അടവാക്കി റിട്ടേൺ ഫയൽ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാശവും, പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കിയില്ലെങ്കിൽ അക്കാര്യവും ആദായ നികുതി വകുപ്പിനെ അറിയിക്കേണ്ടതാണ്. ജീവനക്കാരുടേയും ഓഫീസിന്റെയും ടി.ഡി.എസ് കൃത്യമായി ഫയൽ ചെയ്യുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്വം ഓഫീസ് തലവൻ എന്ന നിലയിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയ്ക്കുണ്ട്. ഇതിൽവീഴ്ച സംഭവിച്ചതു വഴി പിഴ ഒടുക്കേണ്ടി വന്നാൽ ആയതിന്റെ പൂർണ്ണ ഉത്തരവാദിത്വം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയ്ക്കായിരിക്കും. TDS കൃത്യമായി ഫയൽ ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ച് പുരോഗതി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-9 ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനിയറുടെ തസ്തികയിൽ ഒഴിവ് നികത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിൽ കഴിഞ്ഞ ഒരു വർഷത്തിലേറെയായി എൽ.എസ്.ജി.ഡി വിഭാഗം അസിസ്റ്റന്റ് എഞ്ചിനിയറുടെ തസ്തികയിൽ സ്ഥിര നിയമനം നടത്തിയിട്ടില്ല. ഗ്രാമ പഞ്ചായത്ത് കരാറടിസ്ഥാനത്തിൽ നിയമിച്ച അസി.എഞ്ചിനിയറാണ് നിലവിൽ ഉള്ളത്. ആയതിനാൽ, നിലവിൽ പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലുകൾ അനുവദിക്കുന്നത് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയാണ്. എൽ.എസ്.ജി.ഡി അസ്സിസ്റ്റന്റ് എഞ്ചിനിയറുടെ തസ്തികയിൽ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ മേൽ തസ്തികയിൽ സ്ഥിര നിയമനം ലഭിക്കുന്നതിനായി ഭരണ സമിതി തലത്തിലും, ഭരണ വകുപ്പ് തലത്തിലും നടപടികൾ സ്വീകരിക്കേണ്ടതും ഇതു സംബന്ധിച്ച പുരോഗതി റിപ്പോർട്ട്

ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ് .

## 3-10 കൃത്യമായ വർക്ക് ഓർഡർ നല്കാതെ പ്രിന്റിങ്ങ് ജോലികൾക്ക് തുക അനുവദിക്കുന്നു

ഗ്രാമ പഞ്ചായത്തിലെ വിവിധ അച്ചടി ജോലികൾ നിർവ്വഹിക്കുന്നതിനായി ഭീമമായ തുക മലബാർ പ്രിന്റേഴ്സ് വെള്ളരിക്കുണ്ട് എന്ന സ്ഥാപനത്തിന് ഓഡിറ്റ് വർഷം നൽകിയിട്ടുണ്ട്.ക്വട്ടേഷൻ വ്യസ്ഥ പ്രകാരമാണ് അച്ചടി കരാർ ടി സ്ഥാപനത്തിന് നൽകിയിട്ടുള്ളത്. സ്ഥാപനം ലഭ്യമാക്കുന്ന ബില്ലിന്റെയടിസ്ഥാനത്തിൽ വിവിധ ഫോമുകൾ, നോട്ടീസുകൾ, പദ്ധതി രേഖ തുടങ്ങിയവ അച്ചടിച്ചതിന്റെ പ്രതിഫലം നല്കുന്ന രീതിയാണ് ഗ്രാമ പഞ്ചായത്തിൽ തുടർന്ന് വരുന്നത്. എന്നാൽ ഓരോ ബില്ല് പ്രകാരവുമുള്ള അച്ചടി ജോലിയുമായി ബന്ധപ്പെട്ട് പ്രസ്തുത സ്ഥാപനത്തിന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നല്കിയ വർക്ക് ഓർഡറുകളുടെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല . കൂടാതെ അച്ചടിച്ച് ലഭ്യമായ ഫോമുകൾ, നോട്ടീസുകൾ, പദ്ധതി രേഖ തുടങ്ങിയവ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി വിതരണം ചെയ്തതിന്റെ വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൃത്യമായ ആവശ്യകത നിർണ്ണയിക്കാതെയും, കൃത്യമായ സ്റ്റോക്ക് വിതരണ വിവരങ്ങൾ സൂക്ഷിക്കാതെയും അച്ചടി ജോലികൾക്കായി ചുവടെ ചേർത്ത പ്രകാരം തൻവർഷം വിനിയോഗിച്ച 2,21,037/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നമ്പർ | ചെക്ക് നമ്പർ &തിയതി | തുക |
|---|---|---|
| 1 | 882851/13-06-2017 | 6,500/- |
| 2 | 1005565/13-6-2017 | 1,02,200/- |
| 3 | 1005576/28-09-2017 | 37,524/- |
| 4 | 072150/07-12-2017 | 29974/-<br>26479/- |
| 5 | 72194/17-01-2018 | 18,360/- |
| | ആകെ | 2,21,037 |

അച്ചടി ജോലിയ്ക്കായി നല്കിയ വർക്ക് ഓർഡർ, സ്റ്റോക്ക് -വിതരണ രജിസ്റ്ററുകൾ എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-11 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയത് -സ്റ്റോക്ക് -വിതരണ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

പ്രൊ.നം 223/17-18, പ്രകാരം ഘടക സ്ഥാപനങ്ങൾക്കും ഗ്രാമ പഞ്ചായത്തിനും ഉപയോഗിക്കുന്നതിനായി മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് (ട്രഷറി ബിൽ നം.131/31-03-2018 ₹3,34,300) കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.

| ക്രമ നമ്പർ | ഉപകരണത്തിന്റെ പേര് | എണ്ണം |
|---|---|---|
| 1 | തോഷിബാ ഇ-സ്റ്റുഡിയോ ഫോട്ടോസ്റ്റാറ്റ് മെഷീൻ | 1 |
| 2 | ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ -ഏസർ | 2 |
| 3 | ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ -ഏസർ | 3 |
| 4 | ലാപ് ടോപ്പ് ലെനവോ | 1 |
| 5 | ലേസർ പ്രിന്റർ | 4 |
| 6 | കനൻ സ്കാനർ LID | 1 |
| 7 | കീ ബോർഡ് | 2 |
| 8 | മൗസ് | 3 |
| 9 | വിൻഡോസ് 10 Pro (OS) | 1 |

ഇതുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത കാര്യങ്ങൾ പരിശോധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

1)കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ആവശ്യമെന്ന് കാണിച്ച് ഘടകസ്ഥാപന മേധാവികൾ നല്കിയ അപേക്ഷകൾ, ഇതിന്റെയടിസ്ഥാനത്തിൽ ഐ.കെ.എം വിദഗ്ദർ പരിശോധിച്ച് തയ്യാറാക്കിയ നൽകിയ സ്പെസിഫിക്കേഷൻ റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2)പദ്ധതി പ്രകാരം വാങ്ങിയ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഏതൊക്കെ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തുവെന്നതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3) പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം ലഭ്യമായ ഉപകരണങ്ങളും സ്പെസിഫിക്കേഷനും പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇതുപ്രകാരം നല്കിയ പരിശോധന റിപ്പോർട്ടിൽ പദ്ധതിപ്രകാരം വാങ്ങിയ ഉപകരണങ്ങളുടെ വാറന്റി ഉറപ്പാക്കുവാനും, ഓപ്പറേറ്റിങ് സിസ്റ്റങ്ങളുടെ സി.ഡി /പ്രൊഡക്റ്റ് കീ വാങ്ങി സൂക്ഷിക്കേണ്ടതാണെന്നും സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇതിനു സ്വീകരിച്ച നടപടികൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സപ്ലെയറുമായി ഒപ്പുവെച്ച കരാറുടമ്പടിയിൽ വാറന്റി കാലാവധി പരാമർശിക്കുന്നില്ല.

4) സർക്കാർ ഓഫീസുകളിൽ ഉപയോഗിക്കുന്ന കമ്പ്യൂട്ടറുകളുടെ സോഫ്റ്റ് വെയർ, ഹാർഡ് വെയർ എന്നിവയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണമെന്ന് സർക്കുലർ നം.86/2010/ഫിൻ തിയതി. 24-9-2010 പ്രകാരം ധനകാര്യവകുപ്പ് നിർദ്ദേശിച്ചിട്ടുള്ളതാണ്. ഇതിനായി പ്രത്യേക മാതൃകയും മേൽ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ വാങ്ങുന്ന കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും സ്റ്റോക്ക് വിവരങ്ങൾ, മെയിന്റനൻസ് വിവരങ്ങൾ എന്നിവ പ്രത്യേകം നിരീക്ഷിക്കുന്നതിനുള്ള സംവിധാനങ്ങൾ നിലവിൽ ഗ്രാമ പഞ്ചായത്തിലില്ല. ഇക്കാര്യം പരിശോധിച്ച് ഗ്രാമ പഞ്ചായത്തിൽ നിലവിലുള്ള എല്ലാ കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും സ്പെസിഫിക്കേഷൻ, സേഫ്റ്റ് വെയർ ലൈസൻസ് വിവരങ്ങൾ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ മേൽ ഉത്തരവിൽ നിഷ്കർഷിച്ച മാതൃകയിലോ അല്ലെങ്കിൽ ഐ.കെ.എം നിഷ്കർഷിക്കുന്ന മാതൃകയിലോ ഉള്ള സ്റ്റോക്ക് രജിസ്റ്ററിൽ പ്രത്യേകം ക്രമനമ്പർ രേഖപ്പെടുത്തി, വാങ്ങിയ വർഷത്തിന്റെ അടിസ്ഥാനത്തിൽ രേഖപ്പെടുത്തേണ്ടതാണ്. തുടർന്നുള്ള മെയിന്റനൻസ് വിശദാംശങ്ങൾ ഉൾപ്പെടെയുള്ള വിവരങ്ങൾ യഥാസമയം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

മേൽ ക്രമ നമ്പർ ഒന്നു മുതൽ നാലുവരെ പരാമർശിച്ച വിഷയങ്ങൾ പരിശോധിച്ച് പരാമർശിത രേഖകൾ വിശദീകരണങ്ങൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് .ആയതുവരെ പദ്ധതിയ്ക്കായി നടത്തിയ 3,34,300/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-12 ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

വാർഷിക പദ്ധതി പ്രകാരവും, ദൈനം ദിന ഇനങ്ങളിലായും ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നടത്തിയ ചുവടെ ചേർത്ത ചെലവുകളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ പദ്ധതികളും, തനത് ഫണ്ട് ചെലവ് ഇനങ്ങളുമായി ബന്ധപ്പെട്ട ബന്ധപ്പെട്ട ചെലവ് രേഖകളും ഫയലുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല . ചെലവ് രേഖകളുടെ അഭാവത്തിൽ ചുവടെ ചേർത്ത പ്രകാരം നടത്തിയ 2,67,449രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നമ്പർ | ചെക്ക്നമ്പർ/ബിൽ നമ്പർ | തുക | വിശദാംശം | ഫണ്ടിനം |
|---|---|---|---|---|
| 1 | 033486/15-5-2017 | 16000 | കനകപ്പള്ളി ശ്മശാനം വൃത്തിയാക്കൽ | തനത് ഫണ്ട് |
| | | 2116 | ബുക്ക് വി.പി.പി ചാർജ്ജ് | തനത് ഫണ്ട് |
| 2 | 70335/26-5-2017 | 20000 | വികസനസെമിനാർ ഭക്ഷണചെലവ് വിമൽ കുമാരിന് നൽകിയത് | തനത് ഫണ്ട് |
| 3 | ബിൽ നമ്പർ 60/27-09-2017 | 40,000 | പ്രൊ.നം.243/18 കേരളോത്സവം | വികസനഫണ്ട് (ജനറൽ) |

| | | | | |
|---|---|---|---|---|
| 4 | ബിൽ നമ്പർ<br>44/11-08-2017 | 8000 | പ്രൊ.നം.217/18 നാട്ടക്കൽ സ്ലീറ്റ് ലൈറ്റ് | വികസനഫണ്ട്<br>(ധനകാര്യക്കമ്മീഷൻ ഗ്രാന്റ് ) |
| 5 | ബിൽ നമ്പർ<br>45/11-08-2017 | 10000 | പ്രൊ.നം.216/18 കനകപ്പള്ളി സ്ലീറ്റ് ലൈറ്റ് | വികസനഫണ്ട്<br>(ധനകാര്യക്കമ്മീഷൻ ഗ്രാന്റ് ) |
| 6 | ബിൽ നമ്പർ<br>58/27-09-2017 | 21200 | പ്രൊ.നം.238/18 തെരുവ് വിളക്ക് മീറ്ററിങ്ങ് | വികസനഫണ്ട്<br>(ജനറൽ) |
| 7 | ബിൽ നമ്പർ<br>59/27-09-2017 | 31800 | പ്രൊ.നം.243/18 തെരുവ് വിളക്ക് മീറ്ററിങ്ങ് | വികസനഫണ്ട്<br>(ജനറൽ) |
| | | 2,67,449 | | |

## 3-13 ഗ്രാമ പഞ്ചായത്തിലെ കുടിവെള്ള സ്രോതസ്സുകളിൽ കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം-ഗുണനിലവാര പരിശോധന റിപ്പോർട്ട് - തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

നാഷണൽ റൂറൽ ഡ്രിങ്കിങ്ങ് വാട്ടർ പ്രോഗ്രാമിന്റെ ഭാഗമായി ബളാൽ ഗ്രാമപഞ്ചായത്തിലെ വിവിധ ഭാഗങ്ങലിൽ നടത്തിയ കുടിവെള്ള ഗുണനിലവാര പരിശോധന റിപ്പോർട്ട് കാസറഗോഡ് ക്വാളിറ്റി കൺട്രോൾ ലാബ് അസി.എഞ്ചിനിയറുടെ 5-6-2017ലെ KSD/QCDL/14/SUBDIV/2010 നമ്പർ കത്ത് പ്രകാരം ഗ്രാമ പഞ്ചായത്തിന് നല്കുകയുണ്ടായി .ഇതു പ്രകാരം ബളാൽ ഗ്രാമ പഞ്ചായത്തിലെ കുടിവെള്ള സ്രോതസ്സുകളിൽ കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം അനുവദനീയമായതിലും അധികം ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കുടിവെള്ള സ്രോതസ്സുകൾ മലിനമാകാതെയും, അണുനശീകരണം നടത്തിയും സൂക്ഷിക്കുവാൻ പ്രസ്തുത റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത കത്ത് ഭരണ സമിതിയുടെ മുമ്പാകെ വെയ്ക്കുകയോ തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഇക്കാര്യം പരിശോധിച്ച് മേൽ കത്തിൽ പരാമർശിച്ച വിഷയം ആരോഗ്യമേഖലയിലെ വിദഗ്ദരെ ധരിപ്പിക്കേണ്ടതും ആവശ്യമായ ബോധവത്കരണ ശുചീകരണ പ്രവർത്തനങ്ങൾ റിപ്പോർട്ടിൽ പരാമർശിച്ച മേഖലകളിൽ നടപ്പിലാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ ഗ്രാമ പഞ്ചായത്തിൽ ഡി&ഒ ലൈസൻസ് കൈകാര്യചെയ്യുന്ന വിഭാഗവും, കെട്ടിട നിർമ്മാണ പെർമിറ്റ് കൈകാര്യം ചെയ്യുന്ന വിഭാഗവും ഈവിഷയത്തിൽ ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കേണ്ടതുമാണ്. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്. ഈ വിഷയത്തിൽ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികൾ സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 3-14 മുറിച്ച് നീക്കിയ മരം ലേലം ചെയ്തതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

ചെക്ക് നം 31053/28-4-2017 പ്രകാരം 20,000/- രൂപ ഗ്രാമപഞ്ചായത്തിലെ മണ്ഡലംകണ്ഡം എന്ന സ്ഥലത്ത് പുറം പോക്കിൽ അപകടാവസ്ഥയിൽ സ്ഥിതിചെയ്തിരുന്ന മരം മുറിച്ച് നീക്കുന്നതിന് ചെലവായിട്ടുണ്ട്. എന്നാൽ മുറിച്ച് നീക്കിയ മരം ലേലം ചെയ്ത് പഞ്ചായത്തിലേയ്ക്ക് തുക മുതൽ കൂട്ടിയതിന്റെ വിശദാംശങ്ങൾപരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത സംബന്ധിച്ച വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ മേൽ പ്രകാരം നടത്തിയ 20,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി.നം.7 തിയതി 29-10-2018) .

## 3-15 തനത് ഫണ്ട് ഉയോഗിച്ചുള്ള പൊതുമരാമത്ത് പ്രവൃത്തികൾ - വിവിധ നികുതിയിനങ്ങൾ സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടില്ല.

ചുവടെ ചേർത്ത പൊതു മരാമത്ത് പ്രവൃത്തി ബില്ലുകളിൽ നിന്നും വാറ്റ് ആദായ നികുതി നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നീയിനങ്ങളിൽ തുക കണക്കാക്കി അവശേഷിച്ച തുകകൾ കരാറുകാർക്ക് നൽകിയിട്ടുണ്ട്.

എന്നാൽ പ്രസ്തുത ബില്ലുകളിൽ നിന്നും സർക്കാരിലേയ്ക്കും മറ്റ് സ്ഥാപനങ്ങളിലേയ്ക്കും ഒടുക്കേണ്ട തുകകൾ ഒടുക്കിയത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യം പരിശോധിച്ച് പ്രസ്തുത തുകകൾ ബന്ധപ്പെട്ട വകുപ്പുകളിൽ ഒടുക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെപേര് | ബിൽ.നം.& തിയതി (ബിൽ.രജി .പ്രകാരം) | വാറ്റ് | ആദായ നികുതി | ക്ഷേമ നിധി വിഹിതം |
|---|---|---|---|---|
| കരിവുള്ളടുക്കം കാറളം റോഡ്റീടാറിങ്ങ് | 32/03-05-2017 | 9982 | 2495 | 2495 |
| കുടിവെള്ള വിതരണം | 97/6-6-17 | - | 7708 | - |
| മൈക്കയം പുഞ്ച റോഡ് ടാറിങ്ങ് | 414/16-11-17 | 15948 | 3978 | 3978 |
| എടത്തോട് സബ്സെന്റർ മെയിന്റനൻസ് | 480/14-12-17 | - | - | 1777 |
| കല്ലഞ്ചിറ ബസ് വെയിറ്റിങ്ങ് ഷെഡ്ഡ് | 684/7-3-18 | - | - | 1233 |
| മുറക്കോട് ചെക്ക് ഡാമിന് മണ്ണിടൽ | 729/21-3-18 | | 100 | 100 |

## 3-16 കുടിവെള്ള വിതരണം- ടെണ്ടർ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

സംസ്ഥാന സർക്കാർ നിർദ്ദേശത്തെ തുടർന്ന് 2017 ഏപ്രിൽ മെയ് മാസങ്ങളിൽ ഗ്രാമ പഞ്ചായത്തിന്റെ നേതൃത്വത്തിൽ വരൾച്ചാ ബാധിത പ്രദേശങ്ങളിൽ കുടിവെള്ളവിതരണം നടത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ബളാൽ , മാലോം വില്ലേജുകളിലായി 42 ദിവസം കുടിവെള്ള വിതരണം നടത്തിയിന് തനത് ഫണ്ടിൽ നിന്നും 3,86,904 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. (ചെക്ക്.നം.1005556തി.16-5-2017₹1,64,000/-,ചെക്ക്.നം.1005560തി.16-5-2017₹2,12,000/-&ചെക്ക്.നം.070342തി. 12-6-2017 ₹10,904/-. ടെണ്ടർ ക്ഷണിച്ചുകൊണ്ടുള്ള പത്രപരസ്യം പരിശോധനയ്ക്ക് ലഭ്യമാക്കിയെങ്കിലും ലഭിച്ച ടെണ്ടറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് കരാറുകാരൻ സമർപ്പിച്ച ടെണ്ടർ രേഖകളും, മറ്റ് ടെണ്ടറുകൾ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും, നെഗോഷിയേഷൻ നടത്തിയതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. കരാറുകാരൻ ലഭ്യമാക്കിയ ട്രിപ്പ് ഷീറ്റുകൾ പ്രകാരം കുടിവെള്ള വിതരണം നടത്തിയിട്ടുണ്ടോയെന്ന് ഉറപ്പ് വരുത്തുന്നതിനായി ഗ്രാമ പഞ്ചായത്ത് അധികൃതരോ റവന്യൂ അധികൃതരോ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. ഇക്കാര്യം പരിശോധിച്ച് കുടിവെള്ള വിതരണത്തിനായി ലഭിച്ച ടെണ്ടർ രേഖകളും, കരാറുകാരൻ നല്കിയ ട്രിപ്പ് ഷീറ്റുകൾ പ്രകാരം കുടിവെള്ളം വിതരണം ചെയ്തിട്ടുണ്ടെന്നുള്ള ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് മെമ്പർമാരുടെ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കുന്നത് വരെ മേൽ പ്രകാരം നടത്തിയ 3,86,904 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-17 ഗ്രാമ പഞ്ചായത്ത് തല പർച്ചേസിങ്ങ് കമ്മിറ്റി-പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതാണ്.

1) ഗ്രാമ പഞ്ചായത്തിൽ 2017-18 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട വാങ്ങൽ നടപടികൾ ഗ്രാമ പഞ്ചായത്ത് തല പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകരിച്ചാണ് നടപ്പിലാക്കിയിട്ടുള്ളത്. പലതിലും ഗുണനിലവാര പരിശോധന നടത്തി ആയതിന്റെയടിസ്ഥാനത്തിൽ ഉയർന്ന നിരക്കിന് അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ വിവിധയിനങ്ങളിലുള്ള ഫർണിച്ചർ, മറ്റ് ഉപകരണങ്ങൾ എന്നിവയുടെ ഗുണനിലവാര പരിശോധനനടത്തുന്നതിനായി ബന്ധപ്പെട്ട മേഖലയിലെ വിദഗ്ദരുടെ സേവനം പ്രയോജനപ്പെടുത്തി ഇതു സംബന്ധിച്ച രേഖകൾ ബന്ധപ്പെട്ട ഫയലുകളിൽസൂക്ഷിച്ചിട്ടില്ല. ഭാവിയിൽ ഇത്തരം സംഗതികളിൽ ബന്ധപ്പെട്ട മേഖലയിലെ വിദഗ്ദരുടെ സേവനം പ്രയോജനപ്പെടുത്തി പരിശോധന സാക്ഷ്യപത്രങ്ങൾ ഫയലുകളിൽ സൂക്ഷിക്കേണ്ടതാണ്.

2)പ്രൊക്യൂർമെന്റ് കമ്മിറ്റിയിൽ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ അംഗമായിരിക്കേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥ പ്രധാനാധ്യാപിക നടപ്പാക്കിയ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികളുടെ അന്തിമ തീരുമാനമെടുത്തത് 07-11-2017 ൽ ചേർന്ന പർച്ചേസിങ്ങ് കമ്മിറ്റിയാണ്. പ്രൊ.നം.11/18, പ്രൊ.നം.133/18, പ്രൊ.നം.14/18, എന്നിവയുമായി ബന്ധപ്പെട്ട് ഗുണനിലവാര പരിശോധന നടത്തിന്റെയടിസ്ഥാനത്തിൽ കൂടിയ നിരക്ക് അംഗീകരിച്ച് വാങ്ങൽനടപടികൾ അന്തിമമാക്കിയിട്ടുണ്ട്. എന്നാൽ പർച്ചേസിങ്ങ് കമ്മിറ്റിയുടെ പ്രസ്തുത യോഗത്തിൽ

നിർവ്വഹണ ഉദ്യോഗസ്ഥ പങ്കെടുത്ത് കാണുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥയുടെ അഭാവത്തിൽ ടെണ്ടറുകൾ അംഗീകരിക്കുവാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതാണ്.

3)ഒരു ലക്ഷത്തിൽ അധികം അടങ്കലുള്ള വാങ്ങലുകൾ ടെണ്ടർ പരസ്യങ്ങൾ വ്യാപകമായ പ്രചാരമുള്ള ഒരു ഇംഗ്ലീഷ് പത്രത്തിലും, മലയാളം പത്രത്തിലും നല്കണമെന്ന പ്രൊക്യൂർമെന്റ് മാനുവലിലെ നിർദ്ദേശം ഗ്രാമ പഞ്ചായത്തിൽ പാലിക്കപ്പെട്ടിട്ടില്ല. ഗ്രാമ പഞ്ചായത്തിലെ മുഴുവൻ ടെണ്ടർ പരസ്യങ്ങളും ഒരു മലയാളം ദിനപത്രത്തിൽ മാത്രമാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. പത്ര പരസ്യം നല്കുന്നത് സംബന്ധിച്ച് പ്രൊക്യൂർമെന്റ് മാനുവലിലെ നിർദ്ദേശം കർശനമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പരസ്യത്തിന്റെ വലുപ്പം കുറച്ച് വിൻഡോ പരസ്യങ്ങളായി കൂടുതൽ പ്രചാരമുള്ള പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതുവഴി കൂടുതൽ മത്സരാധിഷ്ഠിതമായ ടെണ്ടറുകൾ ലഭിക്കുകയും , തെരഞ്ഞെടുപ്പിന് കൂടുതൽ അവസരം ലഭിക്കുകയും ചെയ്യും.

4) വാങ്ങൽ നടപടിക്രമങ്ങൾ സോഷ്യൽഓഡിറ്റ് കമ്മിറ്റി മുമ്പാകെ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല.

5) അഞ്ച് ലക്ഷത്തിൽ അധികം അടങ്കലുള്ള എല്ലാ വാങ്ങലുകളും ഇ-ടെണ്ടർ മുഖേനയായിരിക്കണമെന്ന് സർക്കാർ ഉത്തരവായിട്ടുണ്ട്.(സ.ഉ.(എം.എസ്) നം.13/2015/ITD 12-05-2015) . എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഓഡിറ്റ് വർഷം നടത്തിയ ചില വാങ്ങലുകളിൽ ഈ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. (ഉദാ.പ്രൊ.നം.133/18 വിദ്യാർത്ഥികൾക്ക് മേശയും കസേരയും -ചെലവ് ₹5,39,676)

## 3-18 ഗ്രാമ സഭ ജനപങ്കാളിത്തം വർദ്ധിപ്പിക്കുവാനുതകുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് നിയമം- 1994 വകുപ്പ് 3(2) ആണ് ഗ്രാമസഭയെന്താണെന്ന് വിശദീകരിച്ചത്. ഇതനുസരിച്ച് ഒരു ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിലുൾപ്പെട്ട ഒരു ഗ്രാമത്തെ വോട്ടർപ്പട്ടികയിൽ പേര് ചേർത്തിട്ടുള്ള എല്ലാ ആളുകളും ചേർന്നതാണ് ആ വാർഡിലെ ഗ്രാമസഭ. വകുപ്പ് 3 എ യിൽ ഗ്രാമസഭയുടെ അധികാരങ്ങളും ചുമതലകളും അവകാശങ്ങളും പ്രതിപാദിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തെ ഗ്രാമസഭകളിലെ ജനപങ്കാളിത്തവിവരം സംസ്ഥാന ഓഡിറ്റ് വകുപ്പ് തയ്യാറാക്കിയ വാർഷിക റിപ്പോർട്ടിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ആസൂത്രണവുമായി ബന്ധപ്പെട്ട പ്രധാന ചുമതലകൾ താഴെ കൊടുക്കുന്നു.

3എ(1)(എ)– പഞ്ചായത്തിന്റെ വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിനാവശ്യമായ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും സമാഹരിക്കുന്നതിനും സഹായിക്കുക;

(ബി)-ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പാക്കേണ്ട പദ്ധതികളുടേയും വികസന പരിപാടികളുടേയും നിർദ്ദേശങ്ങൾക്ക് രൂപം നൽകുകയും മുൻഗണന നിർദ്ദേശിക്കുകയും ചെയ്യുക;

(സി)-ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികളെ സംബന്ധിച്ച്, നിശ്ചയിക്കപ്പെട്ട മാനദണ്ഡമനുസരിച്ച് മുൻഗണന ക്രമത്തിൽ, അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന് നൽകുക;

(എം)-ഗ്രാമസഭയുടെ പ്രദേശത്തെ സംബന്ധിച്ച് പഞ്ചായത്ത് എടുത്തിട്ടുള്ള ഓരോ തീരുമാനത്തിന്റേയും യുക്തി അറിയുക

(എൻ)-ഗ്രാമസഭയുടെ തീരുമാനങ്ങൾ സംബന്ധിച്ച് എടുത്തിട്ടുള്ള തുടർനടപടികളെക്കുറിച്ചും ഏതെങ്കിലും തീരുമാനം നടപ്പാക്കിയിട്ടില്ലെങ്കിൽ അതിനുള്ള വിശദമായ കാരണങ്ങളെക്കുറിച്ചും അറിയുക.

(പി)-ഗ്രാമസഭയുടെ പ്രദേശത്തെ ശുദ്ധജലവിതരണം, തെരുവ് വിളക്ക് കത്തിക്കൽ എന്നീ സംവിധാനങ്ങളിലെ പോരായ്മകൾ കണ്ടുപിടിക്കുകയും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക.

വകുപ്പ് (9) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി അപേക്ഷകൾ ക്ഷണിക്കുകയും ലഭിക്കുന്ന അപേക്ഷകളിൻമേൽ അന്വേഷണം നടത്തുകയും ചെയ്ത ശേഷം ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന്റെ അംഗീകാരത്തിന് അയയ്ക്കേണ്ടതാണ്. ലിസ്റ്റിലെ മുൻഗണന ക്രമത്തിന് ഗ്രാമപഞ്ചായത്ത് മാറ്റം വരുത്താൻ പാടില്ലാത്തതുമാണ്.

മുകളിൽ പ്രതിപാദിച്ചത് ഗ്രാമസഭകളുടെ പ്രധാന അധികാരങ്ങളും ചുമതലകളുമാണ്. ഗ്രാമപഞ്ചായത്തിലെ ഗ്രാമ സഭ മിനുട്സുകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ കാര്യങ്ങൾ ചുവടെ കൊടുക്കുന്നു.

1) എല്ലാ വാർഡുകളിലെ ഗ്രാമസഭകളിലും ഏറെക്കുറെ ക്വാറത്തിനടുത്ത ആളുകൾ മാത്രമേ പങ്കെടുത്തിട്ടുള്ളൂ. ബാക്കി 90% വോട്ടർമാരും ഇതിന്റെ ഭാഗവാക്കാവാതെ നിൽക്കുന്നു. 2017-18വർഷം നടന്ന ചുവടെ ചേർത്ത ഗ്രാമ സഭകൾ ആവശ്യമായ ക്വാറം തികയാതെയാണ് ചേർന്നിട്ടുള്ളത്.

| ക്രമ.നമ്പർ | വാർഡ് നം | തിയതി | ക്വാറം |
|---|---|---|---|
| 1 | 3 | 23-2-2018 | 9.26 |
| 2 | 4 | 23-2-2018 | 9.56 |
| 3 | 5 | 03-5-2017 | 8.67 |
| 4 | 5 | 19-7-2017 | 8.67 |
| 5 | 11 | 24-7-2017 | 9.81 |
| 6 | 11 | 21-2-2018 | 9.81 |
| 7 | 12 | 20-2-2018 | 9.38 |
| 8 | 13 | 22-2-2018 | 9.29 |
| 9 | 15 | 06-05-2017 | 9.55 |

2)ഓരോ വാർഡിന്റേയും പ്രശ്നങ്ങളേയോ പരിഹാരങ്ങളേയോ കുറിച്ച് സമഗ്രമായ ചർച്ചകളോ നിർദ്ദേശങ്ങളോ ഉണ്ടാകുന്നില്ല.

3)ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി ചേരുന്ന ഗ്രാമസഭകളിൽ മാത്രമേ ക്വാറത്തിനടുത്ത ആളുകൾ പങ്കെടുക്കുന്നുള്ളൂ. മറ്റു ഗ്രാമസഭകളിലെ ജനകീയ പങ്കാളിത്തം വളരെ കുറവാണ്.

4)എല്ലാ ഗ്രാമസഭകളിലും പൊതുവായ നിർദ്ദേശങ്ങൾ മാത്രമേ വരുന്നുള്ളൂ. പ്രദേശത്തിന്റെ പ്രത്യേകത, അവിടങ്ങളിലെ പ്രധാന പ്രശ്നങ്ങൾ, അത് പരിഹരിക്കാൻ കഴിയുന്ന നിർദ്ദേശങ്ങൾ എന്നിവ വിശദമായി ചർച്ച ചെയ്യുന്നില്ല.

5)ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച് പ്രത്യേക നിർദ്ദേശങ്ങളൊന്നും ഒരു ഗ്രാമസഭയും തയ്യാറാക്കിയിട്ടില്ല.

6)ഗ്രാമസഭയുടെ തീരുമാനങ്ങൾ സംബന്ധിച്ച് എടുത്തിട്ടുള്ള തുടർനടപടികളെക്കുറിച്ചും ഏതെങ്കിലും തീരുമാനം നടപ്പാക്കിയിട്ടില്ലെങ്കിൽ അതിനുള്ള വിശദമായ കാരണങ്ങളെക്കുറിച്ചും അറിയാവുന്നതാണെന്ന് പഞ്ചായത്ത് രാജ് നിയമത്തിൽ പറയുന്നുണ്ടെങ്കിലും ഇത്തരം ചർച്ചകളൊന്നും നടക്കാറില്ല.

7)ഗ്രാമസഭയുടെ പ്രദേശത്തെ ശുദ്ധജലവിതരണം, തെരുവ് വിളക്ക് കത്തിക്കൽ എന്നീ സംവിധാനങ്ങളിലെ പോരായ്മകൾ കണ്ടുപിടിക്കുകയും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യേണ്ടതാണെങ്കിലും പല ഗ്രാമസഭകളും ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യുന്നില്ല.

8)റോഡുകളെ സംബന്ധിച്ച നിർദ്ദേശങ്ങളാണ് അധിക ഗ്രാമസഭകളിലും ചർച്ച ചെയ്യപ്പെടുന്നത്.

9)വകുപ്പ് 3 പ്രകാരം ഗ്രാമസഭയുടെ പരിഗണനയ്ക്ക് വരുന്ന ഓഡിറ്റ് റിപ്പോർട്ടിനെക്കുറിച്ചോ യോഗത്തിൽ ചർച്ച ചെയ്യേണ്ടതും അതിന്റെ അഭിപ്രായങ്ങളും ശുപാർശകളും നിർദ്ദേശങ്ങളും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടതുമാണ്. എന്നാൽ ഇത്തരം കാര്യങ്ങൾ ഒരു ഗ്രാമസഭകളിലും ചർച്ച ചെയ്യപ്പെടുന്നില്ല.

10) വകുപ്പ് 3എ(1)(ജെ) പ്രകാരം സർക്കാരിൽ നിന്നും ലഭിക്കുന്ന പെൻഷൻ, സബ്സിഡി എന്നിവ പോലുള്ള വിവിധതരം ക്ഷേമസഹായങ്ങൾ ലഭിക്കുന്ന ആളുകളുടെ അർഹത പരിശോധിക്കൽ ഗ്രാമസഭകളുടെ ചുമതലകളാണെങ്കിലും അത്തരത്തിൽ ഒന്നും ചെയ്തതായി കാണുന്നില്ല.

11)വകുപ്പ് 3എ(1)(ഐ) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വികസന പ്രവർത്തനങ്ങൾ നടത്തുന്ന ഗുണഭോക്തൃകമ്മിറ്റികളെ നിരീക്ഷിക്കുകയും സഹായിക്കുകയും ചെയ്യേണ്ടതാണെങ്കിലും അത്തരത്തിൽ ചെയ്യുതായി കാണുന്നില്ല.

മുകളിൽ വിവരിച്ച അപാകതകൾ പരിഹരിക്കുന്നതിനുള്ള ഓഡിറ്റ് നിർദ്ദേശങ്ങൾ താഴെ വിവരിക്കുന്നു,

1) എല്ലാ തരത്തിലുള്ള ആളുകളേയും ഗ്രാമസഭയിലെത്തിക്കാൻ വേണ്ട ബോധവത്കരണം നടത്തുക. ഗ്രാമസഭയെന്നാൽ കേവലം ജനകീയാസൂത്രണ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി ചേരുന്ന യോഗം മാത്രമല്ലെന്നും ആ ഗ്രാമത്തിലെ എല്ലാ തരത്തിലുള്ള ആസൂത്രണങ്ങളുടേയും ഉറവിടം ഗ്രാമസഭയിൽ നിന്നാണെന്ന ബോധം ജനങ്ങളിലെത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

2)ഗ്രാമസഭയിൽ ക്രിയാത്മകമായ ചർച്ച ഉയർത്തിക്കൊണ്ടുവരേണ്ടതും, ചർച്ച ചെയ്യാനുള്ള സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുക.

3)ഗ്രാമസഭയിലെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾക്ക് ഭരണസമിതി അർഹമായ പ്രാധാന്യം നൽകാറുണ്ട് എന്ന് ജനങ്ങളെ ബോധവത്കരിക്കുക.

4)ഗ്രാമസഭാ നിർദ്ദേശങ്ങളാണ് വർക്കിംഗ് ഗ്രൂപ്പ്, വികസന സെമിനാർ എന്നിവയിലൂടെ ചർച്ച ചെയ്ത് പ്രൊജക്ടുകളായി രൂപപ്പെടേണ്ടത്.

5)ജനങ്ങൾക്ക് പൊതുവേ സൗകര്യപ്രദമായ ദിവസം എല്ലാവർക്കും അറിയിയിപ്പ് നല്കി ഗ്രാമസഭ വിളിച്ച് കൂട്ടുക.

## 3-19 പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങൾക്കും ക്യാരിബാഗ് വിതരണ പദ്ധതി-

(നിർവ്വഹണ ഉദ്യോഗസ്ഥൻ- വി.ഇ.ഒ. ബളാൽ സർക്കിൾ)

ചെലവ് 2,50,000 രൂപ

ഈ പ്രോജക്റ്റിന്റെ ലക്ഷ്യം പഞ്ചായത്തിലെ,10,000 വ്യക്തികൾക്ക് കോട്ടൺ ക്യാരി ബാഗ് നൽകുക എന്നതായിരുന്നു.ഈ പദ്ധതിയുടെ നിർവ്വഹണത്തിന് വേണ്ടി വി.ഇ.ഒ. (ബളാൽ സർക്കിൾ) ബിൽ നം 7/2017-18 തിയതി 28-3-2018 പ്രകാരം 2,50,000 ട്രഷറിയിൽനിന്നും പിൻവലിച്ച് 5555 എണ്ണം ക്യാരിബാഗുകളുടെ വിലയായി സൈന്റിഫിക് സൊല്യൂഷൻ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.ക്യാരിബാഗ് ഒന്നിന് 25 രൂപ വീതം 10,000 എണ്ണത്തിന് 2,50,000 രൂപ പ്രോജക്ടിൽ വകയിരുത്തിയിട്ടുണ്ട്. ഈ പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ താഴെ നൽകുന്നു.

(1) ഈ പദ്ധതിയുടെ അടങ്കൽ തുക 2,50,000 രൂപ.പർച്ചേസ് നടത്തേണ്ട ക്യാരിബാഗുഗളുടെ എണ്ണം 10,000. അടങ്കൽ തുക മൊത്തം ചെലവ് ചെയ്തിട്ടുണ്ടെങ്കിലും ക്യാരിബാഗ് 10000എണ്ണം വാങ്ങുന്നതിനു പകരം ഒന്നിനു 45 രൂപ വീതം 5,555എണ്ണം മാത്രമാണ് വാങ്ങിയിട്ടുള്ളത്.

(2) സൈന്റിഫിക് സൊല്യൂഷൻസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത്.എന്നാൽ ഈ സ്ഥാപനം സമർപ്പിച്ച ടെണ്ടർ ഷെഡ്യൂളിൽ ക്യാരിബാഗ് എന്ന് മാത്രമാണ് കാണിച്ചിട്ടുള്ളത്. കോട്ടൺ ക്യാരിബാഗ് എന്ന് കാണിച്ചിട്ടില്ല.

(3) 45 രൂപയ്ക്ക് താഴെയുള്ള ക്യാരിബാഗ് ടെണ്ടർ ഷെഡ്യൂളിൽ കാണിച്ചിട്ടുണ്ടെങ്കിലും പർച്ചേസ് നടത്തിയിട്ടില്ല.

(4) 5,555 ക്യാരിബാഗുകൾ പഞ്ചായത്തിലെ 16 ബോർഡ് അംഗങ്ങൾക്ക് 347 വീതം വിതരണത്തിനു വേണ്ടി വി.ഇ.ഒ.നൽക്കിയിട്ടുണ്ടെങ്കിലും ക്യാരിബാഗുകൾ ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയതിന്റെ രേഖ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല.കൂടാതെ ഓരോ വാർഡിൽ നിന്നും 347 ഗുണഭോക്താക്കൾ വീതം തെരഞ്ഞെടുത്തതിന്റെ രേഖയും ഹാജരാക്കിയിട്ടില്ല.

മേൽ കാരണങ്ങളാൽ ചെലവ് തുക 2,50,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് അന്വേഷണം നം.20 തീയതി 30-10-2018 )

## 3-20 ഭവന പുനരുദ്ധാരണം-( പട്ടിക വർഗ്ഗ ഗുണഭോക്താക്കൾക്ക്)

(നിർവ്വഹണ ഉദ്യോഗസ്ഥൻ- വി.ഇ.ഒ. മാലോം സർക്കിൾ)

പ്രോജക്ട് നം 80/18 ചെലവ് 47,75,000 രൂപ .

| ബിൽ നം/തിയതി | തുക |
|---|---|
| 4/17-18 തിയതി 17-11-2017 | 8,50,000 |
| 7/17-18 തിയതി 11-1-2018 | 6,00,000 |
| 10/17-18 തിയതി 11-1-2018 | 7,50,000 |
| 11/17-18 തിയതി 30-1-2018 | 10,25,000 |
| 12/17-18 തിയതി 22-12-2018 | 1,25,000 |
| 13/17-18 തിയതി 22-2-2018 | 6,75,000 |
| 16/17-18 തിയതി 21-3-2018 | 6,00,000 |
| 18/17-18 തിയതി 28-3-2018 | 1,50,000 |
| ആകെ | 47,75,000 |

മുകളിൽ കാണിച്ചത് പ്രകാരം മൊത്തം 47,75,000 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് ഭവന പുനരുദ്ധാരണ പദ്ധതിയുടെ 40 ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്.പ്രവൃത്തി പൂർത്തീകരിച്ച10 ഗുണഭോക്താക്കൾക്ക് 1,50,000 രൂപ വീതം നൽകിയിട്ടുമുണ്ട്.

ഈ പദ്ധതി നടത്തിപ്പിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ താഴെ നൽകുന്നു.

(1) 40 ഗുണഭോക്താക്കളുടെയും ഭവന പുനരുദ്ധാരണത്തിനായി തയ്യാറാക്കിയ എസ്റ്റിമേറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

(2) 10 ഗുണഭോക്താക്കൾക്ക് 1,50,000 രൂപ വീതം നൽകിയിട്ടുണ്ട്.എന്നാൽ പ്രസ്തുത ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചത് സാധൂകരിക്കുന്ന വാല്യുവേഷൻ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
(3) മോണിറ്ററിങ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
ആയതിനാൽ 47,75,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് അന്വേഷണം നം.21 തീയതി 30-10-2018)

## 3-21 ഭവന പുനരുദ്ധാരണം-( പട്ടിക ജാതി ഗുണഭോക്താക്കൾക്ക്)-

(നിർവ്വഹണ ഉദ്യോഗസ്ഥൻ- വി.ഇ.ഒ. മാലോം സർക്കിൾ)

പ്രോജക്ട് നം 81/18,ചെലവ് 6,00,000 രൂപ

| ബിൽ നം/തിയതി | തുക |
|---|---|
| 14/2017-18/22-2-2018 | 1,50,000 |
| 15/2017-18/21-3-2018 | 2,50,000 |
| 17/2017-18/28-3-2018 | 2,00,000 |
| ആകെ | 6,00,000 |

മുകളിൽ കാണിച്ചത് പ്രകാരം 6,00,000 രൂപ ട്രഷറിയിൽനിന്നും പിൻവലിച്ച് ഒരു ഗുണഭോക്താവിനു 1,50,000 രൂപ പ്രകാരം താഴെ കാണിച്ച 4 ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുകയുണ്ടായി.

(1) ഭവന പുനരുദ്ധാരണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഹാജരാക്കിയിട്ടില്ല.

(2) എൻജിനിയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

(3) മോണിറ്ററിങ്ങ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

ഈ കാരണങ്ങളാൽ ചെലവ് തുക 6,00,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് അന്വേഷണം നം.21 തീയതി 30-10-2018)

## 3-22 ഭവന പുനരുദ്ധാരണം-( പട്ടിക വർഗ്ഗ ഗുണഭോക്താക്കൾക്ക്)-കൂടുതൽ തുക നൽക്കിയത്-

(നിർവ്വഹണ ഉദ്യോഗസ്ഥൻ- വി.ഇ.ഒ. മാലോം സർക്കിൾ)

പ്രോജക്ട് നം 80/18 ---- ചെലവ് 2,00,000 രൂപ

ഈ പ്രോജക്ടിന്റെ ഗുണഭോക്തവായ ആണ്ടി,മങ്കലത്ത് വീട്,പുന്നകുന്ന്, എന്ന വ്യക്തിക്ക് നൽക്കേണ്ട തുക 1,50,000രൂപ. എന്നാൽ താഴെ കാണിച്ചത് പ്രകാരം 2,00,000 രൂപ ഗുണഭോക്താവിന് ബാങ്ക് അക്കൗണ്ട് മുഖേന നൽകിയിട്ടുണ്ട്. (Account No 40511100002088)

| ബിൽ നം/ തീയതി | ബിൽതുക | നൽകിയ തുക |
|---|---|---|
| 10/2017-18/11-1-2018 | 7,50,000 | 50,000 |
| 13/2017-18/22-2-2018 | 6,75,000 | 75,000 |
| 16/2017-18/31-3-2018 | 6,00,000 | 75,000 |
| | ആകെ | 2,00,000 |

കൂടുതൽ നൽകിയ 50,000 രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി സഞ്ചിത നിധിയിലേക്ക് വരവ് വെക്കേണ്ടതാണ്

(ഓഡിറ്റ് അന്വേഷണം നം.22 തീയതി 30-10-2018)

## 3-23 ബ്ലോക്ക് പഞ്ചായത്തിനു വിഹിതം നൽകിയത് - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

(നിർവ്വഹണ ഉദ്യോഗസ്ഥൻ- വി.ഇ.ഒ. മാലോം സർക്കിൾ)

താഴെ കാണിച്ചത് പ്രകാരം പരപ്പ ബ്ലോക്ക് പഞ്ചായത്തിനു നൽകിയ 8,05,000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്ര നം | ബിൽ നം/തിയതി | തുക | വിശദീകരണം |
|---|---|---|---|
| 1 | 2/2017-18 /27-9-2017 | 1,72,500 | പരപ്പ ബ്ലോക്ക് പഞ്ചായത്തിനു നൽകിയത് ,പ്രോജക്ട് നം 79/18 PMAY വിഹിതം(3*57,500) |
| 2 | 3/2017-18 /12-10-2018 | 6,32,500 | പരപ്പ ബ്ലോക്ക് പഞ്ചായത്തിനു നൽകിയത് ,പ്രോജക്ട് നം 253/18 PMAY(ST) വിഹിതം(11*57,500) |
| | ആകെ | 8,05,000 | |

വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ 8,05,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് അന്വേഷണം നം.21 തീയതി 30-10-2018 )

## 3-24 മഴക്കാല പൂർവ്വശുചീകരണവും പ്രതിരോധ പ്രവർത്തനം നടത്തിയതിനും തുക

## ചെലവഴിച്ചതിൽ - അപാകത.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി |
| പ്രൊജക്ട് നമ്പർ. | 270/18 ,മഴക്കാല പൂർവ്വശുചീകരണവും പ്രതിരോധ പ്രവർത്തനവും |
| ബിൽ നമ്പർ. | 10/17-18,തീയ്യതി. 23-03-2018<br>30,000/-(വികസന ഫണ്ട് ,ജനറൽ) |

2017-18 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ മഴക്കാല പൂർവ്വ ശുചീകരണ പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്തിലെ മുഴുവൻ വീടുകളിലും, സ്ഥാപനങ്ങളിലും ബോധവൽക്കരണ നോട്ടീസും, ഉറവിട മാലിന്യങ്ങളെകുറിച്ച് അറിയുന്നതിനുവേണ്ടി സർവ്വെയും,മൈക്ക് അനൗൺസ് മെന്റും,ബോധവൽക്കരണ ക്ലാസ്സും,പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്യുന്ന സ്ഥലങ്ങളിലും വരാൻ സാധ്യതയുള്ള സ്ഥലങ്ങളിലും ഉറവിട നശീകരണ പ്രവർത്തനങ്ങൾ നടത്തുവാനും വേണ്ടിയാണ് ഈ പ്രൊജക്ട് വിഭാവനം ചെയ്തത്. മഴക്കാല പൂർവ്വശുചീകരണവും പ്രതിരോധ പ്രവർത്തനവും നടത്തുന്നതിന് 30,000/-രൂപ ചെലവഴിച്ചിട്ടുണ്ട്.

മൺസൂൺ കാലത്ത് പകർച്ച വ്യാധികൾ പടർന്നു പിടിക്കുന്നതിനുള്ള സാധ്യത ഒഴിവാക്കാൻ ലക്ഷ്യമിട്ട കൊണ്ട് വിവിധ പ്രതിരോധ പ്രവർത്തനങ്ങൾ രൂപീകരിച്ച് പ്രാദേശിക തലത്തിൽ നടപ്പിലാക്കുക എന്നതാണ് മഴക്കാല പൂർവ്വശുചിത്വ ക്യാംപെയിൻ കൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്. 03.05.2013 ലെ 22963/ഡി.സി.1/2013/ത.സ്വ.ഭ.വ. നം. സർക്കുലറിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മഴക്കാല പൂർവ്വശുചിത്വ ക്യാംപെയിൻ നടപ്പാക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം പദ്ധതിയുടെ പ്രാഥമിക ഘട്ടമായി വിവിധ സർക്കാർ വകുപ്പുകളിലെ ജീവനക്കാർ, കുടുംബശ്രീ മെമ്പർമാർ, അങ്കണവാടി പ്രവർത്തകർ, ആരോഗ്യദായക വളണ്ടിയർമാർ, റസിഡന്റ്സ് അസോസിയേഷനുകൾ, ആശവർക്കർമാർ, മറ്റ് സന്നദ്ധ പ്രവർത്തകർ എന്നീ വിഭാഗങ്ങളെ ഉൾപ്പെടുത്തി ഏപ്രിൽ നാലാം വാരത്തിനു മുമ്പ് മാലിന്യ പ്രശ്നങ്ങൾ ഉള്ള പ്രദേശങ്ങൾ, വെള്ളം കെട്ടി നിന്ന് കൊതുക് പെരുകുന്നതിന് സാധ്യതയുള്ള സ്ഥലങ്ങൾ, ഓടകൾ നന്നായി പരിപാലിക്കാത്ത പ്രദേശങ്ങൾ, വെള്ളം കെട്ടി നില്ക്കുന്ന ടാങ്കുകൾ എന്നിങ്ങനെയുള്ള അപകടകരമായ സ്ഥലങ്ങൾ കണ്ടെത്തി റിപ്പോർട്ട് തയ്യാറാക്കണം. ഇതിനായി സമൂഹത്തിലെ എല്ലാ തട്ടിലേയും ജനങ്ങളേയും ഉൾപ്പെടുത്തി വാർഡ് തലത്തിൽ ശുചിത്വ കൂട്ടായ്മ, ശുചിത്വ സ്ക്വാഡുകളുടെ രൂപീകരണം, വാർഡ് തല ശുചിത്വ മാപ്പിംഗ് ഉടങ്ങിയ പ്രവർത്തനങ്ങൾക്ക് സാനിറ്റേഷൻ സമിതിയുടെ നേതൃത്വത്തിൽ നടപ്പാക്കണം. ഇത്തരത്തിൽ തയ്യാറാക്കിയ റിപ്പോർട്ടുകൾ ഗ്രാമപഞ്ചായത്ത് തലത്തിൽ ക്രോഡീകരിച്ച്, ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾക്ക് കർമ്മ പരിപാടി രൂപീകരിച്ചതിനു ശേഷമാണ് പദ്ധതി ആരംഭിക്കേണ്ടത്. എന്നാൽ ഇത്തരത്തിലുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്താതെയാണ് മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തികൾ പഞ്ചായത്തിൽ നടപ്പാക്കിയത്.

മഴക്കാലപൂർവ്വ ശുചീകരണം 2017 ഏപ്രിൽ മാസം ആരംഭിച്ച് ജൂൺ മാസം അവസാനിക്കുന്നതാണ്. അതിനനുസരിച്ചാണ് പ്രവർത്തനങ്ങൾ നടത്തേണ്ടത്. എന്നാൽ സമർപ്പിച്ച രേഖകൾ പരിശോധിച്ചതിൽ പ്രകാരം മഴക്കാല പൂർവ്വശുചീകരണ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയത് 2018 ജനവരി മുതൽ 2018 മാർച്ച് വരെയുള്ള മാസങ്ങളിലാണ്, മഴക്കാല പൂർവ്വ ശുചീകരണത്തിന് സർക്കാർ നിർദ്ദേശാനുസരണമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കാതെ 2018 ജനവരി മുതൽ 2018 മാർച്ച് വരെയുള്ള മാസങ്ങളിലാണ് തുക ചെലവഴിക്കുന്നത് ശരിയായ നടപടിയല്ല. ഓഡിറ്റ് വർഷങ്ങളിൽ പഞ്ചായത്ത് പരിധിയിൽ മഴക്കാല പൂർവ്വ ശുചീകരണ പ്രതിരോധ പ്രവർത്തികൾ നടപ്പാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ഈ ചെലവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു. തുക കൈപ്പറ്റിയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ചെലവ് | ചെലവഴിച്ചതീയ്യതി | തുക കൈപ്പറ്റിയ വ്യക്തി | കൈപ്പറ്റിയ തുക | തുക കൈപ്പറ്റിയ തീയ്യതി |
|---|---|---|---|---|---|
| 1 | ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വണ്ടി ഓടിയതിനുള്ള വണ്ടി വാടക തുക<br>KL 5H 8686 | 26-01-2018 | ബിജോ.എ.എം | 2,500 | 02-01-2018 |

| | | | | | |
|---|---|---|---|---|---|
| | (170 X 15) | | | | |
| 2 | ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വണ്ടി ഓടിയതിനുള്ള വണ്ടി വാടക തുക<br>KL 5H 8686<br>(170 X 15) | 28-01-2018 | ബിജോ.എ.എം | 2,500 | 28-01-2018 |
| 3 | നോട്ടീസ് ചെലവ്.<br>6000 എണ്ണം<br>ഇൻവോയ്സ് നം.198<br>മലബാർ ഗ്രാഫിക്സ് വെള്ളരിക്കുണ്ട് | 09-03-2018 | റിൻങ്കു മാത്യു | 9,000 | 09-03-2018 |
| 4 | സർവ്വെ ഫോം ചെലവ് 2000 എണ്ണം<br>ഇൻവോയ്സ് നം.199<br>മലബാർ ഗ്രാഫിക്സ് വെള്ളരിക്കുണ്ട് | 10-03-2018 | റിൻങ്കു മാത്യു | 2,000 | 10-03-2018 |
| 5 | മൈക്ക് ജനറേറ്റർ ചെലവ്<br>അമല ഡെക്കറേഷൻ & സൗണ്ട്, ബളാൽ | 26-01-2018 | ബിജു എം ജോസ് | 2,500 | 26-01-2018 |
| 6 | മൈക്ക് ജനറേറ്റർ ചെലവ്<br>അമല ഡെക്കറേഷൻ & സൗണ്ട്, ബളാൽ | 28-01-2018 | ബിജു എം ജോസ് | 2,500 | 28-01-2018 |
| 7 | ശുചീകരണ ചെലവ്<br>19-01-2018 മുതൽ<br>22-01-2018 വരെ<br>(250 X 4 ) | 19-01-2018 മുതൽ<br>22-01-2018 വരെ | സുജാത കേശവൻ | 1000 | 22-01-2018 |
| 8 | ക്ലോത്ത് ബാനർ ചെലവ് , ഇൻവോയ്സ് നം.922<br>ഗാലറി ഫ്ലക്സ് പ്രിന്റ് വെള്ളരിക്കുണ്ട് | 13-03-2018 | സനി.വി.ജെ | 620 | 13-03-2018 |
| 9 | ക്ലോത്ത് ബാനർ ചെലവ്<br>ബിൽ നം.924<br>ഗാലറി ഫ്ലക്സ് പ്രിന്റ് വെള്ളരിക്കുണ്ട് | 13-03-2018 | സനി.വി.ജെ | 620 | 13-03-2018 |
| 10 | ഭക്ഷണ ചെലവ്<br>ബിൽ നം.146<br>ഹരിത ഹോട്ടൽ&കാറ്ററിംഗ് സർവ്വീസ്.വെള്ളരിക്കുണ്ട്<br>ചായ- 150 x 10<br>ചെറുകടി-150 x 10 | 13-03-2018 | അജു ജോസഫ് | 2,980 | 13-03-2018 |

| | | | | | |
|---|---|---|---|---|---|
| 11 | ഭക്ഷണ ചെലവ്<br>ബിൽ നം.192<br>ഹോട്ടൽ ഗ്രീൻപാർക്ക് .വെള്ളരിക്കുണ്ട്<br>ചായ- 149 x 10<br>ചെറുകടി-149 x 10 | 13-03-2018 | ആന്റണി.പി എ | 2,980 | 13-03-2018 |
| 12 | ഫോട്ടോ ചാർജ്ജ്<br>നെൻമണി സ്റ്റുഡിയോ<br>വെള്ളരിക്കുണ്ട് | 15-10-2017 | ബിനു.എൽ | 800 | 15-10-2017 |
| | | | ആകെ | 30,000 | |

i)മഴക്കാലപൂർവ്വ ശുചീകരണം 2017 ഏപ്രിൽ മാസം ആരംഭിച്ച് ജൂൺ മാസം അവസാനിക്കുന്നതാണ്.എന്നാൽ ഗ്രാമ പഞ്ചായത്തിൽ മഴക്കാല പൂർവ്വശുചീകരണ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയത് 2018 ജനവരി മുതൽ 2018 മാർച്ച് വരെയുള്ള മാസങ്ങളിലാണ്. സർക്കാർ നിർദ്ദേശാനുസരണമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കാതെ തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ii)മഴക്കാല പൂർവ്വശുചീകരണ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയതിന് 150 പേർക്ക് ഭക്ഷണചെലവിനായി രണ്ട് വൗച്ചറുകൾ പ്രകാരം ആകെ 5,960/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മഴക്കാല പൂർവ്വശുചീകരണ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയവരുടെ പേര് വിവരങ്ങൾ അടങ്ങിയ ലിസ്റ്റ് ഫയലിൽ ലഭ്യമല്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

iii)മഴക്കാല പൂർവ്വശുചീകരണ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി ഫോട്ടോ എടുക്കുന്നതിനുള്ള ചാർജ്ജായി ശ്രീ.ബിനു.എൽ എന്ന വ്യക്തി 800/-രൂപ കൈപ്പറ്റിയത് 15-10-2017 നാണ്. എന്നാൽ ഫയൽ പരിശോധിച്ചതിൽ നിന്നും മഴക്കാല പൂർവ്വശുചീകരണ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത് 2018 ജനവരി മുതൽ 2018 മാർച്ച് വരെയുള്ള മാസങ്ങളിലാണ്. ശ്രീ.ബിനു.എൽ എന്നയാൾക്ക് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിന് മുമ്പേ തന്നെ ഫോട്ടോ എടുക്കുന്നതിനുള്ള ചാർജ്ജായി 800/-രൂപ 15-10-2017 ന് തന്നെ നൽകിയിട്ടുണ്ട് ഈ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

iv)മഴക്കാല പൂർവ്വശുചീകരണ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ 26-01-2018ന് വണ്ടി ഓടിയിട്ടുണ്ട്. എന്നാൽ വണ്ടി ഓടിയതിന്റെ വാടക തുകയായി ശ്രീ.ബിജോ.എ.എം എന്നയാൾ തുക കൈപ്പറ്റിയത് 02-01-2018 നാണ്. അതായത് 24 ദിവസം മുമ്പേതന്നെ ശ്രീ.ബിജോ.എ.എം തുക കൈപ്പറ്റിയതായി ഫയൽ പരിശോധനയിൽ കാണുകയുണ്ടായി ഈ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

മഴക്കാലങ്ങളിൽ പടർന്നു പിടിക്കുന്ന മാരക രോഗങ്ങൾ അനിവാര്യമായി നിയന്ത്രിതമാക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ അനുവദിക്കുന്ന തുക നിർദ്ദേശിച്ച രീതിയിൽ ചെലവഴിക്കാതെ വിനിയോഗിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മേൽ അപാകതകൾ വിശദീകരണം ആവശ്യപ്പെട്ട്കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം. 4/25-10-2018) മറുപടി ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം വ്യക്തമാക്കേണ്ടതാണ്. അതിനാൽ 30,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-25 <u>പ്രൊജക്റ്റ് നമ്പർ **78/17-18** പ്രകാരം പാലിയേറ്റീവ് ഹോം കെയറും അനുബന്ധ പ്രവർത്തനങ്ങൾക്കും തുക ചെലവഴിച്ചതിൽ -അപാകത.</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ,പി.എച്ച്.സി

പ്രൊജക്റ്റ് നം. 78/18 -പാലിയേറ്റീവ് ഹോം കെയറും അനുബന്ധപ്രവർത്തനങ്ങളും

| | | |
|---|---|---|
| ബിൽ നം.01/17-18 | 1,58,526 | 13-10-2017 |

| | | |
|---|---|---|
| ബിൽ നം.05/17-18 | 55,000 | 23-01-2018 |
| ബിൽ നം.06/2017-18 | 24,443 | 14-03-2018 |
| ബിൽ നം.07/17-18 | 68,517 | 28-03-2018 |
| ബിൽ നം.08/17-18 | 2,00,000 | 28-03-2018 |
| ചെക്ക് നം.3707783 | 1,00,000 | 28-03-2018 |
| ആകെ | 6,06,486 | |

ഫണ്ട് വിവരം

| | |
|---|---|
| വികസന ഫണ്ട് ജനറൽ | 3,06,486 |
| വികസന ഫണ്ട് എസ്.സി.പി | 2,00,000 |
| ജില്ലാപഞ്ചായത്ത് വിഹിതം | 1,00,000 |
| ആകെ | 6,06,486 |

2017-18 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് ഹോം കെയറും അനുബന്ധപ്രവർത്തനങ്ങൾക്കും വേണ്ടി 6,06,486/- തുക ചെലവഴിച്ചിട്ടുണ്ട്. പാലിയേറ്റീവ് ഹോം കെയറും അനുബന്ധ പ്രവർത്തനത്തിന്റെ ഭാഗമായി ബളാൽ പഞ്ചായത്തിൽ രജിസ്റ്റർചെയ്ത 407 രോഗികളെ പരിചരണ പ്രവർത്തനങ്ങൾ നടത്തുവാനും വേണ്ടിയാണ് ഈ പ്രൊജക്ട് വിഭാവനം ചെയ്തത്. ഓഡിറ്റ് വർഷങ്ങളിൽ പഞ്ചായത്ത് പരിധിയിൽ പാലിയേറ്റീവ് ഹോം കെയറും അനുബന്ധപ്രവർത്തനങ്ങൾ നടപ്പാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ഈ ചെലവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പ്രൊജക്ടിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഹോം കെയർ നടത്തുന്നതിന് ദിവസവാടകയ്ക്ക് ഓടുവാൻ 01-04-2017 മുതൽ 31-03-2018 വരെ ജോർജ്ജ് വി.ടി, സാജു ഫിലിപ്പ് എന്നിവരുടെ ഉടമസ്ഥതയിലുള്ള KL 60K 4627 , KL 60E 2049 എന്നീ വാഹനങ്ങൾ ഉപയോഗപ്പെടുത്തുകയും ഒരു ദിവസത്തേക്ക് 1047, 990 രൂപാനിരക്കിൽ താഴെപ്പറയുന്ന ദിവസങ്ങളിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഹോം കെയർ പ്രവർത്തനം നടത്തുന്നതിനുവേണ്ടി വാഹനം ഓടിയിട്ടുണ്ട്.

| വാഹനം ഓടിയ ദിവസം | ആകെ വാഹനം ഓടിയ ദിവസങ്ങൾ | നൽകിയ തുകയുടെ നിരക്ക് | വാഹനം ഓടിയ വകയിൽ നൽകിയ വേതനം |
|---|---|---|---|
| 05-04-2017 മുതൽ 29-04-2017 വരെ | 16 | 1047 | 16,752 |
| 04-05-2017 മുതൽ 29-05-2017 വരെ | 16 | 1047 | 16,752 |
| 08-06-2017 മുതൽ 19-06-2017 വരെ | 9 | 1047 | 9,423 |
| 20-06-2017 മുതൽ 30-06-2017 വരെ | 7 | 990 | 6,930 |
| 05-07-2017 മുതൽ 29-07-2017 വരെ | 16 | 990 | 15,840 |
| 02-08-2017 മുതൽ 27-08-2017 വരെ | 16 | 990 | 15,840 |

| | | | |
|---|---|---|---|
| 13-09-2017 മുതൽ 30-09-2017 വരെ | 11 | 990 | 10,890 |
| 04-10-2017 മുതൽ 29-10-2017 വരെ | 15 | 990 | 14,850 |
| 04-11-2017 മുതൽ 29-11-2017 വരെ | 16 | 990 | 15,840 |
| 06-12-2017 മുതൽ 29-12-2017 വരെ | 16 | 990 | 15,840 |
| 04-01-2018 മുതൽ 29-01-2018 വരെ | 14 | 990 | 13,860 |
| 02-02-2018 മുതൽ 28-02-2018 വരെ | 15 | 990 | 14,850 |
| 02-03-2018 മുതൽ 31-03-2018 വരെ | 17 | 990 | 16,830 |

മേൽ ദിവസങ്ങളിൽ ഹോം കെയറും അനുബന്ധപ്രവർത്തനങ്ങൾക്കും വേണ്ടി വാഹനം ഓടിച്ചതിന്റെ ട്രിപ്പ്ഷീറ്റ് ഓഡിറ്റ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. മേൽ ദിവസങ്ങളിൽ വാഹനം ഓടിയതിന്റെ ട്രിപ്പ്ഷീറ്റ് പരിശോധയ്ക്ക് ഹാജരാക്കേണ്ടതാണ്.

2) ബിൽ നം.06/2017-18 പ്രകാരം പരിചരണ പ്രവർത്തനത്തിന്റെ ഭാഗമായി രോഗികൾക്ക് 24,443/-രൂപയുടെ ഭക്ഷ്യസാധനങ്ങൾ വാങ്ങുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട് വിശദവിവരം ചുവടെ കൊടുക്കുന്നു.

| കേരള സ്റ്റേറ്റ് സിവിൽ സപ്ലൈയ്സ് കോർപ്പറേഷനിൽ നിന്നും വാങ്ങിയ സാധനങ്ങൾ ( ഇഷ്യൂ നമ്പർ 1402110/172617 തീയ്യതി 07-02-2018 ) | വാങ്ങിയ സാധന ങ്ങളുടെ അളവ് (കി.ഗ്രാം) |
|---|---|
| ചെറു പയർ | 25 |
| കടല | 25 |
| കടുക് | 5 |
| എണ്ണ | 50 |
| ചായപൊടി | 13 |
| പഞ്ചസാര | 50 |
| അരി | 250 |
| ലൈഫ്ബോഡി | 50 |
| വാനിലക്രീം | 50 |
| ഡിറ്റർജെന്റ് കേക്ക് | 100 |

മേൽ തുക ചെലവഴിച്ച് വാങ്ങിയ സാധനങ്ങൾ ഏതൊക്കെ രോഗികൾക്കാണ് വിതണം ചെയ്തത് , എത്ര കിലോഗ്രാം വീതം ഏതൊക്കെ ഭക്ഷ്യസാധനങ്ങളാണ് രോഗികൾക്ക് വിതരണം ചെയ്തത്, വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിൽ എടുത്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ തുടങ്ങിയ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയത് പരിശോധയ്ക്ക് ഹാജരാക്കേണ്ടതാണ്.

3) ബിൽ നം.05/2017-18 പ്രകാരം 55,000/-രൂപ മെഡിക്കൽ ഓഫീസർ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് തിരുവനന്തപുരത്തിന് മുൻകൂറായി കൈമാറിയിട്ടുണ്ട്. എന്നാൽ 42,305/-രൂപയുടെ മരുന്നുകൾ മാത്രമെ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ സ്ഥാപനത്തിന് ലഭ്യമാക്കിയിട്ടുള്ളൂ ശേഷിക്കുന്ന 12,695/-രൂപയുടെ മരുന്നുകൾ ഇനിയും സ്ഥാപനത്തിന് ലഭ്യമാക്കാനുണ്ട്. ഗ്രാമ പഞ്ചായത്തിൽ നിന്നും കൈമാറിയ മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതും , ലഭ്യത ഉറപ്പാക്കി ഇതു സംബന്ധിച്ച മറുപടി ബന്ധപ്പെട്ട മരുന്നുകൾ സ്റ്റോക്കിലെടുത്ത് രേഖകൾ രേഖകൾ സഹിതം ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. കൂടാതെ ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുമുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

4) പ്രൊജക്റ്റ് നമ്പർ.78/18 പ്രകാരം പാലിയേറ്റീവ് ഹോം കെയറും അനുബന്ധപ്രവർത്തനങ്ങൾക്കുവേണ്ടി ജില്ലാപഞ്ചായത്ത് വിഹിതമായി 1,00,000/-രൂപ താഴെപ്പറയുന്ന മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനു വേണ്ടി തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | വാങ്ങിയ ഉപകരണങ്ങൾ (സയിന്റിഫിക്ക് സോല്യൂഷൻ കാഞ്ഞങ്ങാട്, ബിൽ നമ്പർ-43/ 17-03-2018 | സാധനങ്ങളുടെ എണ്ണം & സാധനങ്ങളുടെ വില വിവരം | സാധനങ്ങളുടെ ആകെ തുക |
|---|---|---|---|
| 1 | വീൽ ചെയർ | 6 X 4650 | 27,900 |
| 2 | എയർ ബെഡ്ഡ് | 10 x 1670 | 16,700 |
| 3 | വാട്ടർ ബെഡ്ഡ് | 11 x 1400 | 15,400 |
| 4 | ക്രച്ചർ | 2 x 1800 | 3,600 |
| 5 | വാക്കർ | 10 x 1400 | 14,000 |
| 6 | എയർ കുഷൻ | 5 x 400 | 2,000 |
| 7 | ബെഡ്ഡ് പാൻ | 10 x 430 | 4,300 |
| 8 | സിറ്റിംഗ് കമ്മോട് | 5 x 700 | 3,500 |
| 9 | ഡയപ്പർ അഡൾട്ട് | 44 x 290 | 12,760 |
| | | | 1,00,160 |

മേൽ പ്രകാരം വാങ്ങിയ മെഡിക്കൽ ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ ( പേജ് നമ്പർ 35) പരിശോധിച്ചതിൽ ക്രമ നമ്പർ 9 പ്രകാരം 12,760/-രൂപയുടെ 44 ഡയപ്പർ അഡൾട്ട് മെഡിക്കൽ ഉപകരണങ്ങൾക്ക് പകരം 6,960/-രൂപയുടെ ( 24 എണ്ണം ) ഡയപ്പർ അഡൾട്ട് ഉപകരണങ്ങൾ മാത്രമെ സ്ഥാപനം കൈപ്പറ്റിയിട്ടുള്ളൂ ബാക്കി 5,800/-രൂപയുടെ ഉപകരണങ്ങൾ ഇനിയും സ്ഥാപനത്തിന് ലഭിക്കാനുണ്ട്. 5,800/-രൂപയുടെ ഉപകരണങ്ങൾ ലഭ്യമാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മേൽ അപാകതകൾ വിശദീകരണം ആവശ്യപ്പെട്ട്കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം.6/27-10-2018) മറുപടി ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം വ്യക്തമാക്കേണ്ടതാണ്.

## 3-26 <u>മെഡിക്കൽ ഓഫീസർ,(ഹെൽത്ത്)- ആരോഗ്യ മേഖലയിൽ സമയബന്ധിതമായി മരുന്ന് ലഭിച്ചിട്ടില്ല.</u>

ഗ്രാമ പഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ ആരോഗ്യ മേഖലയിൽ (അലോപ്പതി)മരുന്ന് വാങ്ങുന്നതിനായി വാർഷിക പദ്ധതിപ്രകാരം 8,98,095/- ലക്ഷം രൂപ മെഡിക്കൽ ഓഫീസർ കേരള മെഡിക്കൽ

സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് തിരുവനന്തപുരത്തിന് മുൻകൂറായി കൈമാറിയിട്ടുണ്ട്. ഇതു പ്രകാരം ലഭ്യമാകേണ്ട മരുന്നുകൾ ഭാഗീകമായിമാത്രമാണ് ആശുപത്രിക്ക് ലഭിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിൽ നിന്നും കൈമാറിയ മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതും , ലഭ്യത ഉറപ്പാക്കി ഇതു സംബന്ധിച്ച മറുപടി ബന്ധപ്പെട്ട മരുന്നുകൾ സ്റ്റോക്കിലെടുത്ത് രേഖകൾ രേഖകൾ സഹിതം ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. വിശദീകരണം ആവശ്യപ്പെട്ട്കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം. 5/27-10-2018) മറുപടി ഹാജരാക്കിയിട്ടില്ല.

| നിർവ്വഹണോദ്യോഗസ്ഥൻ | പ്രൊജക്ട് നം | തുകകൈമാറിയ സ്ഥാപനം | ട്രഷറി ബിൽ നമ്പർ /തീയ്യതി/തുക | ബിൽനം/ ചെക്ക് നം തീയതി | ലഭ്യമായ മരുന്ന് (തുക) | ലഭ്യമാകുവാൻ അവശേഷിക്കുന്ന മരുന്ന് (തുക) |
|---|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ ഗവ:പ്രാഥമിക ആരോഗ്യ കേന്ദ്രം, വെള്ളരിക്കുണ്ട് | S005/18 വെള്ളരിക്കുണ്ട്,കൊന്നക്കാട് പി.എച്ച്.സിക്ക് ആശുപത്രിക്ക് മരുന്ന് വാങ്ങൽ | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് തിരുവനന്തപുരത്തിന് | 3,98,095 (മെയിന്റനൻസ് ഫണ്ട് റോഡിതരം ) | 3/17-18 16-01-2018 | 3,24,852 | 73,243 |
| മെഡിക്കൽ ഓഫീസർ ഗവ:പ്രാഥമിക ആരോഗ്യ കേന്ദ്രം, വെള്ളരിക്കുണ്ട് | S075/18 പാവപ്പെട്ട നിത്യരോഗികൾക്ക് മരുന്ന് വാങ്ങൽ | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് തിരുവനന്തപുരത്തിന് | Rs.4,00,000 (വികസന ഫണ്ട് ജനറൽ ) | 03/17-18 16-01-2018 | 3,00,138 | 99,862 |
| മെഡിക്കൽ ഓഫീസർ ഗവ:പ്രാഥമിക ആരോഗ്യ കേന്ദ്രം, വെള്ളരിക്കുണ്ട് | S076/18 പട്ടികവർഗ്ഗ-പട്ടികജാതി കോളനികളിൽനിത്യ രോഗികൾക്ക് മരുന്ന് വാങ്ങൽ | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് തിരുവനന്തപുരത്തിന് | Rs.1,00,000 (വികസന ഫണ്ട് എസ്.സി.പി ) | 04/17-18 23-01-2018 | 68,660 | 31,340 |
| | | ആകെ | 8,98,095 | | 6,93,650 | 2,04,445 |

2) നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ആരോഗ്യ മേഖലയിൽ (അലോപ്പതി) മരുന്ന് വാങ്ങുന്നതിനായി വിവിധ പ്രൊജക്ടുകൾ പ്രകാരം 8,98,095/- ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുമുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആരോഗ്യമേഖലയിൽ മരുന്നുകളും ബന്ധപ്പെട്ട സാമഗ്രികളും വാങ്ങുമ്പോൾ ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുമുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ പ്രത്യേകം സൂചിപ്പിച്ചിട്ടുണ്ട്. പദ്ധതികൾ പ്രകാരമുള്ള മരുന്നുകൾ വാങ്ങുമ്പോൾ ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുമുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന് പകരം കെ.എം.സി.എൽ ജില്ലാ മെഡിക്കൽ ഡിപ്പോയിൽ നിന്നുമുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത് . കെ.എം.സി.എൽ ജില്ലാ മെഡിക്കൽ ഡിപ്പോയിൽ നിന്നുമുള്ള ഉദ്യോഗസ്ഥരെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർ അധികാരപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഇതു സംബന്ധിച്ച ഉത്തരവുകൾ പരിശോധയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ആയതിനാൽ ഇതു സംബന്ധിച്ച സാക്ഷ്യപത്രം ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-27 ക്ഷീര കർഷകർക്ക് പാൽ അളന്നതിന് സബ്സിഡി- ചെലവ് രേഖകൾ അപൂർണ്ണം

നിർവ്വഹണ ഉദ്യോഗസ്ഥൻ ഡയറിഫാം ഇൻസ്പെക്ടർ 2017-18 വർഷം ബളാൽ ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ ക്ഷീരകർഷകർക്ക് പാൽ അളന്നതിനുള്ള സബ്സിഡി വിതരണം (പ്രൊ.നം.248/18) പദ്ധതിയുടെ ഭാഗമായി വികസന ഫണ്ട്, ബ്ലോക്ക് ജില്ലാ പഞ്ചായത്ത് വിഹിതം എന്നീയിനങ്ങളിൽ 28,07,100 രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകളുടെ സൂക്ഷിപ്പിൽ ചുവടെ ചേർത്ത ന്യൂനതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി

എ).നിർവ്വഹണ ഉദ്യോഗസ്ഥൻ ധന ഇടപാടുകൾ രേഖപ്പെടുത്തിയ ക്യാഷ് ബുക്ക് (ഫോം.നം 7A) പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ബി).ചുവടെ ചേർത്ത പ്രകാരം ക്ഷീര സംഘങ്ങൾക്ക് കൈമാറിയ തുക കൈപ്പറ്റിയതിന്റെ രസീതുകൾ പരിശോധനയ്ക്ക്

ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | ക്ഷീര സംഘത്തിന്റെ പേര് | തുക |
|---|---|---|
| 1 | എടത്തോട് ക്ഷീര സംഘം | 167730 |
| 2 | മാലോം ക്ഷീര സംഘം | 579732 |
| 3 | ബളാൽ ക്ഷീര സംഘം | 811398 |
| 4 | കൊന്നക്കാട് ക്ഷീര സംഘം | 413499 |
| 5 | വെള്ളരിക്കുണ്ട് ക്ഷീര സംഘം | 834741 |

സി).വെള്ളരിക്കുണ്ട് ക്ഷീര സംഘത്തിന് ആകെ 8,34,741 രൂപ കൈമാറിയിട്ടുണ്ടെങ്കിലും പരിശോധനയ്ക്ക് ലഭ്യമാക്കിയ പാൽ അളന്ന കർഷകരുടെ വിവരങ്ങൾ ഉൾപ്പെടുന്ന സ്റ്റേറ്റ്മെന്റ് പ്രകാരം കണക്കാക്കിയ സബ്സിഡി 6,69,606 രൂപയാണ്. അവശേഷിക്കുന്ന തുകയുടെ വിനിയോഗം സാധൂകരിക്കുന്ന രേഖകൾ (കർഷകരുടെ വിവരങ്ങളും പാൽ അളന്നതിന്റെ വിശദാംശങ്ങളും ) പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.
ഡി).ബളാൽ ക്ഷീര സംഘത്തിന് അനുവദിച്ച 8,11,398 രൂപ കർഷകരുടെ അക്കൗണ്ടുകളിലേയ്ക്ക് കൈമാറുന്നതിനായി ക്ഷീര സംഘം അധികൃതർ ബാങ്കിൽ നിക്ഷേപിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

സി) പദ്ധതിപ്രകാരം ആനുകൂല്യം നല്കിയ ക്ഷീര കർഷകർക്ക് വകുപ്പ്തലത്തിൽ ആനുകൂല്യം ലഭിച്ചിട്ടുണ്ടായെന്നത് സംബന്ധിച്ച സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ ന്യൂനതകൾ പരിഹരിക്കുവാനാവശ്യമായ നടപടികൾ സ്വീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 3- തിയതി 25.10.2018)

## 3-28 വനിതകൾക്ക് ബ്രോയിലർ യൂണിറ്റ്-

(നിർവ്വഹണ ഉദ്യോഗസ്ഥൻ- വെറ്റി.സർജൻ)

പ്രോജക്ട് നം 48/18 – ചെലവ് 2,75,000 രൂപ

വെറ്റിനറി സർജൻ ബിൽ.നം പി.3/2017-18 തി 30-1-2018 പ്രകാരം 2,75,000 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് ബ്രോയിലർ യൂണിറ്റ് സബ്സിഡിയായി 11 ഗുണഭോക്താക്കൾക്ക് നൽക്കിയിട്ടുണ്ട്. പ്രോജക്ട് പ്രകാരം 25,000 രൂപ സബ്സിഡി,25,000 രൂപ ഗുണഭോക്തൃ വിഹിതം. 1,000 കോഴികളുടെ പുതിയ ഫാം ആരംഭിക്കുന്ന സമയത്ത്,1000 കോഴികളെ പർച്ചേസ് നടത്തുന്ന സമയത്ത് 25,000 രൂപ സബ്സിഡി നൽക്കാനാണ് പ്രോജക്ടിൽ ലക്ഷ്യമിട്ടിരുന്നത്.മൊത്തം 2,75,000 രൂപ താഴെ കാണിച്ച 11 ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്.

| ക്ര നം | ഗുണഭോക്താക്കളുടെ പേർ | നൽക്കിയ തുക |
|---|---|---|
| 1 | ത്രേസ്യമ്മ | 25000 |
| 2 | ബിൻസി | 25000 |
| 3 | ലിൻസി | 25000 |
| 4 | മാർഗ്ഗരെറ്റ് ജോസഫ് | 25000 |
| 5 | ഷൈല റോയി | 25000 |
| 6 | മേരി | 25000 |
| 7 | സിമിലി | 25000 |
| 8 | ജെസ്സി | 25000 |
| 9 | ലിസ്സി | 25000 |
| 10 | ലൈസമ്മ | 25000 |
| 11 | ബ്രജിത | 25000 |

| | | |
|---|---|---|
| | ആകെ | 2,75,000 |

ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ വിവരിച്ച അപാകതകൾ കാണുകയുണ്ടായി.

(1) 1000 കോഴികൾ വാങ്ങിയതിന്റെ രേഖ 11ഗുണഭോക്താക്കളും ഹാജരാക്കിയിട്ടില്ല.25,000 രൂപ ഗുണഭോക്തൃ വിഹിതം ചെലവ് ചെയ്തതിനു രേഖകളില്ല.25,000 രൂപ സബ്സിഡി തുക കോഴികളെ വിൽപ്പന നടത്തുന്ന സ്ഥാപനത്തിനു നൽകാതെ ഗുണഭോക്താവിനു നേരിട്ട് നൽകിയിട്ടുണ്ട്.ഇത് ഗുരുതരമായ അപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു.

(2) 1,000 കോഴികളെ വളർത്തനുള്ള ഷെഡ് ഇതര ഭൗതിക സാഹചര്യം സംബന്ധിച്ച രേഖ ഹാജരാക്കുകയോ വെറ്റി.സർജൻ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

(3) കോഴികൾക്ക് വാക്സിനേഷൻ നൽകിയതിന്റെ രേഖ ,പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്ട്സ് , പ്രോജക്ടിന്റെ മോണിറ്ററിങ്ങ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.2016-17 വർഷത്തിൽ ണ ലൈസൻസ് എടുത്തിട്ടുള്ളവർക്കും ധനസഹായം നൽകിയതായി കാണുന്നു.
വനിതകൾക്ക് പുതിയതായി തൊഴിൽ സംരംഭം (പൗൾട്രി ഫാം) തുടങ്ങുന്നതിനുള്ള പദ്ധതി തുക ദുരുപയോഗം നടത്തിയതായി ഓഡിറ്റ് അഭിപ്രായപ്പെടുന്നു.ഈ പദ്ധതിയെ കുറിച്ച് വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി,പഞ്ചായത്ത് ഭരണ സമിതി വിശദമായ അന്വേഷണം നടത്തേണ്ടതുംമാണ് .അപാകതകൾ കാരണം ചെലവ് തുക 2,75,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് അന്വേഷണം നം.19 തീയതി 30-10-2018 )

## 3-29 വനിതകൾക്ക് ആട് വിതരണം

(നിർവ്വഹണ ഉദ്യോഗസ്ഥൻ- വെറ്ററിനറി സർജൻ)

പ്രോജക്റ്റ് നം 30/18 ചെലവ് 16,00,000 (8,00,000+8,00,000ഗുണഭോക്തൃ വിഹിതം)

| ബിൽ നം/തിയതി | തുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|
| പി1/2017-18 /17-11-2018 | 3,80,000 | 38 |
| പി2/2017-18 /30-1-2018 | 2,20,000 | 22 |
| പി5/2017-18 /24-3-2018 | 2,00,000 | 20 |
| ആകെ | 8,00,000 | 80 |

ആട് വളർത്തൽ പദ്ധതി നടപ്പിലാക്കുന്നതിനായി മുകളിൽ കാണിച്ചത് പ്രകാരം മൊത്തം 8,00,000 രൂപ ട്രഷറിയിൽനിന്നും പിൻവലിച്ച് 80,ഗുണഭോക്താക്കൾക്ക് ആടുകളെ വിൽപന നടത്തിയവർക്ക് നൽകിയിട്ടുണ്ട്.ഈ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ താഴെ നൽകുന്നു.

(1) ആടിന്റെ ഇനം,വാല്യൂവേഷൻ വെറ്റി.സർജൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(2) ഗുണഭോക്താക്കൾ ആടുകളെ ചുരുങ്ങിയത് 1 വർഷംവരെ വളർത്താമെന്ന കരാർ ഉടമ്പടി വച്ചിട്ടില്ല.
(3) പദ്ധതിയുടെ മോണിറ്ററിങ്ങ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.
മുകളിൽ സൂചിപ്പിച്ച അപാകതകൾ കാരണം ചെലവ് തുക 8,00,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് അന്വേഷണം നം.19 തീയതി 30-10-2018)

## 3-30 കാർഷിക മേഖലയിൽ നടപ്പാക്കിയ വിവിധ പദ്ധതികൾ -നടപടിക്രമങ്ങളിൽ ന്യൂനതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ കൃഷി ഓഫീസർ നടപ്പിലാക്കിയ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട ചെലവ് രേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1) വീട്ടുകൾ ഹരിത ഭവനം (പ്രൊ.നം.32/18)

പദ്ധതി പ്രകാരം 35 കർഷകർക്ക് 20000 രൂപ വീതം സബ്സിഡിയിനത്തിൽ അനുവദിച്ചിട്ടുണ്ട്.മഴവെള്ള റീചാർജ്ജിങ്ങ് കുഴി നിർമ്മാണം മറ്റ് ചെലവുകൾ, കമ്പോസ്റ്റ് കുഴി നിർമ്മാണം , ഗ്രോ ബാഗ് തയ്യാറാക്കൽ & പച്ചക്കറി കൃഷി, കന്നുകാലികളെ വാങ്ങൽ തുടങ്ങിയ ഇനങ്ങൾ ഉൾപ്പെടുത്തി കർഷകർ ലഭ്യമാക്കിയ ക്ലെയിം സ്റ്റേറ്റ്മെന്റുകളുടെയടിസ്ഥാനത്തിലാണ് കർഷകർക്ക് സബ്സിഡി അനുവദിച്ചിരിക്കുന്നത്. എന്നാൽ സബ്സിഡി മാർഗ്ഗരേഖയിലെ ചുവടെ ചേർത്ത നിർദ്ദേശങ്ങൾ പാലിച്ചുകാണുന്നില്ല.

എ) വീട്ടു വളപ്പിലെ കൃഷിയോഗ്യമായ എല്ലാ സ്ഥലവും ജൈവകൃഷി നടത്തേണ്ടതാണ് എന്ന നിർദ്ദേശം സാധൂകരിക്കുന്ന പരിശോധന റിപ്പോർട്ടുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.ഓരോ കർഷകരും ഏതൊക്കെ വിളകൾ ജൈവ കൃഷി രീതി അവലംബിച്ച് കൃഷി ചെയ്യുന്നുണ്ട് എന്നത് പരിശോധിച്ച് ഉറപ്പാക്കിക്കാണുന്നില്ല.

ബി).തദ്ദേശ സ്ഥാപനതല മിഷൻ ടീം പരിശോധന നടത്തി കർഷകർക്ക് നിർദ്ദേശങ്ങൾ നല്കിയത് സംബന്ധിച്ച റിപ്പോർട്ടുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

സി). ഹരിത കേരള മിഷൻ പ്രവർത്തനങ്ങളുടെ കാഴ്ചപ്പാടിൽ കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതിക്കനുസരണമായി സബ്സിഡി നിശ്ചയിക്കണം എന്ന നിർദ്ദേശം പ്രാവർത്തികമാക്കിക്കാണുന്നില്ല. പദ്ധതിപ്രകാരം 50 സെന്റ് കൃഷി ഭൂമിയുള്ള വ്യക്തിക്കും 4 ഏക്കർ കൃഷി ഭൂമിയുള്ളയാൾക്കും ഒരേ നിരക്കിൽ പരമാവധി സബ്സിഡി തുകനല്കിയിട്ടുണ്ട്.

ഡി). ബെനിഫിഷ്യറി എൻറോൾമെന്റ് ഫോറം തയ്യാറാക്കിയിട്ടില്ല. പരിസ്ഥിതി സൗഹൃദമായി ചെയ്യാൻ കഴിയുന്ന കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം, ജലവിഭവ സരക്ഷണം, മാലിന്യസംസ്കരണം, ഊർജ്ജ സംരക്ഷണം, ഭക്ഷ്യ സുരക്ഷ തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഒരു പട്ടിക ഗുണഭോക്താവിന് നല്കി അടുത്ത നാലുവർഷങ്ങളിലായി ഗുണഭോക്താവിന് നടപ്പിലാക്കുവാൻ കഴിയുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചിട്ടില്ല.

ഇ) തല്പരരായ ഗുണഭോക്താക്കൾക്ക് ശാസ്ത്രീയമായി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ബോധവത്കരണ ക്ലാസ്സുകൾ നല്കിയിട്ടില്ല.

എഫ്) ഗുണഭോക്താക്കളുടെ ഗ്രൂപ്പുകൾ രൂപീകരിച്ച് സാമൂഹിക സംഘടനകളുമായി ബന്ധിപ്പിച്ചിട്ടില്ല.

ഭാവിയിൽ ഇത്തരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്

2) ഹരിത കേരളം ജല സുരക്ഷ കിണർ റീചാർജ്ജിങ്ങ് (പ്രൊ.നം.248/18)

കാസറഗോഡ് ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ നടപ്പാക്കിയ പദ്ധതിയ്ക്ക് ജില്ലാ പഞ്ചായത്ത് വിഹിതം പത്ത് ലക്ഷം രൂപയും ഗ്രാമപഞ്ചായത്ത് വികസനഫണ്ട് വിഹിതം 110000 രൂപയും വിനിയോഗിച്ചിട്ടുണ്ട്. 154 ഗുണഭോക്താക്കൾക്ക് 7200 രൂപ വീതം സബ്സിഡി ഇനത്തിൽ അനുവദിച്ചിട്ടുണ്ട്. പദ്ധതിയ്ക്ക് സാങ്കേതിക സഹായം തലശ്ശേരി സോഷ്യൽസർവ്വീസ് സൊസൈറ്റിയാണ് നൽകിയതെന്ന് അധികൃതർ സൂചിപ്പിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത ഏജൻസിയെ ഇതിനായി നിയോഗിച്ചത് സംബന്ധിച്ച് ഭരണസമിതി തീരുമാനമോ കൃഷി ഓഫീസറുടെ ഉത്തരവുകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്ത് അസി.എഞ്ചിനിയർ തയ്യാറാക്കിയ എസ്റ്റിമേറ്റും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി അധികൃതർ നല്കിയ പൂർത്തീകരണ സാക്ഷ്യപത്രവും വ്യക്തിഗത അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടുണ്ട്. മേൽ ഏജൻസിയുടെ സേവനം പ്രയോജനപ്പെടുത്താത്ത ചില ഗുണഭോക്താക്കൾ ബന്ധപ്പെട്ട വാർഡ് മെമ്പറുടെ പൂർത്തീകരണ സാക്ഷ്യപത്രമാണ് ലഭ്യമാക്കിരുന്നത്. എന്നാൽ അപേക്ഷകളോടൊപ്പം ഗുണഭോക്താക്കൾ പ്രവൃത്തിക്കായി ചെലവഴിച്ച തുക സാധൂകരിക്കുന്ന ബില്ലുകളോ വൗച്ചറുകളോ സൂക്ഷിച്ചിട്ടില്ല. പ്രസ്തുത ഏജൻസി നല്കിയ പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ പലതും അവ്യക്തമായിരുന്നതിനാൽ ഓഡിറ്റ് വേളയിൽ ഇക്കാര്യം സൂചിപ്പിച്ചതിനെ തുടർന്ന് മുഴുവൻ ഗുണഭോക്താക്കളുടേയും വിവരങ്ങൾ ഉൾപ്പെടുത്തി മൂല്യ നിർണ്ണയ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കൃഷി ഓഫീസർ പരിശോധനയ്ക്ക് ലഭ്യമാക്കുകയുണ്ടായി. കൂടാതെ ബന്ധപ്പെട്ട മോണിറ്ററിങ്ങ് സമിതി സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കുകയുണ്ടായി. എന്നിരുന്നാലും പ്രസ്തുത പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത രേഖകളും വിശദീകരണങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

എ) പദ്ധതിയ്ക്ക് സാങ്കേതിക സഹായം നല്കുന്നതിന് തലശ്ശേരി സോഷ്യൽസർവ്വീസ് സൊസൈറ്റിയെ നിയോഗിച്ചത് സംബന്ധിച്ച ഭരണസമിതി തീരുമാനം, കൃഷി ഓഫീസറുടെ ഉത്തരവ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. കൂടാതെ പ്രസ്തുത ഏജൻസിയെ കിണർ റീ ചാർജ്ജിങ്ങ് യൂണിറ്റുകളുടെ നിർമ്മാണ ചുമതല ഏൽപിച്ചിരുന്നോ എന്നകാര്യവും വ്യക്തമാക്കേണ്ടതാണ്.

ബി) ഗുണഭോക്താക്കൾ പ്രവൃത്തിക്കായി ചെലവഴിച്ച തുക സാധൂകരിക്കുന്ന ബില്ലുകളും വൗച്ചറുകളും അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ , തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി പൂർത്തീകരണ സാക്ഷ്യപത്രം നല്കിയ കേസുകളിൽ (144 ഗുണഭോക്താക്കൾ) , ഇനംതിരിച്ചുള്ള ചെലവ് വിവരം സഹിതമുള്ള പുതുക്കിയ പൂർത്തീകരണ സാക്ഷ്യ പത്രം പ്രസ്തുത ഏജൻസിയുടെ ഔദ്യോഗിക ലെറ്റർപാഡിൽ (ഔദ്യോഗിക മുദ്ര സഹിതം) തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

സി) സ്വന്തമായി നിർമ്മാണം നടത്തിയ ചുവടെ ചേർത്ത ഗുണഭോക്താക്കൾ (തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കാത്തവർ) പ്രവൃത്തിക്കായി ചെലവഴിച്ച തുക സാധൂകരിക്കുന്ന ബില്ലുകളും, വൗച്ചറുകളും കൃഷി ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1)ഷാന്റി അലോഷി, 2)പി.കർമ്മചന്ദ്രൻ നായർ, 3)ജോസഫ്.എം.എം, 4)സി.ഡി.വർഗ്ഗീസ്, 5)ചിത്രു ബാലഗോപാലൻ,

6)പ്രദീപ്.ആർ,7) സുരേഷ്.ജി, 8) ഫിലിപ്പ്.പി.സി, 9) മൻമദൻ.ഇ, 10) അജിത്ത്.വി.

3) സംയുക്ത പദ്ധതിയ്ക്കായി ലഭിച്ച തുകകൾ നിർവ്വഹണ ഉദ്യോഗസ്ഥന്റെ കാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് വർഷം നിർവ്വഹണ ഉദ്യോഗസ്ഥൻ കൃഷി ഓഫീസർ നടപ്പാക്കിയ പച്ചക്കറി വികസന പദ്ധതി, നെൽകൃഷി വികസന പദ്ധതിഎന്നിവയ്ക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച ₹110500 , ₹21,250 എന്നീ തുകകളും, ഹരിത കേരളം ജലസുരക്ഷ പദ്ധതിയ്ക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച പത്ത് ലക്ഷം രൂപയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ ക്യാഷ് ബുക്കിൽ രേഖപ്പെടുത്താതെയാണ് ചെലവഴിച്ചിട്ടുള്ളത്. ക്യാഷ് ബുക്കിൽ ചേർക്കാതെ തുക വിനിയോഗിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 24650 | പ്രൊ.നം.31/18നെൽകൃഷി കൂലിച്ചെലവ് | 24650 | 0 |
| | 2017-18 | 110500 | പ്രൊ.നം.33/18പച്ചക്കറി കൃഷി ക്ലസ്റ്റർ കൂലിച്ചെലവ് | 110500 | 0 |
| | 2017-18 | 325200 | പ്രൊ.നം.248/18ക്ഷീര കർഷകർക്ക് സബ്സിഡി | 325200 | 0 |
| | 2017-18 | 148750 | പ്രൊ.നം.35/18ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 147600 | 900 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 1000000 | പ്രൊ.നം.247/18ഹരിത കേരളം ജലസുരക്ഷ പദ്ധതി | 1000000 | 0 |
| | 2017-18 | 2000000 | പ്രൊ.നം.134/18 കനകപ്പള്ളി ശ്മശാനം | 0 | 2000000 |
| | 2017-18 | 100000 | പ്രൊ.നം.78/18പാലീയേറ്റീവ് പരിചരണം | 100000 | 0 |
| | 2017-18 | 379000 | പ്രൊ.നം.248/18ക്ഷീര കർഷകർക്ക് സബ്സിഡി | 379000 | 0 |

വിവിധസ്ഥാപനങ്ങളിൽ നിന്നും ലഭിച്ച് വിനിയോഗിക്കുവാൻ അവശേഷിക്കുന്ന തുകകൾ എത്രയുംവേഗം വിനിയോഗിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിനിയോഗിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ പ്രസ്തുത തുകകൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരികെ നൽകേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രൊജക്ടിന്റെ പേര് | വൗച്ചർ നം /ബിൽ .നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| KSEB | പ്രൊ.നം 217/18 നാട്ടക്കൽ കൊന്നക്കാട് തെരുവ് വിളക്ക് സ്ഥാപിക്കൽ | 44/11.8.2017 | 8000 | വിനയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല. | 8000 |
| KSEB | പ്രൊ.നം 216/18കനകപ്പള്ളി തെരുവ് വിളക്ക് സ്ഥാപിക്കൽ | 45/11.8.2017 | 10000 | -ടി- | 10000 |
| KSEB | പ്രൊ.നം 238/18കനകപ്പള്ളി തെരുവ് വിളക്ക് മീറ്ററിങ്ങ് ഉപകരണങ്ങൾ | 58/27.9.2017 | 21200 | -ടി- | 21200 |
| KSEB | പ്രൊ.നം 239/18 കൊന്നക്കാട് തെരുവ് വിളക്ക് മീറ്ററിങ്ങ്ഉപകരണങ്ങൾ സ്ഥാപിക്കൽ | 59/27.9.2017 | 31,800 | -ടി- | 31,800 |
| ക്രൂസ് കാസറഗോഡ് | പ്രൊ.നം 27418തെരുവ് വിളക്കുകൾ സ്ഥാപിക്കൽ | 130/28.3.2018 | 400000 | -ടി- | 400000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

## 4-4 വായ്പ /വായ്പതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | ജി.ഒ.(R.t.).നം. 453/10ത.സ്വ.ഭ.വ. തി. 09-02-10 | 1,61,77,500 | 37,61,288 | 3258768 | - | 5,02,520 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 37794രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | 3-8 | 1595 | ശ്രീമതി ജനോവ അസി.എഞ്ചിനിയർ | 117010100287 dtd.02.05.2017 |
| 2012-13 | 3-1 | 10000 | സി.ദാമോദരൻ സെക്രട്ടറി | 117010103361 dtd.06.12.2017 |
| 2014-15 | AG റിപ്പോർട്ട് | 25938 | സി.ദാമോദരൻ സെക്രട്ടറി | 117010103362 dtd.06.12.2017 |
| 2012-13 | - | 109 | സി.ദാമോദരൻ സെക്രട്ടറി | 117010103465 dtd.13.12.2017 |
| 2012-13 | - | 152 | സി.ദാമോദരൻ സെക്രട്ടറി | 117010103465 dtd.13.12.2017 |
| ആകെ | | 37794 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഗ്രാമ പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-2015 | 2(1) | 2016-17 | ഖണ്ഡിക 2 – അനുബന്ധം 4 | തൊഴിൽ നികുതി | തുടരുന്നു |
| 2015-2016 | 2(9), 2(10) | 2016-17 | ഖണ്ഡിക 2 – അനുബന്ധം 5 | തൊഴിൽ നികുതി | തുടരുന്നു |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ 97174265 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ 96063537 |
| വരവിനങ്ങളിലുള്ള നഷ്ടം | 4000/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 258472/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 9045357/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-4 | 4,000 | - | ശ്രീമതി.ലാലി മാണി സെക്രട്ടറി |
| 3-1 | - | 80271 | ശ്രീമതി അരുണിമ ജോസ് അസി.എഞ്ചിനിയർ |
| | | | ശ്രീ.കെ.എം.കുഞ്ഞുമോൻ അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| 3-2 | - | 10015 | ശ്രീ.ദേവദാസ്.പി സെക്രട്ടറി |
| 3-3(1) | - | 44998 | ശ്രീമതി.ലാലി മാണി സെക്രട്ടറി |
| 3-3(2) | - | 23773 | ശ്രീമതി.ലാലി മാണി സെക്രട്ടറി |
| 3-3(3) | - | 34930 | ശ്രീ.ദേവദാസ്.പി സെക്രട്ടറി |
| 3-3(4) | - | 14485 | ശ്രീമതി.ലാലി മാണി സെക്രട്ടറി |
| 3-22 | - | 50000 | ശ്രീ.ജേക്കബ് ഉലഹന്നാൻ വി.ഇ.ഒ |
| ആകെ | 4000 | 258472 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 400000 | ശ്രീമതി ലാലി മാണി സെക്രട്ടറി |
| 3-10 | 108700 | ശ്രീ.എൻ.എ.ജയരാജൻ സെക്രട്ടറി |
| | 112337 | ശ്രീമതി ലാലി മാണി സെക്രട്ടറി |
| 3-11 | 334300 | ശ്രീമതി ലാലി മാണി സെക്രട്ടറി |
| 3-12 | 38116 | ശ്രീ.എൻ.എ.ജയരാജൻ സെക്രട്ടറി |
| | 18000 | ശ്രീ.ദേവദാസ്.പി സെക്രട്ടറി |
| | 93000 | ശ്രീമതി ലാലി മാണി സെക്രട്ടറി |
| 3-14 | 20000 | ശ്രീ.എൻ.എ.ജയരാജൻ സെക്രട്ടറി |
| 3-16 | 386904 | ശ്രീ.എൻ.എ.ജയരാജൻ സെക്രട്ടറി |
| 3-19 | 250000 | ശ്രീ.രാജു.കെ.എസ്. വി.ഇ.ഒ |
| 3-20 | 4775000 | ശ്രീ.ജോക്കബ് ഉലഹന്നാൻ വി.ഇ.ഒ |
| 3-21 | 600000 | ശ്രീ.ജോക്കബ് ഉലഹന്നാൻ വി.ഇ.ഒ |
| 3-23 | 804000 | ശ്രീ.ജോക്കബ് ഉലഹന്നാൻ വി.ഇ.ഒ |
| 3-24 | 30000 | ഡോ.ജയന്തി.എം മെഡിക്കൽ ഓഫീസർ |

| | | |
|---|---|---|
| | | (ആരോഗ്യം |
| 3-28 | 275000 | ഡോ.ടിറ്റോ ജോസഫ് വെറ്റനറി സർജ്ജൻ |
| 3-29 | 800000 | ഡോ.ടിറ്റോ ജോസഫ് വെറ്റനറി സർജ്ജൻ |
| | 9045357 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ലാലിമാണി സെക്രട്ടറി | സെക്രട്ടറി ചെറുപുഴ ഗ്രാമ പഞ്ചായത്ത് | കണ്ടാവനത്തിൽ(വീട്),ചുണ്ട.പി.ഒ, ചെറുപുഴ വഴി, കണ്ണൂർ ജില്ല 670511 |
| ശ്രീ.ദേവദാസ്.പി, സെക്രട്ടറി | സെക്രട്ടറി ഉദുമ ഗ്രാമ പഞ്ചായത്ത് | കലാ നിവാസ്, തെക്കേവളപ്പ് , ചെറുവത്തൂർ.പി.ഒ, കാസറഗോഡ് ജില്ല. പിൻ.671313 |
| ശ്രീമതി അരുണിമ ജോസ് അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ ബളാൽ ഗ്രാമ പഞ്ചായത്ത് | വെള്ളക്കട (വീട്) വള്ളിക്കടവ് , വള്ളിക്കടവ് .പി.ഒ, കാസറഗോഡ് ജില്ല |
| ജേക്കബ് ഉലഹന്നാൻ വി.ഇ.ഒ | വി.ഇ.ഒ മാലോം സർക്കിൾ | മ്ലാൻകുഴിയിൽ(വീട്), പരപ്പ പി,ഒ, പുലിയങ്കുളം, കാസറഗോഡ് ജില്ല പിൻ-671533 |
| കെ.എം.കുഞ്ഞുമോൻ അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ | അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ പരപ്പ ബ്ലോക്ക് പഞ്ചായത്ത് | അജന്ത ഹൗസ്, കറുകയിൽ, തട്ടംപള്ളി, ആലപ്പുഴ പിൻ.680013 |

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1979-80 | എൽ.എഫ്.സി.10/1968/82 dt.02-11-1982 | 1 |
| 1981-82 | എൽ.എഫ്.സി.8/1627/86 dt.05-11-1986 | 1 |
| 1982-83 | എൽ.എഫ്.സി.8/1115/88 dt.09-12-1988 | ഇല്ല |
| 1983-84 | എൽ.എഫ്.സി.7/306/89 dt.26-06-1989 | ഇല്ല |
| 1984-85 | എൽ.എഫ്.സി.7/319/90 dt.31-08-1990 | 4 |
| 1987-88 to1989-90 | LF/KSD. 4/140/98 dt.19-03-1999 | 6 |
| 1990-91 | LF/KSD. 2/98/ dt. 04-05-1999 | 1 |

| | | |
|---|---|---|
| 1991-92 | | |
| 1992-93 to1995-96 | LF/KSD. 5/148/00 dt. 29-04-2000 | 1 |
| 1996-97 (ചെലവ്) | LF/KSD. 5/272/98 dt .07-01-2002 | 1 |
| 1997-98 (ചെലവ്) | LF/KSD. 5/95/02 Dt. 08.01.2013 | 6 |
| 1998-99 | LF/KSD. 3/644/08 dt. 20-04-2009 | 6 |
| 1999-2000 | LF/KSD. 3/645/08 dt. 20-04-2009 | 6 |
| 2000-2001 | LF/KSD. 3/646/08 dt.10-12-2008 | 12 |
| 2001-2002 | LF/KSD. 3/719/09 dt. 20-05-2010 | 3 |
| 2002-03 | LF/KSD. 3/730/09 dt. 20-05-2010 | 1 |
| 2003-04 | LF/KSD. 3/731/09 dt.31-05-2010 | 7 |
| 2004-05 | LF/KSD. 3/732/09 dt.10-05-2010 | 3 |
| 2005-06 | LF/KSD. 6/176/11 dt.13-12-2011 | 8 |
| 2006-07 | LF/KSD. 6/177/11 dt.13-12-2011 | 6 |
| 2007-08 | LF/KSD. 6/689/11 dt.13-12-11 | 5 |
| 2008-09 | LF/KSD. 6-/646/11 dt.13-12-2011 | 8 |
| 2009-10 2010-11 | LF/KSD. 3/596/11 dt. 04-05-2013 | 8 |
| 2011-12 2012-13 | LF/KSD. 7/512/14 dt.14-01-2015 | 25 |
| 2013-14 | LF/KSD. 7/485/14 dt.07.09.2015 | 22 |
| 2014-15 | LF/KSD. 10/795/16 dt.29.07.2016 | 15 |
| 2015-16 | KSA/KSD. 10/61/17 dt.22.05.2017 | 33 |
| 2016-17 | KSA/KSD. 10/1023/17 dt.25.09.2017 | 28 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ പരിഹരിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം-1

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്-4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ.) 1413/2018 /ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ബളാൽ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിലെ ഖണ്ഡിക 1(3) ൽ ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

തീയ്യതി:30-11-2018

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം-2

### റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Balal Grama Panchayat RECEIPT & PAYMENT STATEMENT |
|---|

| For the period from 01-April-2017 to 31-March-2018 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 3192663.00 |
| Cash | Cash | RP-40(a) | 122569.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1296448.00 |
| 130000000 | Rental income from Panchayat Properties | RP-3 | 4500.00 |
| 140000000 | Fees & User Charges | RP-4 | 487769.00 |
| 150000000 | Sale & Hire Charges | RP-5 | 182800.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 72419078.00 |
| 171000000 | Interest Earned | RP-9 | 64841.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 18102261.00 |
| 350000000 | Other Liabilities | RP-36 | 232043.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 42240.00 |
| 340000000 | Deposits Received | RP-34 | 7692.00 |
| 350000000 | Other Liabilities | RP-36 | 370644.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3933949.00 |
| 460000000 | Loans, Advances and Deposits | RP-47 | 30000.00 |
| | Grand total | | 100489497.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2205561.00 |
| 220000000 | Administrative Expenses | RP-12 | 1615161.00 |
| 230000000 | Operations & Maintenance | RP-13 | 694788.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 9670811.00 |

| | | | |
|---|---|---|---|
| 251000000 | Decentralised Plan Programme- Service Sector | RP-16 | 18300999.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 487748.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 3847952.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 18360.00 |
| 255000000 | Maintenance Projects | RP-20 | 20562176.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1425383.00 |
| 350000000 | Other Liabilities | RP-36 | 8169882.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 196172.00 |
| 330000000 | Secured Loans | RP-32 | 3258768.00 |
| 340000000 | Deposits Received | RP-34 | 45149.00 |
| 350000000 | Other Liabilities | RP-36 | 3369125.00 |
| 410000000 | Fixed Assets | RP-38 | 7069464.00 |
| 412000000 | Capital work in Progress | RP-40 | 10156392.00 |
| 430000000 | Stock-in-hand | RP-42 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-43 | 3958667.00 |
| 460000000 | Loans, Advances and Deposits | RP-47 | 1010979.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 4252532.00 |
| Cash | Cash | RP-40(b) | 173428.00 |
| | Grand Total | | 100489497.00 |

## അനുബന്ധം-3

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

Balal Grama Panchayat

INCOME & EXPENDITURE STATEMENT

For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 4418205.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 4500.00 |
| 140000000 | Fee & User Charges | I-4(b) | 593954.00 |

| | | | |
|---|---|---|---|
| 150000000 | Sale & Hire Charges | I-5(b) | 182800.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 141235119.00 |
| 171000000 | Interest Earned | I-8 | 64841.00 |
| 180000000 | Other Income | I-9 | 42240.00 |
| | Total Income | | 146541659.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8221024.00 |
| 220000000 | Administrative Expenses | I-11(b) | 1615161.00 |
| 230000000 | Operations & Maintenance | I-12(b) | 694788.00 |
| 240000000 | Interest & Finance Charges | I-13 | 196172.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 12179317.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 47604675.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 487748.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 11743266.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 42154160.00 |
| 255000000 | Maintenance Projects | I-14(e) | 20562176.00 |
| 272000000 | Depreciation | I-17(a) | 10752853.00 |
| | Total Expenditure | | 156211340.00 |
| | Gross Surplus/ Deficit of income over Expenditure | | -9669681.00 |
| 280000000 | Prior Period Item | I-18 | 484260.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -10153941.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-4

## ബാലൻസ് ഷീറ്റ്

| |
|---|
| Balal Grama Panchayat BALANCE SHEET |
| As on 31-March-2018 |

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -9806879.85 |
| 312000000 | Reserves | B-3 | 71504694.00 |
| | Total Reserve & Surplus | | 61697814.15 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 15088852.00 |
| | Total Grants, Contributions for Specific Purposes | | 15088852.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 502520.00 |
| | Total Loans | | 502520.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 151747.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1764504.55 |
| | Total Current Liabilities and Provisions | | 1916251.55 |
| | TOTAL LIABILITIES | | 79205437.70 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 98553395.00 |
| 411000000 | Accumulated Depreciation | B-11 | -30129164.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 68424231.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |

| | | | |
|---|---|---|---|
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 4830472.70 |
| 440000000 | Pre-paid Expenses | B-16 | 502520.00 |
| 450000000 | Cash and Bank Balance | B-17 | 4425960.00 |
| 460000000 | Loand, Advances and Deposits | B-18 | 1022254.00 |

| | |
|---|---|
| Total Current Assets, Loans and Advances | 10781206.70 |
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 79205437.70 |